
പുസ്തകം 9 ലക്കം 11
ഒക്ടോബർ 2019
വില 15 രൂപ

പുതുതലമുറയ്ക്കായ്

# ഏകതത്വ

മാസിക

Eka Thathwa



ഇരുട്ടിൽ നിന്നും വെളിച്ചത്തിലേക്ക്...






# ഇത് നമ്മുടെ കേരളം

## വനിതകളുടെ ചർച്ചാവേദി



ജമാഅത്തെ ഇസ്ലാമി വനിതാ വിഭാഗം പാലക്കാട് ഫൈൻ സെന്ററിൽ ഒരുക്കിയ ചർച്ച സംഗമത്തിൽ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന പ്രമുഖ വനിതകൾ പങ്കെടുത്തു. മുൻ സംസ്ഥാന വനിതാ കമ്മീഷനംഗം കെ എ തുളസി ടീച്ചർ പരിപാടി ഉദ്ഘാടനം ചെയ്തു. മയക്കുമരുന്നും മദ്യവും കാർന്നു തിന്നുകൊണ്ടിരിക്കുന്ന യുവതലമുറയെ രക്ഷിക്കാൻ ഭിന്നതകൾ മറന്ന് ഓരോ വനിതയും ഒന്നിക്കണമെന്ന് അവർ ഉണർത്തി. ജമാഅത്തെ ഇസ്ലാമി പാലക്കാട് ജില്ല വനിതാ വിഭാഗം വൈസ് പ്രസിഡന്റ് ഹബീബ മൂസ വിഷയാവതരണം നടത്തി. പ്രകൃതി ഭംഗിയിലും സംസ്കാരത്തിലും സമ്പത് സമൃദ്ധമായ പഴയ കേരളത്തിന്റെ ഓർമ്മകളിലൂടെയും ഇപ്പോൾ കേരളത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ദുരന്തങ്ങളുടെ കാരണങ്ങൾ എന്തെല്ലാമാണ് എന്നുള്ള അഭിപ്രായ പ്രകടനങ്ങളിലൂടെയും അവയെ എങ്ങിനെ മറികടക്കാം എന്നുള്ള ആശയങ്ങളിലൂടെയും കടന്നുപോയ സംഗമം മികച്ച നിലവാരം പുലർത്തി. പ്രകൃതി വിഭവങ്ങളുടെ ചൂഷണം, ആധുനിക ഉപകരണങ്ങളുടെ ദുർവിനിയോഗം, എന്തും വെട്ടിപ്പിടിക്കാനുള്ള മലയാളിയുടെ അടങ്ങാത്ത ആർത്തി, ജല ദുർവിനിയോഗം, പരിസ്ഥിതി മലിനീകരണം, പഴമയിലെ നന്മകളെ മറന്ന് പുതിയ കാലഘട്ടത്തിലെ തിന്മകളുടെ പിറകിൽ സഞ്ചരിക്കുന്ന കൗമാരക്കാരും യുവ തലമുറയും തുടങ്ങി വിവിധ വിഷയങ്ങളിൽ മണിയമ്മ ടീച്ചർ, അജിത കെ, ഷീല കുറുപ്പ്, ലക്ഷ്മി കെ, ദിവ, മഞ്ജു, ഷംല ഷൗക്കത്ത്, നൂർജഹാൻ ടീച്ചർ, ജ്യോതി ടീച്ചർ, സിന്ധു വി, ആയിഷ കെ. പി., രതി, സജ്ന എം.എ., മഞ്ജു, സാഹിറ കെ. എസ്, രമ്യ, സിമി, ആമിന യൂനുസ് ഖാൻ, അജിത തുടങ്ങിയവർ സംസാരിച്ചു. മഞ്ജു, ഏക തത്വ മാനേജിങ് എഡിറ്റർ ബിന്ദു എന്നിവരുടെ ഗാനാലാപനം ഈ സംഗമത്തിന് മാറ്റുകൂട്ടി. പുത്തൻ അനുഭൂതിയും ഉണർവ്വും നൽകിയ ഇത്തരം പരിപാടികൾ ഇനിയും ഉണ്ടാകണം എന്ന് എല്ലാവരും ആവശ്യപ്പെട്ടു. ജമാഅത്തെ ഇസ്ലാമി വനിതാ വിഭാഗം പാലക്കാട് ജില്ലാ പ്രസിഡന്റ് സി എം സഫിയ അടിമാലി അധ്യക്ഷത വഹിച്ചു. 21-9-2019ന് ഉച്ചയ്ക്ക് 2.30 മുതൽ 5.30 വരെയായിരുന്നു സംഗമം.

# പുസ്തകപ്രകാശനം

ശ്രീ. ആർ. കെ. വള്ളിച്ചിറയുടെ കവിതാസമാഹാരമായ 'വിഷുപ്പക്ഷി'യുടെ പ്രകാശനകർമ്മം ശ്രീ. ചാക്കോ സി. പൊരിയത്ത്, പാലാ മിൽക്കുബാർ ഓഡിറ്റോറിയത്തിൽ നിർവ്വഹിച്ചു. ശ്രീ. വി. എ. ജോഷി പുസ്തകം ഏറ്റുവാങ്ങി. ശ്രീ. എം. ആർ. ഗോപാലകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പ്രകാശന സമ്മേളനം ബഹു. എം. പി. ജോസ് കെ. മാണി ഉദ്ഘാടനം നിർവ്വഹിച്ചു. ശ്രീമതി. ബിജി ജോജോ മുൻസിപ്പൽ ചെയർപേഴ്സൻ മുഖ്യപ്രഭാഷണം നടത്തി. പ്രസ്തുത സമ്മേളനത്തിൽ ശ്രീ. നാരായണൻ നമ്പൂതിരി, രവി പാലാ, അശോക് കുമാർ, എ. എസ്. കുഴികുളം, ശ്രീമതി. പ്രിയംവദ പെരിങ്ങാല, വിജയൻ പാറത്തോട്, സുകുമാർ അരീക്കുഴ, ശ്രീമതി. ഡി. ശ്രീദേവി, രവി പുലിയന്നൂർ, സക്കറിയാസ് വലവൂർ, പി. എസ്. മധുസൂദനൻ തുടങ്ങിയവർ സംസാരിച്ചു. വി. വി. ശിവൻകുട്ടി, കുമാരി ബിനുശ്രീ തുടങ്ങിയവർ കവിത ആലാപനം ചെയ്തു.



*09-09-2019, ഉച്ചയ്ക്ക് 2 ന്, പാലാ മിൽക്കുബാർ ഓഡിറ്റോറിയത്തിലെ പ്രകാശനചടങ്ങ്*

₹ 15

# ഏക തത്ത്വ

## മാസിക

**പുസ്തകം 9 ലക്കം 11**
**ഒക്ടോബർ 2019**

visit: ekathathwa.blogspot.in

**ചീഫ് എഡിറ്റർ**
ഇ. ടി. മുരളീധരൻ
Mob : 9446443321, 9387118131
Email : muraliet@yahoo.co.in
etmuraliet@gmail.com
Facebook ID : Et murali

**മാനേജിംഗ് എഡിറ്റർ**
ബിന്ദു . കെ

**കവർചിത്രം**
ഉല്ലാസ് ഗോവർദ്ധൻ ആർ

**മരണക്കിടക്കയിൽവെച്ചല്ല യുവത്വത്തിലേ തിരിച്ചറിയുക**

"അറിവിനായ് ജനിച്ചു,
അത് അറിയാതെ അലഞ്ഞു,
വിശപ്പു കൊണ്ട് തളർന്നു,
കാശിനായ് അലഞ്ഞു,
വഴി മാറി മാറി നടന്നു.
നേടിയതോ.... അറിവുമാത്രം."

അഭിപ്രായങ്ങളും രചനകളും അയക്കേണ്ട വിലാസം
**Eka Thathwa, Post Box No. 70**
**Palakkad 678 001**
**വരിസംഖ്യ**
**പോസ്റ്റൽ മണിയോർഡറായി അയക്കേണ്ട വിലാസം :**
E.T Muralidharan
Eka Thathwa
A-9, New Civil Nagar, Behind Civil Station, Palakkad 678001.

Donations and all other payment towards EkaThathwa Should also be made through Bank account Our Bank a/c details: M/s Ekathathwa Current Account Number:33077202787, IFS Code: SBIN 0004925, SBI Civil Station Branch, Palakkad 678 001

You can also use KSFE Palakkad Branch II, Sugama A/c No.3337

**ekathathwa@yahoo.com**
**Website: www.ekathathwa.com**



# ഉള്ളടക്കം

**ലേഖനം**
7 – നോൺ പെർഫോമിങ്ങ് അസറ്റ് – എം. എം. മേനോൻ
10 – ഭാരതീയം – പ്രൊഫ. വി. കെ. എം. നായർ
23 – സ്ത്രീ – എം. എൽ. ശ്യാമള

**കഥ**
18 – തെക്കീട്ടിൽ കഥകൾ – സുരേഷ് തെക്കീട്ടിൽ
28 – പാക്കേജ് – ശ്രീകുമാരി
28 – സുഖമായി ഉറങ്ങട്ടെ – പി. ആർ. ജോസ്
29 – ചക്ക – ടി. കെ. ഉണ്ണികൃഷ്ണൻ
31 – ലൗവ് ആന്റ് ലഞ്ച് വിത്ത് ഫിഷ് ഫ്രൈ – സുധീർ സുലൈമാൻ
35 – അംബാനിയും ഞാനും അലാറവും – പ്രവീൺ പുള്ളോട്
36 – ഒറ്റശില – ഉണ്ണി വിശ്വനാഥ്
40 – നിങ്ങളറിയുമോ വിരൂപേട്ടനെ – ടി. വി. ഹരികുമാർ
41 – തെരുവ് – ശ്രീജ ജയചന്ദ്രൻ

**കവിത**
8 – ചുവരെഴുത്ത് – ബിബിത് പാലക്കാട്
10 – തിരിച്ചറിവ് – മൈമൂന സി. പി.
12 – വൃദ്ധസദനത്തിലെ ഒരു ദിവസം – രാജീവ് മാമ്പുള്ളി
22 – ഓർമ്മ, നിദ്ര – ഷാജു വൈ. ആർ
29 – കാലിക രാഷ്ട്രീയം – മുകുന്ദൻ കുറുവട്ടൂർ
30 – കണ്ടിട്ടും കൊണ്ടിട്ടും – ഇ. എൻ. നാരായണൻ
35 – ചിതാഗ്നി – തുളസി കേരളശ്ശേരി
38 – പൂർവ്വകാലം – അജയ് ബാലചന്ദ്രൻ
41 – ഗുണപാഠം – സൈനുദീൻ മുണ്ടക്കയം
42 – അഞ്ച് ഇരട്ടവരിക്കവിതകൾ – രാജു പാമ്പാടി

**ഓർമ്മച്ചിത്രങ്ങൾ**
9 – കുട്ടിക്കുറുമ്പന്മാർ – മുക്കം ഭാസി

**ഗായകരത്നങ്ങൾ**
13 – മലയാള സിനിമ പിന്നണി ഗാനരംഗത്തെ ആദ്യകാല നക്ഷത്രങ്ങൾ – ടി. വി. നാരായണൻ കുട്ടി

**അനുഭവം**
15 – ചെറിയവരുടെ വലിയ ലോകം – രാജൻ കിണറ്റിങ്കര

**കാഴ്ചയ്ക്ക(ഇ)പ്പുറം**
16 – യാത്രക്കിടയിൽ – രാജേന്ദ്രൻ വയല

**സിനിമ**
19 – ഈ മനോഹരതീരത്തെ തുഷാരം – ഇന്ദു മാരാത്ത്

**യാത്രകളിലൂടെ**
21 – സൂര്യക്ഷേത്രത്തിലേക്ക് ഒരു യാത്ര – ഡോ. സുനീത് മാത്യു

**പൊതുവിജ്ഞാനം**
22 – പൊതുവിജ്ഞാനം – നൗഷാദ് ഖാൻ

**വിജ്ഞാനച്ചെപ്പ്**
23 – നാടിനെ അറിയാം, നാട്ടാരേം – ഡോ. ഒ. സി. പ്രമോദ്

**ദൈവനാമത്തിൽ**
26 – ഈശ്വരനിഷ്ടം – മുഹമ്മദ് കനി

**പാചകം**
32 – കടല ചുണ്ടൽ – ജയ ചന്ദ്രൻ

**ആരോഗ്യം**
39 – മാനസിക രോഗലക്ഷണങ്ങളിൽ കണ്ടുവരുന്ന ചില പ്രത്യേകതകൾ – ഡോ. സി. രാമകൃഷ്ണൻ

**ദർശനഭൂമിയിലൂടെ**
42 – പ്രഭാഷണം വാക്കും പ്രവൃത്തിയും – ജയൻ പുതുമന



ഇ. ടി. മുരളീധരൻ

# ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക്...

**ചു**വപ്പ്, മഞ്ഞ, നീല എന്നീ
നിറങ്ങളുണ്ടെങ്കിൽ നമുക്ക് ബാക്കി
യുള്ള എല്ലാ നിറങ്ങളും ഉണ്ടാക്കാം.
ഈ മൂന്ന് നിറങ്ങളേയും സമാസമമെ
ടുത്ത് ഒന്നിച്ചുചേർത്ത് ഇളക്കിയാൽ
നമുക്ക് കറുപ്പുനിറം കിട്ടും. കറുപ്പ് എ
ന്നത് അറിവില്ലായ്മയുടെ, ദുഃഖത്തി
ന്റെ പ്രതീകമായി നാം കണക്കാക്കു
ന്നു. സംഭവം ശരിയാണ് എന്തെന്നാൽ
എല്ലാ കളറുകളും ഒന്നായി, കറുപ്പായി
പരിണമിച്ചു. ഇനി ഇതിനെ എങ്ങിനെ
വേർതിരിക്കാനാകും എന്ന ചിന്ത ദുഃഖ
ത്തെ തന്നേക്കാം. ഏകനായ ദൈവ
ത്തെ ഒഴിച്ച് ബാക്കിയുള്ള എല്ലാത്ത
ിനേയും ഇങ്ങിനെ ഒന്നാക്കാൻ നോ
ക്കിയാൽ അത് ഒരു ബുദ്ധിമുട്ടായി
ത്തീരും.

കറുപ്പിൽ, ഇരുട്ടിൽ എല്ലാ
നിറങ്ങളും നിഷ്പ്രഭം. നിങ്ങൾ ന്യൂട്ട
ൺസ് ഡിസ്ക് കണ്ടിട്ടുണ്ടോ ? ജലക
ണികകളിൽ സൂര്യപ്രകാശം പതിക്കു
മ്പോഴാണ് ഏഴുവർണ്ണമുള്ള മഴവില്ല്
ഉണ്ടാകുന്നത്. അത് കാണണമെങ്കിൽ
മഴക്കാറുമൂടിയ കറുത്ത അന്തരീക്ഷ
ത്തിലൊരു ചെറു ചാറ്റൽ മഴയും അ
തോടൊപ്പം നേരിയ സൂര്യപ്രകാശവും
വേണം. ഇങ്ങനെ രൂപപ്പെടുന്ന ഏഴു
വർണ്ണങ്ങളെ വൃത്താകൃതിയിലുള്ള
ഒരു കാർഡ്ബോർഡിൽ തുല്യവലു
പ്പമുള്ള ത്രികോണങ്ങൾ വരച്ച് അതിൽ
ഈ നിറങ്ങൾ പെയിന്റ് ചെയ്തശേ
ഷം മധ്യത്തിലൂടെ ഒരു കമ്പ് കയറ്റി
ഈ അച്ചുതണ്ടിൽ നിർത്തി ഒന്ന് കറ
ക്കി നോക്കൂ. എല്ലാ നിറവും യഥാർ
ത്ഥത്തിൽ ചേരാതെ തന്നെ വെള്ള
എന്ന നിറമായി അനുഭവപ്പെടും. കറ
ക്കത്തിന്റെ വേഗത കുറച്ച് പൂർവ്വസ്ഥി
തിയിലെത്തിയാൽ എല്ലാ നിറങ്ങളും
നമുക്ക് ദൃശ്യമാകും. പതിവിൽ നിന്ന്
വ്യത്യസ്തമായി എന്താണീ എഴുതിയി
രിക്കുന്നതെന്ന് ഒരുപക്ഷെ നിങ്ങൾ
ചിന്തിച്ചേക്കാം. പക്ഷെ കാര്യമുണ്ട്.

എല്ലാ ഭാഷയ്ക്കും അതിന്റേ
തായ ഭംഗിയുണ്ട്, ആവശ്യങ്ങളുണ്ട്.
അതിൽ ഏറ്റവും ശ്രേഷ്ഠമായത് ഇന്ന
താണെന്ന് പറയാനാകില്ല. ഏറ്റവും കൂ
ടുതൽ ആളുകൾക്ക് അറിയാവുന്ന ഭാ
ഷയായി ചൈനീസ് ഭാഷയും തൊട്ടു
പുറകിൽ ഇംഗ്ലീഷ് ഭാഷയുമുണ്ട്. ഓ
രോ രാജ്യത്തിനും അവരുടേതു മാത്ര
മായ ഭാഷകളുണ്ട്, സംസ്കാരങ്ങളു
ണ്ട്, ഭക്ഷണരീതികളുണ്ട് പക്ഷെ നമ്മു
ടെ നാടിന്റെ പ്രത്യേകത തന്നെ നാനാ
ത്വത്തിലെ ഏകത്വമല്ലേ. അത് ന്യൂട്ടൻ
ഡിസ്ക് കറങ്ങുമ്പോൾ ലഭിക്കുന്ന വെ
ള്ള നിറം പോലെ പരിശുദ്ധമാണ്. വെ
ള്ള നിറം അറിവിന്റേയും സമാധാന
ത്തിന്റേയും പ്രതീകമാണല്ലോ. അതാ
ണ് മറ്റു രാജ്യങ്ങൾ നമ്മളെ അംഗീക
രിക്കുകയും ബഹുമാനിക്കുകയും ചെ
യ്യുന്നതിനുപിന്നിലെ രഹസ്യം. പക്ഷെ
നാം ഇന്ന് സ്വയം സങ്കുചിതരാകാൻ
വേണ്ടി ശ്രമം നടത്തിക്കൊണ്ടുവരു
ന്നു. ഒരേതരം ഭക്ഷണം കഴിക്കണം,
ഒരേപോലെ വസ്ത്രമിടണം, ഒരേ ഭാഷ
സംസാരിക്കണം തുടങ്ങി നമ്മൾ അറി
വില്ലായ്മയിലേയ്ക്ക്, സമാധാനക്കേ
ടിലേയ്ക്ക് കൂപ്പുകുത്താൻ തുടങ്ങിയി
രിക്കുന്നു. എല്ലാ നിറത്തിനേയും ഒരു
പാത്രത്തിലിട്ട് ഇളക്കിയാൽ അറിവില്ലാ
യ്മയുടെ നിറമായ, പിന്നീട് വേർതിരി
ക്കാൻ കഴിയാത്ത വിധം ഭംഗിയും അ
സ്തിത്വവും നഷ്ടപ്പെട്ട കറുപ്പുനിറം
ആകും. അതുപോലെ നാനാത്വത്തി
ലെ ഏകത്വത്തെ നശിപ്പിക്കാൻ ശ്രമം
നടക്കുന്നു. എതിർക്കണം, എതിർത്തേ
പറ്റൂ.

എല്ലാറ്റിനേയും ഒരുപോലെ
ഒരുകാലത്തും ആക്കാനാകില്ല. കൈ
വിരലുകളെ നോക്കുക, കൈരേഖക
ളെ, കണ്ണിലെ രേഖകളെ നോക്കുക.
ദൈവം എല്ലാം വ്യത്യസ്തങ്ങളായാണ്
സൃഷ്ടിച്ചിരിക്കുന്നത്. ഒന്ന് മറ്റൊന്നിന്
വേണ്ടി സൃഷ്ടിക്കപ്പെട്ടിരിക്കുകയാ
ണ്. ഈ വ്യത്യസ്തതയിലാണ് നമുക്ക്
മനസ്സിലാക്കാനും നേടാനുമായിട്ടുള്ള
അറിവുകളെ കരുതിവെച്ചിരിക്കുന്നത്.
അതുകൊണ്ടാണ് ഓരോരുത്തർക്കും
ഓരോ തരത്തിലുള്ള അനുഭവം ഉണ്ടാ
കുന്നത്. ആ അനുഭവങ്ങൾ മറ്റൊരാൾ
ക്ക് ഉണ്ടാകണമെന്നില്ല. അതുകൊണ്ട്
ഉപദേശിക്കാനല്ല നമ്മൾ വന്നത്. കാ
ണാനാണ്, മനസ്സിലാക്കാനാണ്. സ്വ
യം നല്ലതിലേയ്ക്ക്, നന്മയിലേയ്ക്ക് യ
ഥാർത്ഥ പൊരുളായി തീരാനാണ് ശ്രമി
ക്കേണ്ടത്. എന്തായാലും ഒടുവിൽ അ
ത് ആവുകയും ചെയ്യും. പക്ഷേ ബലം
പിടിച്ച്, ടെൻഷനടിച്ച് ജീവിച്ച് സുഖമു
ള്ള യാത്രയെ എന്തിന് നാം തന്നെ ദു
ഷ്കരമാക്കണം.

ഞാൻ ഒരു ഡിസംബറിൽ
കൊടൈക്കനാലിൽ പോയി. മഞ്ഞുമൂ
ടിയ അന്തരീക്ഷം. പലതും നേരാം
വണ്ണം കാണാനായില്ല. എന്നാൽ കാ
ണാൻ കഴിഞ്ഞ ഭാഗങ്ങൾ വെച്ച് കാ
ണാനാകാത്തവയെ ഞാൻ തന്നെ മന
സ്സിൽ സൃഷ്ടിച്ച്. ആ സ്ഥലത്തെ അ
ങ്ങ് വല്ലാതെ ഇഷ്ടപ്പെട്ടു. എനിക്ക്
ജീവിതത്തിൽ ഒരു സെന്റ് (cent) ഭൂമി
വാങ്ങാനാകുമെങ്കിൽ ദൈവം നിർമ്മി
ച്ച ഈ കൊടൈക്കനാലിൽ വാങ്ങണ
മെന്ന് തോന്നി. വീട്ടിൽ മടങ്ങിയെത്തി.
വീട്ടിലുള്ളവർ ഈ സ്ഥലം ഇതുവരെ
കണ്ടിട്ടില്ലല്ലോ അവരെ എങ്ങിനെയെ
ങ്കിലും കൂട്ടിക്കൊണ്ടുപോയി ഇതൊ
ന്ന് കാണിക്കണമെന്ന് കരുതിയിരിക്കു
മ്പോൾ അതിനായൊരു സന്ദർഭം
ഒത്തുവന്നു. സീസണാണ്, എല്ലാവരും
കൊടൈക്കനാൽ കാണാൻ പോകുന്ന
സീസൺ. ഞാൻ വളരെയധികം സ
ന്തോഷിച്ചു കാരണം കാണേണ്ട സീസ
ണിലാണ് ഞാൻ പോകുന്നത്. എന്താ
യിരിക്കും ആ കാഴ്ച ? ഡിസംബറിൽ
പോയിട്ടുതന്നെ എന്തൊരു ഭംഗിയാ
യിരുന്നു. എപ്രിലിൽ ആ സ്ഥലം കൂടു
തൽ ഭംഗി ഉണ്ടാകും. അതല്ലേ എല്ലാ
വരും അങ്ങോട്ടേയ്ക്ക് ഈ ഏപ്രിൽ
മെയ് മാസങ്ങളിൽ പോകുന്നത്. ഞാ
ൻ കുടുംബത്തോടൊപ്പം കാറിൽ കൊ
ടൈക്കനാലിലെത്തി. ആദ്യം ഒരു റൂം
വാടകയ്ക്കെടുക്കാനായി ചെന്നു. 300
രൂപയുണ്ടായിരുന്ന റൂമിന് 1800 രൂപ
യായിരിക്കുന്നു. മാത്രവുമല്ല രാവിലെ
6 മണിക്കാണ് ചെക്കൗട്ട് ടൈം. ഞ

ങ്ങൾ അവിടെ എത്തിയത് രാത്രി 10.30ന്. രാത്രിയിൽ റൂം എടുക്കാതെ പറ്റില്ല പക്ഷെ റൂം എടുത്താലും യാത്രാക്ഷീണമൊന്ന് മാറി കാഴ്ച കാണാൻ ഇറങ്ങാനാവില്ല കാരണം രാവിലെ 6 വരെയാണ് ടൈം. അതുകഴിഞ്ഞാൽ ആ റൂം ഒഴിവില്ലത്രെ. വേറെ ആളുകൾ ഓൺലൈനിൽ ബുക്ക് ചെയ്തിട്ടുണ്ട്. എന്തുചെയ്യും ? രാവിലെ വെളുപ്പിനേ എഴുന്നേറ്റ് റൂം വെക്കേറ്റ് ചെയ്ത് കാറിൽ കയറി കാഴ്ച കാണാൻ പുറപ്പെട്ടു. വാഹനങ്ങളെക്കൊണ്ടും ആളുകളെക്കൊണ്ടും റോഡ് നല്ല ബ്ലോക്ക്. വശങ്ങളിൽ നല്ല താഴ്ച്ച. പോരാത്തതിന് കാറ് ചെറുതായൊന്ന് പണിമുടക്കി, പിന്നെ തനിയെ ശരിയായി. ആകെ ഒരു സമാധാനക്കേട്. എങ്കിലും എല്ലാ സ്ഥലവും നടന്നു കണ്ടു. പക്ഷെ ഡിസംബറിൽ കണ്ട ഭംഗി ഒരിടത്തും തോന്നിയില്ല കാരണം പണ്ട് മഞ്ഞുമൂടി കാണാതിരുന്ന ഭാഗങ്ങൾ വളരെ വ്യക്തമായി കണ്ടപ്പോൾ ആകെ ദുഃഖം തോന്നി. ചപ്പുചവറുകളും പ്രാഥമിക കർമ്മങ്ങൾ ചെയ്യുന്ന കുറേ ആളുകളുടെ ദൃശ്യവും എല്ലാം വേദനിപ്പിച്ചു. എല്ലായിടത്തും തിരക്ക്, വൃത്തിയില്ലായ്മ ഹോട്ടലിലാണെങ്കിൽ ഭക്ഷണത്തിനെല്ലാം അമിതവില. എങ്ങിനെയൊക്കെയോ ഞങ്ങൾ ആ പകൽ കഴിച്ചുകൂട്ടി രാത്രി 9ന് മടങ്ങി. എല്ലാവരും കാറിൽ കയറി ക്ഷീണിതരായി ഉറങ്ങി. ഡ്രൈവർ ആയ എനിക്ക് ക്ഷീണമുണ്ടെങ്കിലും ചിന്തകൾ കാരണം വീടെത്തിയത് അറിഞ്ഞില്ല. കണ്ടത് മനോഹരം കാണാത്തത് അതിമനോഹരം എന്നത് ശരി തന്നെയാണെന്ന് എനിക്ക് തോന്നി. ഈ കാര്യവും ഇതിനിടയ്ക്ക് എന്തിന് പറയുന്നു എന്നു ചിന്തിച്ചുവോ ? കാര്യമുണ്ട്. ഇതുപോലെയാണ് നമ്മൾ നമ്മളെ വെളിപ്പെടുത്തുമ്പോൾ ചിലപ്പോൾ മറ്റുള്ളവർ നമ്മേ വില കുറച്ചു കാണാൻ വഴിയുണ്ട്. കുറച്ചുമാത്രം കാച്ചിക്കുറുക്കി സംസാരിക്കുകയും സ്വന്തം പണികൾ വളരെയധികം ശ്രദ്ധയോടേയും ചെയ്യുക എന്നതാണ് മഹത്തരം. കർത്തവ്യങ്ങൾ ചെയ്യാതെ, ഇവിടെയുള്ള കാഴ്ചകൾ കാണാതെ, അതിനെ നിലനിർത്താൻ ശ്രമിക്കാതെ മറ്റുസ്ഥലങ്ങൾ കാണാൻ ഇറങ്ങുമ്പോൾ വേറെ കുഴപ്പമൊന്നുമില്ല പണവും സമയവും നഷ്ടപ്പെട്ടാലും സന്തോഷം കിട്ടുമായിരിക്കും പക്ഷെ ജീവിതത്തിൽ ആർഭാടം കൂടും. അവിടം എങ്ങിനെയാണ്, എത്ര കാലമെടുത്തിട്ടാണ് ഇങ്ങിനെ ആയതെന്നോ, എല്ലാ സമയത്തും ഇതുപോലെ തന്നെയാണോ എന്നൊന്നും ചിന്തിക്കാതെ, അതെല്ലാം ഇവിടേയും വേണമെന്ന് ആഗ്രഹിക്കും. അതിനായി ശ്രമിക്കും. അത് പൊല്ലാപ്പാകും. മഞ്ഞുള്ള രാജ്യങ്ങളിൽ പകലിൽ ലൈറ്റ് ഇട്ട് വണ്ടി പോകുന്നത് കണ്ട് ഇവിടേയും നാം പകലിൽ ലൈറ്റ് ഇട്ട് വേണം പോകാൻ എന്ന് തീരുമാനിച്ചതുപോലെ എന്തൊക്കെയോ ഒരു അപാകത.

പഠിപ്പും വിവരവുമില്ലാത്ത ഒരാൾ സായിപ്പിനെ പോലെ കോട്ടും സൂട്ടും ടൈയുമിട്ട് എന്റെ അടുത്തു വന്നു. ഞാൻ ഒന്ന് പരിഭ്രമിച്ചു. ഇതാരപ്പാ, ഇംഗ്ലീഷിലാവുമോ ചോദ്യം ? കേരളത്തിലെ ഓരോ ജില്ലയ്ക്കും ഓരോ ശൈലിയിലുള്ള ഭാഷയുണ്ട്. തനിനാടൻ ഭാഷ. അതുകേട്ടാൽ നമുക്ക് ചിരി വരും. അതുപോലെ ഒരു ശൈലിയിലാണ്, ഭാഷയിലാണ് അയാൾ സംസാരിച്ചുതുടങ്ങിയത്. ഇട്ട ഡ്രസ്സിന്റെ വില കളഞ്ഞു. ഞാൻ അയാളെ അളന്നു. അതുപോലെയാവാതെ നോക്കണം പ്രത്യേകിച്ച് ഉന്നത പദവി അലങ്കരിക്കുന്നവർ. അധികം സംസാരിക്കാതിരിക്കുന്നതും വേഷം കെട്ടി നടക്കാതിരിക്കുന്നതും നല്ലതാണ്. അല്ലാത്ത പക്ഷം നമ്മുടെ നാടിന്റെ വില നഷ്ടപ്പെടും.

എത്ര വലിയ ശത്രു ആയിരുന്നാലും വീട്ടിൽ വന്നാൽ നാം ഇരിക്കാൻ പറയും. അതുപോലെ രാജ്യങ്ങളായ രാജ്യങ്ങളിലേയ്ക്ക് നമ്മുടെ പ്രതിനിധി ചെന്നാൽ എല്ലാവരും കൈ കൊടുത്ത് സ്വീകരിക്കും. അതൊന്നും അത്ര വലിയ കാര്യമായി കാണേണ്ടതില്ല. പണ്ട് സോഷ്യൽ മീഡിയയും പത്ര-ദൃശ്യ മാധ്യമങ്ങളും ഇത്രയേറെ ഇല്ലാതിരുന്നതിനാൽ അതൊന്നും നാം അറിഞ്ഞിരുന്നില്ല. വീട്ടിൽ പ്രശ്നങ്ങളുണ്ടാകുമ്പോഴെല്ലാം വിഷയം മാറ്റാൻ അതിൽ നിന്നെല്ലാം ഒളിച്ചോടി കൂട്ടുകാരന്റെ വീട്ടിൽ പോയിരുന്ന് കഥ പറഞ്ഞ് കൈയടി വാങ്ങുന്നവരുണ്ട്. സ്വന്തം കുടുംബത്തിൽ നിന്നാണ് ആദ്യം അംഗീകാരം കിട്ടേണ്ടത്. അല്ലാതെ ലോകം മുഴുവൻ അംഗീകരിക്കുമ്പോഴും സ്വന്തം വീട്ടിലെ ഒരു കുഞ്ഞുപൈതലിന്റെ മനസ്സിൽ തട്ടിയുള്ള ഒരു ചെറു ചോദ്യം കൊണ്ട് നേടിയെടുത്തതെല്ലാം എല്ലാം നഷ്ടപ്പെടാനിടവരരുത്.

പരിഷ്ക്കാരങ്ങൾ നല്ലതാണ്. മാറ്റം എല്ലാവർക്കും ഇഷ്ടമാണ്. പക്ഷെ നല്ലതാവണം, നല്ലതിനാവണം. ഒരു റൂമിലെ ഫർണ്ണീച്ചറുകളുടെ കളർ മാറ്റിയിട്ടും അല്ലാതേയും വേറൊരു രീതിയിൽ ക്രമീകരിക്കുന്നത് വലിയ കാര്യമല്ല പക്ഷെ പുതിയത് ഒന്ന് സൃഷ്ടിക്കലാണ് പ്രയാസം. പുതിയ പെയിന്റ് അടിച്ചിട്ട് വലിയ പ്രയോജനം ചെയ്യില്ല. കളറിന്റെ പുതുമ മാത്രം ആസ്വദിച്ചേക്കാം. പക്ഷെ ഗുണം പഴയതുതന്നെയല്ലേ. ഭരണകർത്താക്കൾ പുതിയ കാര്യങ്ങൾ വേണം ചെയ്യാൻ. പഴയതിനെ പേരുമാറ്റി കളറു കൊടുത്ത് വീമ്പ് പറയാതിരിക്കുന്നതാണ് ബുദ്ധി.

ഒരു സുപ്രഭാതത്തിൽ കാര്യങ്ങൾ നടപ്പിലാക്കാനാകില്ല. സാവധാനം സംഭവിക്കുന്ന മാറ്റങ്ങളാണ് നല്ലത്. ഒരു സംവിധാനം എടുത്തുമാറ്റുമ്പോൾ അതിലും നല്ലൊരു സംവിധാനം വേണം കൊണ്ടുവരാൻ, നന്നായി പഠിച്ചിട്ടുവേണം പലതിലും മാറ്റം വരുത്തുവാൻ. പക്ഷെ ഇവിടെ, മാറ്റം വരുത്തിയ ശേഷം പഠിക്കാൻ പോകും. അതാണ് കുഴപ്പം. ക്ഷമയില്ലല്ലോ. എല്ലാം തകിടം മറിച്ച് മേൽപ്പോട്ട് നോക്കിയിരിപ്പാണ്. സാമ്പത്തിക പ്രതിസന്ധി രൂക്ഷം. റിസർവ്വ് ബാങ്കിന്റെ റിസർവ്വ് പോയി. ഇപ്പോൾ വെറും ബാങ്ക് മാത്രമായി. അതിനി എത്രനാൾ തുടരുമോ എന്തോ. അത്യാവശ്യ ഘട്ടങ്ങളിൽ ചിലവാക്കാൻ കരുതിവെച്ച പണമാണ് പോയത്. ഇനി എന്തുചെയ്യും ? ഒന്നും ചെയ്യാനുമില്ല. എടുത്തവർ എന്തെങ്കിലും ചെയ്തുകൊള്ളും. എല്ലാറ്റിനും പണം വേണം. അവാർഡും അംഗീകാരവും വരെ കാശു കൊടുത്താലേ കിട്ടൂ എന്ന കാലഘട്ടത്തിലാണ് നാം. കൂടുതലായി ഒന്നും പറയുന്നില്ല. സാക്ഷീഭാവവും മൗനവുമാണ് നല്ലത്. എന്തായാലും പണ്ട് ബുദ്ധിപൂർവ്വം സ്വാർത്ഥപരമായി കാര്യങ്ങൾ ചെയ്ത് വിലസി നടന്ന ഒരാൾ ജയിലിലാണ്. കറുപ്പ് വെളുപ്പിക്കാൻ കെട്ടിയ, വാങ്ങിയ മരടിലെ ഫ്ളാറ്റും തത്ക്കാലത്തേക്ക് രക്ഷപ്പെടാൻ കെട്ടിയ പാലാരിവട്ടത്തെ പാലവുമെല്ലാം തെറ്റുകൾ ചെയ്യുന്നവർക്ക്, ചെയ്യാനൊരുങ്ങി നിൽക്കുന്നവർക്ക് വലിയൊരു പാഠം നൽകുന്നുണ്ട്. സത്യത്തിൽ ഇവിടെ ആരും രക്ഷപ്പെടുന്നില്ല. പിടിക്കപ്പെട്ടവനും പിടിക്കപ്പെടാത്തവനും ശിക്ഷ ലഭിക്കുന്നുണ്ട്. മനസ്സാക്ഷി വെറും ഒരു സാക്ഷി മാത്രമല്ലെന്നപ്പോഴറിയും.

എ. ടി. എം. കാർഡ്, റേഷൻ കാർഡ്, ആധാർ കാർഡ്, ഭൂമിയിടപാട്, എന്തായാലും ഇറങ്ങിത്തിരിച്ചാൽ എന്തിനും ഏതിനും ക്യൂ നിൽക്കണം. ഒരുദിവസം അങ്ങിനെ മെനക്കേടാ

കും. എല്ലാം ഓൺലൈൻ ആകുമ്പോൾ എല്ലാം ശരിയാവും എന്ന് നാം കരുതി. ക്യൂ നിൽക്കാതെ കഴിയും പക്ഷെ ഇന്റർനെറ്റ് ഓൺ ആയാലെ ഓൺലൈനിൽ കയറാൻ സാധിക്കൂ. ഇപ്പോൾ എല്ലാവരും കംപ്യൂട്ടറിന്റെ മുന്നിലിരിപ്പാണ്. സർവ്വർ ഡൗൺ ആണ്, നെറ്റ്വർക്ക് സ്ലോ ആണ്, പ്രിന്റർ കേടാണ് എന്നെല്ലാം പറഞ്ഞ് ഇരിക്കുന്ന സമയം വേണ്ട പഴയതുപോലെ പേന എടുത്ത് രശീതി തരാൻ പക്ഷെ ഇന്ന് എല്ലാം ഓൺലൈൻ ആണ് ചെയ്യേണ്ടത്. നമ്മൾ ശരിക്കും പുതിയ കണ്ടുപിടുത്തത്തിലൂടെ സമയം ലാഭിക്കുകയാണോ ചെയ്തത് അതോ നഷ്ടപ്പെടുത്തുകയോ ? ക്രിയാത്മകമാക്കുകയാണോ ചെയ്തത് അതോ മടിയന്മാരാക്കി തീർക്കുകയാണോ ?

പണ്ടത്തെ കംപ്യൂട്ടറുകളെ അപേക്ഷിച്ച് എത്രയോ മടങ്ങ് സ്പീഡുള്ള കംപ്യൂട്ടറുകളാണ് ഇന്ന്. എന്നിട്ടും എന്തേ സ്പീഡ് പോരാത്തത്. ഒട്ടകത്തിന് സ്ഥലം കൊടുത്തതുപോലെ എന്ന് കേട്ടിട്ടുണ്ടോ. അതുപോലെ സ്പീഡ് ഉള്ള കംപ്യൂട്ടറുകൾ വരുമ്പോൾ ഫീച്ചേഴ്സ് കൂടിയ സോഫ്റ്റ് വെയറുകൾ അതിനായി നിർമ്മിക്കും. പഴയ സോഫ്റ്റ് വെയറുകൾ വർക്ക് ചെയ്യാതാകും. പുതിയതിട്ടാൽ കംപ്യൂട്ടർ സ്പീഡ് മിതമാകുകയും ചെയ്യും. എല്ലാം ബിസിനസ്സ് ഐഡിയ. ഇടയ്ക്കിടെ പുതിയവ വാങ്ങേണ്ട സ്ഥിതിയായി. പഴയവ ഇ-വെയിസ്റ്റായി, ഭൂമിയ്ക്ക് ഭാരമായി ഉപേക്ഷിക്കപ്പെടുന്നു. പ്ലാസ്റ്റിക് ക്യാരിബാഗ് ഉപയോഗിക്കാൻ പാടില്ല പക്ഷെ ഒട്ടുമിക്ക സാധനങ്ങളും പ്ലാസ്റ്റിക് പാക്കറ്റിലാണ് വരുന്നത്. അതിന് നിരോധനമില്ല താനും. ശരിക്കും എല്ലാ വീടുകളിലും പ്ലാസ്റ്റിക്കിനെ സംസ്കരിക്കാൻ ഒരു യന്ത്രമുണ്ടാക്കി നല്കുകയാണ് വേണ്ടത്. വേണ്ടതൊന്നും മനുഷ്യർ കാശുകൊടുത്ത് വാങ്ങില്ലല്ലോ ? ആവശ്യം കഴിഞ്ഞാൽ എല്ലാറ്റിനേയും ഭൂമിയിലേയ്ക്ക് വലിച്ചെറിയും. അതൊരു മനുഷ്യനെ ആയാലും...


ലോൺ കിട്ടാൻ എളുപ്പമാണ്. എടുത്താൽ പിന്നെ തിരിച്ചടക്കാൻ സാധിക്കാതെ ഉള്ളതുകൂടി പോകും കാരണം ലോൺ എടുത്താലും തുടങ്ങാൻ പറ്റിയ നല്ല ഒരു ബിസിനസ്സ് ഇല്ല. ആളുകൾക്ക് ജോലിയില്ലാതെയായി. കുറേപ്പേർ ലോട്ടറി വിൽക്കാനിറങ്ങി. കുറേപ്പേർ അത് വാങ്ങാനും. മോഹങ്ങൾ ഉണ്ടല്ലോ ഒരു പാട്. പക്ഷെ നാളെ നാളെ, നീളെ നീളെ പോകുകയാണ് ഭാഗ്യം. മദ്യം കഴിഞ്ഞാൽ സർക്കാരിന് ലഭിക്കുന്ന നല്ലൊരു പങ്ക് പണവും ലോട്ടറി വില്പനയിലൂടെയാണ്. വിൽക്കുന്നവനേയും വാങ്ങുന്നവനേയും മോഹിപ്പിച്ച് പണം തട്ടിയെടുക്കുന്ന രീതി. ഓണം ബംബർ 12 കോടി എന്ന് പറയും. കൈയിൽ കിട്ടുക 7.36 കോടി മാത്രമെങ്കിൽ 7.36 കോടി എന്ന് പറഞ്ഞാൽ പോരേ. അപ്പോൾ അധികമാളുകൾ ടിക്കറ്റ് വാങ്ങിയില്ലെങ്കിലോ അല്ലേ ? ഒരു സമ്മാനം എന്നതിനുപകരം ഒരു ലക്ഷം വീതം നൂറോളം പേർക്ക് നല്കിയാലോ. കുറേപേർക്ക് ആശ്വാസമാകും. അങ്ങിനെ ഒരു സംവിധാനമില്ലെന്നു മാത്രമല്ല ലോട്ടറി അടിച്ചവർക്ക് പണം ലഭിക്കാനും കാലതാമസം വരുന്നുണ്ട്. മദ്യം പോലെ ഒരു ലഹരിയായിട്ടുണ്ട് ലോട്ടറിയും. രണ്ടും ആളുകളെ നശിപ്പിക്കും.

ഒക്ടോബർ 2 ഗാന്ധിജയന്തി. നന്മയുടെ കൂടെയല്ല തിന്മയുടെ കൂടെയാണ് ഇന്നാളുകൾ. പുതുതലമുറയെ നശിപ്പിക്കാൻ ഏറ്റവും നല്ല വഴി സോഷ്യൽ മീഡിയയാണ്. ഗാന്ധിജി വൃത്തികെട്ടവനാണെന്ന് വരുത്തിത്തീർക്കാൻ പഴയ ഫോട്ടോകളെ എഡിറ്റ് ചെയ്ത് മദ്യപാനിയും സ്ത്രീലംബടനും ആക്കാൻ നോക്കി. പക്ഷെ അത് അത്രയ്ക്ക് വിജയിച്ചില്ല. ഇന്നും ആളുകളുടെ മനസ്സിൽ ഗാന്ധിജിയ്ക്ക് അത്രമേൽ സ്വാധീനമുണ്ട്. അതുകൊണ്ടു തന്നെ ഈ ശ്രമങ്ങൾ വിപരീതഫലം ചെയ്യുമെന്ന് മനസ്സിലാക്കിയവർ പതിയെ അടുത്ത മൺമറഞ്ഞ വ്യക്തിയെ സോഷ്യൽ മീഡിയയിലേയ്ക്ക് വലിച്ചിട്ടു. ഇന്ന് ഇത്തരത്തിൽ അവാസ്തവമായവ പ്രചരിപ്പിക്കുക എന്നത് ഒരു സമ്പാദന മാർഗ്ഗമാണ്. ഘടകവിരുദ്ധമായവയെ സോഷ്യൽ മീഡിയയിലൂടെ പ്രചരിപ്പിച്ച് ലൈക്കും ഷെയറും വർദ്ധിപ്പിച്ച് ഇന്റർനെറ്റിലൂടെ പണം സമ്പാദിക്കുകയാണ് അവരുടെ ലക്ഷ്യം. ഇത് അറിഞ്ഞോ അറിയാതേയോ നമ്മൾ ലൈക്കും ഷെയറും ചെയ്യുന്നു. സോഷ്യൽ മീഡിയയിലൂടെ നിങ്ങൾ കാണുന്നതും നിങ്ങളുടെ ഏതോ അറിവില്ലായ്മയുടെ പുറത്ത് നിങ്ങളെത്തന്നെ സന്തോഷിപ്പിക്കുന്നതുമായ വാർത്തകളുടെ പിറകിലെ യാഥാർത്ഥ്യം നിങ്ങൾ ഇപ്പോൾത്തന്നെ മനസ്സിലാക്കി ഓരോരുത്തരും ഈ കാര്യം പ്രചരിപ്പിക്കണം. അല്ലാത്തപക്ഷം സത്യമേതാണ് എന്ന് തിരിച്ചറിയാത്ത വിധം എല്ലാറ്റിനേയും മാറ്റി പ്രതിഷ്ഠിക്കും. ഈ തലമുറയിൽ പെട്ട വർക്ക് വേണമെങ്കിൽ ഇതെല്ലാം മനസ്സിലാക്കാനാവുമായിരിക്കും. പക്ഷെ ഇനി വരുന്ന തലമുറ പഠിക്കാൻ പോകുന്നത് സാങ്കേതിക വിദ്യ ഉപയോഗിച്ച് നുണകൾ കൊണ്ട് മാറ്റി പ്രതിഷ്ഠിച്ച കഥകളാവാം. എന്തുകൊണ്ടും നമ്മുടെ പൂർവ്വീകർ നമ്മളേക്കാളും നല്ലവരായിരിക്കും. അവർ കഴിച്ച ഭക്ഷണവും കുടിച്ച ജലവും ശ്വസിച്ച വായുവും മലിനപ്പെട്ടിരുന്നില്ലല്ലോ. ഇന്ന് വിഷമുള്ളവ കഴിച്ചും ശ്വസിച്ചും കുടിച്ചും നാം വിഷമുള്ളവരായിത്തീർന്നിരിക്കുന്നു.

എല്ലാവരും പണത്തിനു പിന്നാലെ കിട്ടിയ വഴികളിലൂടെയെല്ലാം സഞ്ചരിക്കുകയാണ്. ഒത്തുചേരാൻ പാടില്ലെങ്കിലും പണമോഹികളെല്ലാവരും ഒത്തുചേർന്ന് എല്ലാ കളറും കൂടിച്ചേരുമ്പോൾ ലഭിക്കുന്ന നിറമായ കറുപ്പായി, വിവരം കെട്ടവരായി തീർന്നിരിക്കുകയാണ്. ഒരു പാർട്ടിക്കും ഇന്ന് ആദർശമില്ല. എല്ലാ രാഷ്ട്രീയ പാർട്ടിയുടേയും ഐഡന്റിറ്റി നഷ്ടപ്പെട്ടത് നിങ്ങൾ മനസ്സിലാക്കുന്നുവോ ഇല്ലെങ്കിൽ നിങ്ങളും ആദർശങ്ങളൊന്നുമില്ലാതെ ചില നേതാക്കളെപ്പോലെ പണത്തിനായി പലതിനോടും ചേർന്ന് പ്രവൃത്തിക്കുന്നവരാകാം. ഒടുവിൽ അറിവില്ലായ്മയുടെ നിറമായ കറുപ്പ്, ഇരുട്ട് നിങ്ങളിലും വന്നുചേരും. പണം ഒരുവിധത്തിൽ കറുപ്പാണല്ലോ. എല്ലാറ്റിനേയും മറയ്ക്കുന്ന കറുപ്പ്.

പലവിധത്തിലും നാം ഇരുട്ടിലാണ്. ഇരുട്ടിൽ നിന്നും ഇനിയും ബഹുദൂരം സഞ്ചരിച്ചുവേണം വെളിച്ചത്തിലെത്താൻ. പക്ഷെ വെളിച്ചമുള്ള ഇടത്തെത്തിയ ശേഷം മറ്റുള്ളവരുടെ വെളിച്ചത്തെ കളയാൻ ശ്രമിക്കരുത്. ആർക്കും ഒന്നും പറഞ്ഞുനിൽക്കാൻ സമയമില്ല. ചിന്തിച്ച് വെളിച്ചത്തിലൂടെ മുന്നേറുക. കാഴ്ചകൾ വേദനയും അറിവും തരും. തിരിഞ്ഞു നോക്കുമ്പോൾ ഇന്നലെകളെ അതിശയകരമാക്കിത്തീർത്ത ഏകനായ പ്രപഞ്ച ശക്തിയെ, നാഥനെ സ്മരിച്ചുകൊണ്ട് നീതിബോധത്തോടെ സമയത്തെ വിനിയോഗിച്ച് സത്കർമ്മങ്ങൾ ചെയ്താൽ ആ ശക്തി എന്നും കൂട്ടിനുണ്ടാവും. അപ്പോൾ പിന്നെ നല്ലതേ വരൂ. കലുഷിതമെങ്കിലും എല്ലാം ശരിയാവും എന്ന് ഉറച്ച് വിശ്വസിക്കൂ. അവസാന ശ്വാസം വരേയും ശുഭപ്രതീക്ഷ നല്ലതാണ്. അതാണ് നമ്മെ ഏതൊരു പ്രതിസന്ധി ഘട്ടത്തിലും ജീവിപ്പിക്കുന്നത്, അതി ജീവിപ്പിക്കുന്നത്. ●

# Non Performing Asset (NPA)



എം. എം. മേനോൻ
0491 – 2572939

1. **നി**ഷ്ക്രിയ ആസ്തി (പൂർണ്ണ പബ്ലിക്കേഷൻസിന്റെ 'നരേന്ദ്ര മോദി'യിൽ നിന്ന് സാഭാരം)
2. ഊർജ്ജസ്വലതയില്ലാത്ത സ്വത്ത് (ശ്രീ. വി. കെ. എം. നായരിൽ നിന്ന് നന്ദിയോടെ)
3. നിർജ്ജീവമായ ധനം/സമ്പത്ത്.

ഈ മൂന്നും ശീർഷകത്തിൽ കൊടുത്തതിന്റെ മലയാളത്തിൽ വിവർത്തനമാണ്.

ആധുനിക ഭൗതികതയുടേയും (ധനം, പെരുമ/പ്രശസ്തി, അധികാരം, സുവിധാ/സാമഗ്രികൾ, സുഖഭോഗം എന്നിവയിന്മേൽ വിടാപ്പിടിയായ ആർത്തിയുടേയും), ഉപഭോക്താ സംസ്കാരത്തിന്റേയും ലഹരിയിൽ താണ്ഡവമാടുന്ന എം. ബി. എ.ക്കാരും വിത്ത ശസ്ത്ര വിദഗ്ദ്ധരും (!!) (ഭരണകർത്താക്കളും പാർട്ടികളും തന്നെ !), ഇന്ന് പുച്ഛരസത്തോടെ ഉപയോഗിക്കുന്ന പദമാണ് ശീർഷകത്തിൽ കൊടുത്തത്. കുബേര/മന്മഥാരാധനയുടെ മൂർദ്ധന്യത്തിലെത്തിയ ഇന്നത്തെ മനുഷ്യന്റെ ലക്ഷ്യമാണ് ധനശേഖരണത്തിന്റെ നിലക്കാത്ത, തുടർന്നുള്ള വർദ്ധനം. ഈ വിത്തം എവിടെ നിന്ന്, എങ്ങനെ വരുന്നു, ഇതിന്റെ വിനാശകര പാർശ്വഫലം, എന്നുള്ളവയെക്കുറിച്ച് നമുക്ക് ചിന്തയുണ്ടോ ? ഇത്തരം ധനപ്പെരുക്ക 'സുനാമിക്ക്' പൂർണ്ണസഹായം നൽകാത്ത പണത്തിന് NPA എന്ന മുദ്ര അവഹേളനയായി കുത്താമോ ? ഈ പുച്ഛമുദ്ര സ്വത്തിനും, വ്യത്യസ്ത അർത്ഥത്തിൽ മനുഷ്യനും, ഒട്ടിക്കുന്നതിനാൽ ഇവയെ വേറെവേറെയായി പരിശോധിക്കുന്നത് ഉപകാരപ്രദം ആയിരിക്കും.

**ഊർജ്ജ സ്വലതയില്ലാത്ത സമ്പത്ത് – പശ്ചാത്തലം**

ഒരു കാലത്ത് ജനങ്ങളുടെ കൈയിൽ ചിലവാക്കാൻ പണം എന്നുള്ളത് കുറവായിരുന്നു. ധനത്താൽ കൈക്കലാക്കാവുന്ന സുവിധാസാമഗ്രികളും തന്നെ വളരെ സീമിതമായിരുന്നു. ജീവിതരീതി സരളമായിരുന്നതിനാൽ ആവശ്യം/ ആർത്തി കുറഞ്ഞ കാലമായിരുന്നു. ചുരുക്കം ജനസംഖ്യയും ദേഹാദ്ധ്വാനത്തിന്റെ കാലവുമായിരുന്നതിനാൽ ആരോഗ്യനില പൊതുവെ മോശമായിരുന്നില്ല. പതുക്കെ പതുക്കെ മനുഷ്യർ പണ്ടങ്ങൾ പാത്രങ്ങൾ മുതലായ 'സ്വത്ത്' ചേർക്കാൻ തുടങ്ങി. കാലക്രമേണ ആലസ്യം, കള്ള്, കഞ്ചാവ്, ചൂത് എന്നിവ പോലെ ദുസ്വഭാവങ്ങൾ വന്നു കയറിത്തുടങ്ങിയതോടെ, 'ഊർജ്ജസ്വലതയില്ലാതെ' വെറുതെ വീട്ടിൽ കിടക്കുന്ന സാധനങ്ങളുടെ മോഷണവും, പണയം വെക്കാനും ചിലർ ആരംഭിച്ചു. അതുപോലെത്തന്നെ നിർമ്മാണം, വ്യാപാരം അപ വ്യയം എന്നിവയും ചെറുതോതിൽ തുടങ്ങി...!

പാശ്ചാത്യ ദേശങ്ങളിൽ നിന്നുവന്ന സാഹസികളും കച്ചവടക്കാരും 'അപരിഷ്കൃത' ഇന്ത്യൻ നാട്ടുകാരെ ആകർഷക പക്ഷെ വാസ്തവഗുണമേന്മയില്ലാത്ത മോടി അഴകുസാധനങ്ങൾ കൊടുത്തു, കബളിപ്പിച്ചു, സ്വർണ്ണം, വെള്ളി, ആനക്കൊമ്പ് മുതലായവയെ കൈക്കലാക്കുന്നത് സാധാരണമായിരുന്നു. ഇത്തരം വാണിജ്യ ചാതുര്യത്താൽ ചെറുതു മുതൽ ഭൂമി വരെ കൃത്രിമ വഴികളിലെയാണ് ഇന്ത്യയെ സ്വാധീനപ്പെടുത്തിയത് (ആക്രമണത്താലല്ല!) എന്ന് ഗാന്ധിജി തന്റെ 'ഹിന്ദ് സ്വരാജി'ൽ വ്യക്തമാക്കിയിട്ടുണ്ട്. (ലേഖനം 'നീതി ഹീന വ്യാപാരം', ഏഴു സാമാജിക പാതകങ്ങൾ ഏക തത്ത്വ പുസ്തകം 2 ലക്കം 9 ആഗസ്റ്റ് 2012 നോക്കുക)

സുമാർ 350 വർഷങ്ങൾ മുമ്പ് പാശ്ചാത്യ രാജ്യങ്ങളിൽ (ബ്രിട്ടൻ, യൂറോപ്, അമേരിക്ക) വ്യവസായിക വിപ്ലവം, സാങ്കേതിക ശാസ്ത്രം, യന്ത്രീകരണം, ആവിഷ്കാരങ്ങൾ, കണ്ടുപിടിത്തങ്ങൾ എന്നിവ ആരംഭിച്ചു. അതുവരെ ജനങ്ങളുടെ കൈയിൽ 'പണം' എന്നുള്ളത് കുറവായിരുന്നു. പിന്നീട് പണം ലഭിക്കാൻ തുടങ്ങി. (എങ്ങനെ വന്നു ? പാശ്ചാത്യ രാജ്യങ്ങളിൽ വ്യാപാര സൗകര്യത്തിനായി currency notes (കടലാസ് നോട്ടുകൾ !) അച്ചടി തുടങ്ങി. ആരംഭത്തിൽ ഒരു പൗണ്ട് നോട്ടിനും ഒരു പവൻ നാണയത്തിനും വില ഒന്നായിരുന്നു. ഈ Gold Standard പിന്നീട് താമസിയാതെ തന്നെ മാറി ! നമ്മുടെ നാട്ടിലും സുമാർ 80 വർഷം മുമ്പ് ഒരു പവൻ നാണയത്തിൽ വില സുമാർ 50 ക. ആയിരുന്നു. അന്ന് എന്റെ അച്ഛൻ ബർമ്മയിൽ (ഇന്നത്തെ മ്യാൻമാർ) ജോലി ചെയ്ത് അയച്ച 1000കക്ക് 20 പവൻ വാങ്ങിയത് പിന്നീട് കുടുംബത്തിലെ വിവാഹങ്ങൾക്കും മറ്റും സഹായമായി ! ഇന്ന് പവനിന്റെ വില 28,000ക അല്ലേ ?) (ഒരു പൗണ്ട് നോട്ടിന് സുമാർ 90കയും)

ഇന്ത്യയുടെ കാര്യത്തിൽ രണ്ടാം ലോകമഹായുദ്ധത്തിന്റെ അന്ത്യം വരെ ഇവിടെ ബാങ്കുകൾ ഉണ്ടായിരുന്നില്ല. സ്വാതന്ത്ര്യലബ്ധിയോടെ small savings (ചെറു സേവിപ്പ്)നു പ്രചോദനമായി നിക്ഷേപങ്ങൾ സ്വീകരിച്ചു പലിശ നേടാൻ ബാങ്കുകൾ സ്ഥാപിക്കപ്പെട്ടു. കച്ചവടത്തിനും നിർമ്മാണത്തിനും ബാങ്കുകൾ വലിയ തുകകൾ കടമായി നൽകാൻ തുടങ്ങി. ധനലബ്ധി എളുപ്പമായതോടെ കേവലം ധനലാഭത്തിനായി ഇവ അനിയന്ത്രിത നിലയിൽ അധികരിക്കാനും തുടങ്ങി. നിർമ്മാണവും മനമോഹക പരസ്യവിധികളും വിസ്ഫോടനമെന്നപോലെ വർദ്ധിച്ചതോടെ, (അനാവശ്യ!) ആവശ്യങ്ങളും കാട്ടുതീ പോലെ പടർന്നുവന്നു.

നിർമ്മാണത്തിനും വ്യവസായത്തിനും മറ്റും ധനം ആവശ്യം കാണും. പുറം നാട്ടിൽ നിന്നും വരുന്ന ഇത്തരം ധനസഹായത്തെ സാത്ത്വിക, രാജസിക, താമസിക എന്ന് മൂന്നായി പിരിക്കാം. വിശാല മനസ്കതയും സഹതാപം നിറഞ്ഞതും മൈത്രി സൂചകവും ആണ് സാത്വിക സഹായം. ഉദാഹരണം ഉരുക്ക്, രാസവളം എന്നിവയ്ക്ക്, ഈ നാട്ടിൽ നിന്നുലഭിക്കുന്ന വസ്തുക്കളും, നാട്ടുകാർക്ക് ജോലി കൊടുത്തുള്ള, ബൊക്കാറോ, ഭിലായി, റൗർക്കേലാ, സിന്ദ്രീ എന്നിവ. അമേരിക്കയിൽ നിന്ന് ധാന്യങ്ങൾ, രാസവളം എന്നിവ കൃത്രിമ രൂപത്തിൽ വില താഴ്ത്തി ഇവിടത്തെ കൃഷിക്കാർക്കും ഉത്പാദകരും ചേതം വരുത്തിയ 'PL 480', രാജസിക സഹായം ആയി കരുതാം. രാജ്യങ്ങൾ തമ്മിൽ വിവാദം ഉണ്ടാക്കി വിനാശ ജനകമായ യുദ്ധസാമഗ്രികളും വിലപിടിച്ച ഉപകരണങ്ങളും (ചിലപ്പോൾ രണ്ട് കൂട്ടർക്കും തന്നെ !) വിൽക്കുന്നത് താമസിക 'സഹായം' ആണ്. മേൽ പറഞ്ഞ ലേഖനം 'നീതി ഹീന വ്യാപാരം' നോക്കുക.

അഹങ്കാരവും സ്വാർത്ഥപരതയും മുഴുത്തു, ലോകമഹായുദ്ധത്തിനു കാരണഭൂതനായ ഹിറ്റ്ലറുടെ ജർമ്മനിയിൽ അവസാനകാലത്ത് നാണയപ്പെരുപ്പം (inflation) കാരണം പുറത്തിറക്കിയ 2 million marks (ഇന്നത്തെ വിലയിൽ സുമാർ 14 കോടി ഉറുപ്പിക !) ന്റെ തപാൽ മുദ്ര (Postage Stamp) എന്റെ കൈയിൽ ഉണ്ടായിരുന്നു ! മുമ്പത്തെ Rhodesia (ഇന്ന് Zimbabwe), അതുപോലെത്തന്നെ ദക്ഷിണ അമേരിക്കയിലെ ചില രാജ്യങ്ങളുടെ വിത്ത നില ദയനീയ നിലയിൽ ഇടിഞ്ഞിരിക്കുന്നത്, ചുമതലാബോധമില്ലാതെ നാണയപ്പെരുപ്പത്തിന്റെ ഉദാഹരണങ്ങളാണ്.

മുൻ രക്ഷാ മന്ത്രി, ഇന്ന് വിത്ത മന്ത്രിയുടെ പ്രഖ്യാപനമാണ് 'ഇന്ത്യയ്ക്ക് ഇന്ന് ആവശ്യം കോടീശ്വര വിത്തബ്രഹ്മാക്കൾ ആണ് ഇവർക്ക് സഹായത്തിന് ആദായ മറ്റും അന്യ നികുതികളും കുറയ്ക്കുവാൻ ചിന്തയുണ്ട്'. (വാക്കുകൾ എന്റെ !) നിങ്ങൾ എന്റെ മുതുകു ചൊറിഞ്ഞു തരുക, ഞാൻ നിങ്ങളുടെ മുതകു ചൊറിഞ്ഞുതരാം...! ഇത്തരം 'വിത്ത ബ്രഹ്മാക്കളില്ലാതെ' നമ്മുടെ പ്രഖ്യാപിത ലക്ഷ്യമായ 5 Trillion Dollar Economy – സുമാർ 350 ലക്ഷം കോടി ഉറുപ്പികയുടെ അർത്ഥവ്യവസ്ഥ (കണക്ക് തെറ്റല്ല എന്ന് കരുതുന്നു!) എങ്ങനെ സാക്ഷാൽക്കരിക്കും ? ഇത്ര വേഗം തന്നെ നമ്മുടെ മുൻ വിത്ത ബ്രഹ്മാക്കളെ മറക്കാമോ ? Cricket/IPL, മദ്യം /വിമാനയാത്ര കമ്പനി, രത്നക്കച്ചവടം എന്നീ വഴികളിലെ വിത്തോൽപാദകർ ഈ ഇന്ത്യയ്ക്ക് തിരിച്ചുവരാൻ ഭയന്നിരിക്കുകയല്ലെ ?

മുമ്പു കേട്ടിട്ടുള്ളവരും തന്നെ ഗാന്ധിജിയുടെ നിർദ്ദേശത്തെ ഇത്ര വേഗം മറക്കാമോ ? 'നിങ്ങൾ എന്ത് ആരംഭിക്കുന്നതിനും മുമ്പ്, ആദ്യം നിർദ്ധനനും ഏറ്റവും താണസ്തരത്തിൽ ഉള്ളവരെക്കുറിച്ച് ചിന്തിക്കുക. അവർക്ക് ദോഷം ചെയ്യാത്തതും, കുറച്ചെങ്കിലും ഗുണം ചെയ്യുന്നതുമാണെങ്കിൽ മാത്രം മുന്നോട്ടുപോവുക.' (സാരാംശം എന്റെ ശക്തി കുറഞ്ഞ വാക്കുകളിൽ !) 'Trickle Down Effect' (പതുക്കെ ഒലിച്ച് താഴോട്ട് എത്തുന്ന ഫലം) ഒരുതരം 'തട്ടിപ്പല്ലെ' ?

പുനരുദ്ധരിക്കാൻ കഴിയാത്ത ഊർജ്ജസ്രോതുകൾ (കൽക്കരി പെട്രോളിയം) എന്നിവയെ പൂർണ്ണമായി നശിപ്പിച്ചു പ്രദൂഷണം/മലിനീകരണം, പൊതുവെ ഹാനികാര താപമാന വർദ്ധനം എന്നിവയുണ്ടാക്കുന്നത്, വ്യാപാരത്തിൽ മൂലധനത്തെത്തന്നെ മുടിക്കുന്ന വർജ്ജ്യമായ വഴികളല്ലെ ? നാട്ടിന്റെ സാമ്പത്തിക നിലയെ കുറിക്കുന്ന GDP/GNP എന്നിവയെ ഉയർത്താൻ, ധർമ്മവിരോധമായി ധനത്തിന്റെ അപവ്യയം ചെയ്യുന്നതിനാൽ നിർദ്ധനർ/അസഹായർ എന്നിവർക്ക് ചേതം വരുത്തുന്നത് തീരെ വർജ്ജ്യം അല്ലെ ?

അത്യാധുനിക 'മാന്ത്രിക' വിത്ത ശാസ്ത്രവിധികളെ ചോദ്യം ചെയ്യാനുള്ള അധികാരം/അറിവ് ആർക്കാണുള്ളത് ? (എനിക്ക് തീർച്ചയായും ഇല്ല !)

NPA ഭാഗം 1 എന്ന ഈ ലേഖനത്തിൽ, പൂർവ്വീകരിൽ നിന്ന് പൂർണ്ണ ചുമതലാ ബോധത്തോടെ, സൂക്ഷ്മചിന്തനം ചെയ്തു, പിൻഗാമികൾക്ക് വിനാശം വരുത്താതെ ഉപയോഗിക്കേണ്ടിയ അമൂല്യ വസ്തുസമ്പത്തുക്കളെ, അപവ്യയം ചെയ്യാതെ രക്ഷിക്കേണ്ട അനിവാര്യതയെ, എടുത്തുകാട്ടാൻ ശ്രമിച്ചിട്ടുണ്ട്. അടുത്ത ഭാഗത്തിൽ, ജീവിതത്തിന്റെ ഉത്തരാർദ്ധത്തിൽ കഴിയുന്ന മനുഷ്യരെ NPA ആയി കരുതാതെ ഫലപ്രദമായി ജീവൻ നയിക്കാൻ ഉള്ള മാർഗ്ഗങ്ങളെ പരിശോധിക്കാൻ ശ്രമിക്കുന്നുണ്ട്. ●

■ കവിത

# ചുവരെഴുത്ത്



ബിബിത്
പാലക്കാട്
9567471727

ചിലരുണ്ട്
വരയ്ക്കാനൊരു
പ്രതലമില്ലാത്തവർ..
അലഞ്ഞുനടക്കുന്നവർ..
ഒരുതുണ്ടു
കടലാസ്സിനായി
തേങ്ങലുകൾ
അടക്കിപ്പിടിച്ച്
വിതുമ്പാൻപോലും
മറന്നവർ..

പാതിപൊളിഞ്ഞ
പോസ്റ്ററൊട്ടിയ
കോൺക്രീറ്റ്
ചുവരുകളിൽ
കരികൊണ്ട്
പൗലോയുടെ
അൽക്കെമിസ്റ്റും
വാൻഗോങിന്റെ
സൂര്യകാന്തിപ്പൂക്കളും
സൃഷ്ടിക്കുന്നവർ

കാഴ്ചക്കാർ
കൂകിവിളിക്കും
കല്ലെറിയും
തലപൊട്ടിച്ചോരപ്പൊടിഞ്ഞ്
നടന്നകലുമ്പോൾ
ചോരയും കരിയെഴുത്തും
മായ്ച്ചുകൊണ്ട്,
ഒരു പേമാരിയവിടെ
പെയ്തിറങ്ങും..!

# കുട്ടിക്കുറുമ്പന്മാർ


**ചി**തലരിയ്ക്കാത്ത ഓർമ്മ ചീളുകളിൽ ചിലതിന്ന് ഇന്നും നല്ല തെളിച്ചം. കുട്ടിക്കാലത്ത് എന്തെല്ലാം പോക്കിരിത്തങ്ങളാണ് കാട്ടിക്കൂട്ടിയത് ! മണാശ്ശേരി സ്കൂളിൽ പഠിയ്ക്കുന്ന കാലഘട്ടം. പൊതുവെ ഞാനൊരു കുറുമ്പനായിരുന്നു. ഒരു കൊച്ചുപോക്കിരി. പല ഏടാകൂടത്തിലും ഞാനുണ്ടാവും.

ദീർഘകാലം മണാശ്ശേരി സ്കൂളിൽ പ്രധാന അദ്ധ്യാപകനായി പ്രശസ്തസേവനം കാഴ്ച്ചവെച്ച പത്മനാഭൻ മാസ്റ്ററായിരുന്നു എന്റെ കൂട്ടുകാരൻ. വലിയമ്മയുടെ മകനായ എന്നേക്കാൾ ഒരു വയസ്സു കൂടുതലുള്ള ജ്യേഷ്ഠ സ്ഥാനീയനായ അദ്ദേഹത്തെ അന്നും ഇന്നും കുഞ്ഞൻ എന്നാണ് ഞാൻ വിളിച്ചുവരുന്നത്.

കുട്ടിക്കാലത്ത് തന്നെ കുഞ്ഞൻ എല്ലാവർക്കും മാതൃകയായിരുന്നു. അയൽപക്കത്തെ കുട്ടികളോടൊക്കെ അമ്മമാർ പറയാറ് കുഞ്ഞനെ നോക്കി പഠിക്ക് എന്നാണ്. (കഷ്ടം ! എന്നെ നോക്കി പഠിയ്ക്കാൻ ഒരമ്മയുടെ വായിൽ നിന്നും അറിയാതെ പോലും ഒരു വാക്ക് വഴിയിൽ വീണുപോയിട്ടില്ല !!) അച്ഛനമ്മമാർക്ക് കുഞ്ഞൻ എന്നും ഓമനയായിരുന്നു. പ്രത്യേകിച്ചും വലിയമ്മയ്ക്ക്. ആറ്റുനോറ്റ് ലഭിച്ച നിധിയാണ്. ഒരേ ഒരു ആൺതരി. അച്ഛനമ്മമാരോടുള്ള കുഞ്ഞന്റെ സ്നേഹവും മാതൃകാപരമായിരുന്നു.

കുട്ടിക്കുറുമ്പനായ എന്റെ സഹവാസം കൊണ്ടാവാം ചില ഏടാകൂടത്തിൽ കുഞ്ഞനും പെട്ടുപോയിട്ടുണ്ട്. ഒരു സംഭവം ഞാനോർക്കുന്നു. മൂന്നിലോ നാലിലോ പഠിയ്ക്കുമ്പോഴാണ് ആ സംഭവം. മാമ്പറ്റ ഭാഗത്തുനിന്ന് ഞങ്ങളേക്കാൾ മുതിർന്ന രണ്ടുപേർ സ്കൂളിൽ വരാറുണ്ട്. ഒരാണും പെണ്ണും. പെണ്ണ് സുന്ദരിയാണ്, ആണും മോശമല്ല.

ഇവർ രണ്ടുപേരും ഉച്ചയ്



**മുക്കം ഭാസി**
**9846138693**

ക്ക് വീട്ടിൽ പോയി ഭക്ഷണം കഴിച്ചാണ് വരാറ്. അവരുടെ കളിച്ചുചിരിച്ചുള്ള പോക്ക് ഞങ്ങൾക്കത്ര രസിച്ചില്ല; പ്രത്യേകിച്ച് എനിയ്ക്ക്. കാക്ക തിന്നുന്നത് കോഴിയ്ക്കും കോഴി തിന്നുന്നത് കാക്കയ്ക്കും കണ്ടുകൂടല്ലോ. അവരുടെ ഒരു പത്രാസ്. സുന്ദരിക്കോതയും, സുന്ദരകോന്തനും അങ്ങനെ വിലസണ്ട. അവരെ ഒന്ന് ആപ്പിലാക്കണം. എന്ത് വഴി ? ഞാൻ തല പുകഞ്ഞാലോചിച്ചു. വഴിയുണ്ട്.

ചെമ്മൺ പാതയാണ് അക്കാലത്ത് നമ്മുടെ റോഡ്. പൊടിമണ്ണ് നിറഞ്ഞതായിരിക്കും. ചെകുത്താൻ കുണ്ട് എന്നറിയപ്പെടുന്ന ഒരു വളവുണ്ടല്ലോ റോഡിൽ. അവിടെ പൊടിമണ്ണിൽ കാരമുള്ളുകൾ മേലോട്ടാക്കി ഞങ്ങൾ പാകി. പാവം കുഞ്ഞൻ. ഞാനാണ് ഇതിന്റെയൊക്കെ സൂത്രധാരൻ. എന്റെ കൂടെ നിന്നു എന്നേയുള്ളു കക്ഷി.

ഞങ്ങൾ ഒളിച്ചുനിന്നു. അതാ വരുന്നു സുന്ദരിക്കോതയും കോന്തനും കളിച്ചുചിരിച്ചുകൊണ്ട്. ചിരിയ്ക്കട്ടെ... പെട്ടെന്ന് പൂഴി മണ്ണിൽ ചവിട്ടി സുന്ദരിക്കോത "അയ്യോ !"

"എന്താ... എന്താ ?" എന്ന് ചോദിച്ചുകൊണ്ട് അടുത്ത സ്റ്റെപ്പ് കോന്തന്റേത്.

"അയ്യോ... അയ്യോ..."

ചിരിയടക്കാൻ ഞങ്ങൾ സ്വയം വായ പൊത്തിപ്പിടിച്ചു. അവർ അവിടെയിരുന്നു സൂക്ഷ്മമായി പരിശോധിച്ചു. നിറയെ കാരമുള്ളുകൾ. ഒക്കെ പെറുക്കി. കൈക്കുടന്നയിലാക്കി. സ്കൂളിലെത്തി. അവർ പോയെന്നറിഞ്ഞപ്പോൾ ഞങ്ങൾ പുറത്തു കടന്നു. പിന്നാലെ സ്കൂളിലെത്തി. അപ്പോഴേയ്ക്കും ബെല്ലടിച്ചിരുന്നു.

ഞങ്ങൾ എത്തിയപ്പോഴേയ്ക്കും ശങ്കരൻ മാഷുടെ മേശപ്പുറത്ത് കാരമുള്ളുകൾ, അരികെ കംപ്ലെയിന്റ് കാരും. വൈകി വന്ന ഞങ്ങളെ മാഷ് ചോദ്യം ചെയ്തു. കക്കാൻ പഠിച്ചാൽ പോര, കളവടക്കാനും പഠിയ്ക്കണം എന്നൊരു ചൊല്ലുണ്ടല്ലോ. കുറ്റവാളികളായ ഞങ്ങളെ പിടിയ്ക്കാൻ മാസ്റ്റർക്ക് അധികസമയം വേണ്ടിവന്നില്ല. പിന്നത്തെ കഥ പറയണോ ? കണ്ണിച്ചൂരലും ഞങ്ങളുടെ കൈവെള്ളയും തമ്മിൽ നിരവധി തവണ അഭിമുഖം; കുശലപ്രശ്നങ്ങൾ.

പാവം കുഞ്ഞൻ കണ്ണിറുക്കി ചിമ്മി എല്ലാം ഏറ്റുവാങ്ങി. ധീരതയോടെ വെച്ചുകൊടുത്തു, ഞാനെന്റെ കൈത്തലം അദ്ധ്യാപകന്റെ മുമ്പിൽ. ദ്രോണാചാര്യർക്ക് ഏകലവ്യൻ പെരുവിരൽ മുറിച്ചുകൊടുത്തത് പോലെ. കഠിനമായ ചൂരൽ പ്രയോഗം നടത്തിയ ഒരു ചോരക്കണ്ണൻ മാഷ് ചത്തുപോവാൻ മുത്തപ്പന് ഒരു കുപ്പി കള്ള് നേർച്ച നേർന്ന സംഭവത്തിലും എനിയ്ക്ക് ലീഡർഷിപ്പുണ്ടായിരുന്നു.

സ്കൂൾ വിട്ടാലും ഒഴിവുദിവസങ്ങളിലും മറ്റും ഞങ്ങളുടെ കലാപരിപാടി തിറയാടലാണ്. കുഞ്ഞന്റെ വീട്ടിലെ പടർന്നുപന്തലിച്ച പിലാവിൻ ചുവടാണ് സംഗസ്ഥാനം. ഞാനും, കാന്താറ ഗോപാലനും, കുഞ്ഞനുമൊക്കെയാണ് തിറയാട്ട് വേഷക്കാർ. കള്ളി വളപ്പിൽ ബ്രദേഴ്സ് (അമ്മാവന്റെ മക്കൾ) ചെണ്ട കൊട്ടുകാരും. പലക കഴുത്തിൽ കെട്ടിത്തൂക്കി താളലയത്തോടെ കൊട്ടുന്നതിൽ ഇവർ വിദഗ്ദ്ധരായിരുന്നു. ദാമോദരനും, നാരായണനും.

തിറയാട്ടിൽ കേമൻ കാന്താറ ഗോപാലനാണ്. ഞാനും മോശമല്ല. കൊട്ടു മുറുകി. ക്ലൈമാക്സിലാണ് തിറയാട്ടുകാർ. പെട്ടെന്നാണ് അ

ത് സംഭവിച്ചത്. ഒരു നായ വന്ന് ഗോപാലന്റെ മൂട്ടിൽ ഒരു കടി ! 'ഭേപ്രേ...' മുണ്ട് പിളർന്നു. നായ ഓടിപ്പോയി. തിറ നിന്നു. കാന്താറ കരഞ്ഞു. പരിക്ക് പറ്റിയിട്ടല്ല, വേറെ മുണ്ടില്ല ! അതായിരുന്നു ആ കാലം !

കാന്താറ ഞങ്ങളേക്കാൾ മുതിർന്ന ആളായിരുന്നു. അമ്മ പണിയ്ക്ക് പോകുമ്പോൾ അകത്തിട്ട് വാതിലടച്ച് ഓടാമ്പല ഇട്ടുപോകും. എന്തിനായിരുന്നെന്ന് ഇപ്പോഴും ഞങ്ങൾക്ക് പിടിയില്ല. കലപില കൂട്ടി ഞങ്ങൾ കാന്താറയുടെ വീടിന്റെ മുമ്പിൽ കൂടി പോകുമ്പോൾ കാന്താറ വിളിയ്ക്കും ! "കുഞ്ഞാ... ഭാസ്കരാ... എന്നെയൊന്ന് തുറന്നുവിടൂ."

ഞങ്ങൾ ഓടാമ്പല നീക്കി മൂപ്പരെ സ്വതന്ത്രനാക്കും. ഒരിയ്ക്കൽ ഞങ്ങൾ എന്തിന്റേയോ പേരിൽ തെറ്റി. പിൽക്കാലത്ത് ആനക്കാരനായ ഗോപാലനെ ഒറ്റയ്ക്ക് നേരിടാൻ ഞങ്ങൾക്കാവുമായിരുന്നില്ല. മുളയുടെ (കായൽ) ചില്ല ശരിയാക്കി ഞാനും കുഞ്ഞനും കൂടി ഗോപാലനെ ഞെരിവട്ടം പൂശി. അടിയുടെ ചൂടും പൊകയിൽ കുമ്മലെടുത്ത് ഗോപാലൻ ഓടി !

അങ്ങനെയൊക്കെയാണെങ്കിലും ഗോപാലന്റെ അന്ത്യം വരെ ഞങ്ങൾ ആത്മസുഹൃത്തുക്കളായിരുന്നു. അങ്ങനെ എത്രയെത്ര കുട്ടിക്കുറുമ്പുകൾ ! പോക്കിരി ഞങ്ങൾ !! വികൃതികൾ !!!

(തുടരും)

■ കവിത

## തിരിച്ചറിവ്

**മൈമൂന സി. പി.**
9495563490

ആ ഗർഭപാത്രത്തിൽ ഒരു കണമായി
കണികയായ്... നിണമായി...
മജ്ജയായി... മാംസമായി...
അസ്ഥിയായി... ഇതെല്ലാം ചേർന്നൊരു
രൂപമാക്കി ഒൻപതു മാസമെന്നെ
പോറലേൽപ്പിക്കാതെ കാത്തുവെച്ച്
എന്നെക്കുറിച്ച് നെയ്തുകൂട്ടിയ കുറേ-
കിനാക്കൾക്കിടയിലേക്ക് ഞാനെന്ന
സംഭവത്തെ പേറ്റുനോവറിഞ്ഞു
പെറ്റിട്ടപ്പോൾ എന്റെ ജനന സംതൃപ്തി
ആ ജനനിക്കുണ്ടാക്കിയ നിർവൃതി...
എനിക്ക് തിരിച്ചറിയാൻ
ഞാനൊരമ്മയാകേണ്ടി വന്നു.
അതാണ് സത്യം... പ്രപഞ്ച സത്യം...





(മൂന്നാം ഭാഗം)

പ്രൊഫ. വി. കെ. എം. നായർ
0491 – 2501782, 9497504782

# ഭാരതീയം

നൃത്തം അമൂർത്തമാണ്. തുല്യവേഗതയുള്ള വിവിധയിനം ചലനങ്ങളുടെ ആവർത്തനവും സരസവും യോഗ്യവുമായ സമ്മേളനവും ചേർന്ന കാലയളവിനാണ് നൃത്തത്തിൽ പ്രാധാന്യം. നർത്തകികളുടെ ചലനവേഗതയിൽ തുളുമ്പുന്ന ആകാരസൗഷ്ഠവവും നൃത്തത്തിന്റെ പ്രത്യേകതയായി കാണുന്നവരുണ്ട്. ഇതിൽ കഥയോ കഥ പറച്ചിലോ ഇല്ല. മാറി മാറി വരുന്ന വൈവിധ്യമാർന്ന യാന്ത്രികചലനവേഗതയ്ക്കാണ് മുഖ്യത്വം. നൃത്ത്യത്തിൽ ഭാവപ്രകടനത്തിനാണ് പ്രാധാന്യം. കഥയുടെ പുരോഗതിക്ക് അനുസൃതമായ വികാരം ജനിപ്പിക്കുകയാണ് ലക്ഷ്യം. ഭവിപ്പിക്കുന്നതാണ് ഭാവം. വാചികം, ആംഗികം, സാത്വികം എന്നിവയുടെ കൃത്യമായ ഉപയോഗം ഭാവപ്രകടനത്തിനാവശ്യമാണ്. കാവ്യാർത്ഥം ധ്വനിപ്പിച്ച് രസിപ്പിക്കുകയാണ് ലക്ഷ്യം. വിഭാവം, അനുഭാവം വ്യഭിചാരീഭാവങ്ങളുടെ സമ്മേളനമാണ് രസത്തിനാധാരം. രസവും ഭാവവും വേർപിരിയാത്ത ചങ്ങാതിമാരെപ്പോലെയാണ്. നവരസങ്ങളിൽ പെടുന്നതാണ് ശൃംഗാരം, ഹാസ്യം, കരുണം, രൗദ്രം, ബീഭത്സം, ശാന്തം മുതലായവ. രസത്തിന് സമാനമായ ഒരു ആംഗിലപദം ഇല്ലായെന്നുതന്നെ പറയാം. ഭരതനാട്യത്തിന് മൂവായിരം വർഷത്തെ പഴക്കം അവകാശപ്പെടുന്നു. തമിഴ്നാട്ടിലാണ് അതിന്റെ ഉത്ഭവമെന്നും പറയപ്പെടുന്നു. ശൈവമത പ്രചാരം ശക്തി പ്രാപിക്കുന്നതിനോടൊപ്പം ശൈവകഥകളും നാടകനൃത്ത കലാരൂപങ്ങളായി മാറിയെന്നാണ് വിശ്വാസം. ഇതിനെ അനുകരിച്ച് ശാക്തേയ വൈഷ്ണവമതങ്ങളും അത് പിന്തുടർന്നു. പലേ എതിർപ്പുകളെ അവഗണിച്ച് പ്രാദേശിക കലാരൂപങ്ങൾ ദേശീയസ്വഭാവം കൈവരിച്ചു എന്നത് നൃത്തകലയുടെ 'ജനകീയത' വെളിപ്പെടുത്തുന്നു. കുച്ചിപ്പുടി വൈഷ്ണവ പാരമ്പര്യകലയാണ്. അതിന്റെ ഉത്ഭവം ആന്ധ്രയിലാണ്. ഒഡീസ്സി വൈഷ്ണവ കലയാണെങ്കിലും ശൈവയിസം ഉൾക്കൊള്ളുന്നു. മണിപ്പുരി, വൈഷ്ണവയിസത്തിന്റെ കിഴക്കൻ പാരമ്പര്യം പ്രകടമാക്കുന്നു. പുരാതനകാലത്ത് നൃത്തനൃത്യകലകളോടൊപ്പം സംഗീതത്തിനും പ്രാമുഖ്യം നേടിയിരുന്നു.

ഇന്ത്യൻ സംഗീതത്തിന്റെ വേരുകൾ വേദസംഹിതകളിൽ ആണെന്നത് അവിതർക്കിതമാണ്. 'നാട്യശാസ്ത്ര'ത്തിൽ പലേ സംഗീതോപകരണങ്ങളെക്കുറിച്ചും സൂചനകളുണ്ട്. താളത്തിനെക്കുറിച്ച് സൂക്ഷ്മവിശകലനം 'നാട്യശാസ്ത്രം' നൽകുന്നുണ്ട്. ശങ്കരദേവ അദ്ദേഹത്തിന്റെ 'സംഗീതരത്നാകാര' എന്ന ഗ്രന്ഥത്തിൽ താളം, ലയം എന്നീ സംഗീതാംശങ്ങളെക്കുറിച്ച് വളരെ ആഴത്തിൽ തന്നെ പഠനം നടത്തിയിട്ടുണ്ട്. മതങ്ങളാണ് സംഗീതത്തിന് വേണ്ട പ്രോത്സാഹനം നൽകിയത്. ഇതിൽ ആര്യ, വൈഷ്ണവ, ശൈവ, ശാക്തേയ, ബുദ്ധ, ജൈന, ഇസ്ലാം മതങ്ങൾപെടും. മുസ്ലീം ഭരണകാലത്ത് അക്ബർ സംഗീതത്തെ പ്രോത്സാഹിപ്പിക്കാൻ ശ്രമിച്ച ഭരണാധികാരി

യായിരുന്നു എന്നാണ് ചരിത്ര സൂചന.

ഭാരതീയ സംഗീത പാരമ്പര്യം ഉത്തരേന്ത്യൻ ഹിന്ദുസ്ഥാനി സംഗീതവും, ദക്ഷിണേന്ത്യൻ കർണ്ണാട്ടിക് സംഗീതവുമായി പിരിഞ്ഞത് മുസ്ലീം ഭരണകാലത്താണ്. ഉത്തരേന്ത്യൻ സംഗീത അറേബ്യൻ, പേർഷ്യൻ സംഗീതസംസ്കാരത്തിന്റെ പ്രേരണയിൽപ്പെട്ടതപ്പോഴാണ്. ദക്ഷിണേന്ത്യൻ കർണ്ണാട്ടിക് സംഗീതം കൂടുതൽ താളലയ നിബദ്ധമായത്. കച്ചേരി നടത്തുവാൻ ചില ക്രമങ്ങളും ചിട്ടകളും പാലിക്കേണ്ടതുമുണ്ട്. ത്യാഗരാജഭാഗവതർ, മുത്തുസ്വാമി ദീക്ഷിതർ, ശ്യാമശാസ്ത്രി തുടങ്ങിയ പണ്ഡിതവരേണ്യർ ദക്ഷിണേന്ത്യൻ സംഗീതലോകത്തിലെ മഹാരഥന്മാരായിരുന്നു. മഹാരാജ സ്വാതിതിരുനാൾ ഇന്ത്യൻ സംഗീതത്തിന്റെ ചരിത്ര പ്രസിദ്ധിയാർജ്ജിച്ച സംഗീതസാമ്രാട്ടുതന്നെ. ശ്രുതി, സ്വര, രാഗ താളങ്ങൾ ഇന്ത്യൻ സംഗീതത്തിന്റെ കാതലായ അംശങ്ങളാണ്. മനോധർമ്മമെന്നത് വ്യക്തിവിശേഷമായി കരുതപ്പെടുന്നു.

ഇന്ത്യൻ സാഹിത്യലോകത്ത് അമൂല്യരത്നങ്ങൾ അടങ്ങിയതാണ് സംസ്കൃതസാഹിത്യം. വേദങ്ങളും ഉപനിഷത്തുകളും മതി ഈ സാഹിത്യശ്രേണിയുടെ അപാരത തെളിയിക്കാൻ. ഇന്ന് നാം അറിയുന്ന എല്ലാ വിഷയങ്ങളെക്കുറിച്ചും ആഴത്തിലുള്ള സൂചനകൾ നിറഞ്ഞതാണ് വേദങ്ങൾ എന്നാണ് അഭിജ്ഞമതം. അത് സാധൂകരിക്കാൻ പണ്ഡിതന്മാർക്ക് കഴിഞ്ഞിട്ടുമുണ്ട്. ഇന്ത്യനിസത്തിന്റെ ഏറ്റവും മഹത്തായ സംഭാവനയാണ് വേദങ്ങളും ഉപനിഷത്തുകളും. നിർഭാഗ്യവശാൽ അവയെ ലോകത്തിന് സംഭാവന ചെയ്യാനും പ്രായോഗികതലത്തിൽ കൊണ്ടുവരാനും ഇന്ത്യക്ക് കഴിഞ്ഞില്ല. പ്രപഞ്ചശക്തികളെ ഭക്തിയോടെ വീക്ഷിക്കുന്ന സ്വഭാവമാണ് വേദങ്ങളുടെ അടിസ്ഥാനഗുണം. സൂര്യനും അഗ്നിയും കടലും കായലുമെല്ലാം അതിൽ പെടും. അജ്ഞാതമായ ഏതോ ഒരു അത്ഭുത ശക്തിയുടെ പ്രതിബിംബങ്ങളുമായിട്ടാണ് വേദങ്ങൾ ഇവയെ വിലയിരുത്തിയത്. ഇവയെല്ലാം സ്വാഭാവികമായും ആ അജ്ഞാതശക്തിയുടെ കണികകൾ ഉണ്ടെന്നും വേദിസ്റ്റുകൾ വിശ്വസിച്ചു. മനുഷ്യനിലും ഈ അത്ഭുത ശക്തിയുടെ പ്രവേശം ഉണ്ടാകുന്നു എന്നും അവർക്കറിയാമായിരുന്നു.

'Function (കർമ്മം) on the basics of birth is established as a means of preventing unhealthy competition.' The Cultural Heritage of India Vol. 1. എന്ന അനാചാരവും, അന്ധവിശ്വാസങ്ങളും സമൂഹശക്തിയെ ക്ഷയിപ്പിക്കാൻ പോന്നവയായിരുന്നു. ഈ പശ്ചാത്തലത്തിലാണ് ഭഗവദ്ഗീതയുടെ ജനനം. ഇന്ത്യനിസത്തിന്റെ മഹത്തായ സംഭാവനയാണ് ഭഗവദ്ഗീത. 'എല്ലാമറിയുന്നവൻ ഒന്നുമറിയാത്തവരെ ശിക്ഷിക്കുന്നത് അനാചാരമാണെന്ന് പറയേണ്ടിവന്ന സാമൂഹ്യ സാഹചര്യമാണ് അന്നുണ്ടായിരുന്നത്. ആത്മീയാധിഷ്ഠിത കർമ്മമെന്ന ആശയം വളർത്തിയത് ഭഗവദ്ഗീതയാണ്. ഉപാധികളോടെ ഭക്തിയാവാം എന്നുവന്നപ്പോൾ ദൈവവിശ്വാസം ഇന്ത്യ മുഴുവനും വിദേശത്തും ക്ഷേത്രങ്ങളിലൂടെ വളർന്നു. വിശ്വാസവ്യാപനം സുഗമമായി നടന്നു. വ്യക്തിസ്വാതന്ത്ര്യമാണ് സമൂഹ വളർച്ചയ്ക്കാധാരം. 'God is not only in the heart of all; He is the prop of all, He is the source of all... He is not separate from you.' എന്ന രമണ മഹർഷിയുടെ വാക്കുകൾ ഈ അവസരത്തിൽ നാമോർക്കേണ്ടതാണ്. ബ്രഹ്മമെന്തെന്നറിയാൻ മനുഷ്യനെന്ന അംഗീകാരം കൂടിയേ തീരൂ.

ഭഗവദ്ഗീത മാത്രമല്ല, സ്മൃതികളും (ധർമ്മശാസ്ത്രങ്ങളും) ഇന്ത്യനിസത്തിന്റെ അവിഭാജ്യഘടകമാണ്. ഇന്നത്തെ കാലാവസ്ഥയ്ക്ക് യോജിക്കാത്തതും എല്ലാകാലത്തിനും യോജിക്കുന്നതുമായ കാര്യങ്ങൾ സ്മൃതികളിലുണ്ട്. സാമൂഹ്യ ധർമ്മശാസ്ത്രമാണ് മനുസ്മൃതിയിലുള്ളത്. മനുസ്മൃതിയിലെ പ്രധാന അംശങ്ങൾ 'തിരുക്കുറളിൽ' കാണാം. ഒരു വിദ്യാർത്ഥി അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ ഇന്നും പ്രസക്തം തന്നെ. ഒരു ഗൃഹാധിപതിക്ക് വേണ്ട ഗുണങ്ങളും ധർമ്മങ്ങളും, ഭരണാധികാരിക്ക് വേണ്ട ഗുണങ്ങൾ, സ്ത്രീപുരുഷ ബന്ധത്തിൽ അവലംബിക്കേണ്ട കർമ്മങ്ങൾ, ആരോഗ്യ പരിപാലനം സാമൂഹ്യബോധം വളർത്തൽ തുടങ്ങി മനുസംഹിതയിലില്ലാത്ത വിഷയങ്ങൾ ചുരുങ്ങുമെന്ന് നേരത്തെ സൂചിപ്പിച്ചിട്ടുണ്ടല്ലോ !

സ്വത്തിനെ ആശ്രയിച്ചുമാത്രമാവരുത് സമൂഹനന്മയും തിന്മയും വേർതിരിക്കേണ്ടത്. സമ്പത്തിന് ഭൗതികനന്മയെ നിയന്ത്രിക്കാനാവും എന്നത് അനിഷേധ്യം തന്നെ. പക്ഷെ, പരമപ്രധാനമായറിയേണ്ടത് വ്യക്തികളുടെ സമൂഹമാണ് യഥാർത്ഥ സമൂഹമെന്നാണ്. വ്യക്തിയുടെ ശാരീരികവും മാനസികവും ബുദ്ധിപരവുമായ വളർച്ച, സാമൂഹ്യനന്മയ്ക്ക് അത്യന്താപേക്ഷിതമാണ്. സമഗ്രനന്മ വ്യക്തിയുടെ നന്മയിലും വളർച്ചയിലും തുടങ്ങണം. വ്യക്തിതലത്തിൽ സ്വയമറിയുക എന്ന ലക്ഷ്യം അനുസ്യൂതം തുടരേണ്ടതാണ്. അതിനായി ആദ്യമായി വേണ്ടത്, ബോധതലം വികസിക്കുന്നതിനോടൊപ്പം ശരീരവും മനസ്സും ബുദ്ധിയും വേണ്ടത്ര, കഴിയുന്നത്ര ഒരനുപാതത്തിൽ ഒത്തുചേർക്കാൻ ശ്രമിക്കുക എന്നതാണ്. ഈ ഏകീകരണം വ്യക്തിക്ക് ശക്തി ലഭിക്കാനുതകും. ആന്തരീക ഊർജ്ജം എത്രത്തോളമാണോ വർദ്ധിപ്പിക്കുന്നത് അത്രയും സമൂഹത്തിന്റെ നന്മയ്ക്കായി പ്രയോജനപ്പെടുത്താനും കഴിയും. സ്വന്തം കഴിവ് തെളിയിക്കാൻ സഹായകമായ നിസ്വാർത്ഥ സേവനമാണ് കർമ്മം. ഈ സാഹചര്യത്തിൽ വ്യക്തി കക്ഷിബലത്തിന്റെ ആജ്ഞാനുവർത്തിയാകുന്നില്ല. വ്യക്തി അടിമയുമല്ല. വ്യക്തി വ്യക്തിയെന്ന നിലയിൽ കർമ്മം ചെയ്യാനാവുമ്പോൾ, സമൂഹത്തെ ആ നിലയിലെങ്കിലും എത്തിക്കാനുള്ള ശ്രമത്തിലേർപ്പെടാൻ മാനസികമായി തയ്യാറാവും. ഇന്നത്തെ ഇന്ത്യൻ സാഹചര്യത്തിൽ 'വ്യക്തി'യെന്ന സങ്കല്പമില്ല. വ്യക്തിത്വമില്ലാത്ത വ്യക്തികളുടെ സമൂഹത്തിൽ വ്യക്തികൾ സ്വാർത്ഥരും അടിമകളുമാണ്. സ്വാർത്ഥതയുടെ ലോകത്തിൽ സാമൂഹ്യപുരോഗതി ഒച്ചിന്റെ വേഗത്തി


ലെ നീങ്ങൂ.

ശക്തികൾട്ട് ദാസ (Dasyus) ന്മാരുടെതാണെന്നും ദാസന്മാർക്ക് വേദന്മാരുമായി ഒരുവിധ ബന്ധവുമില്ലായെന്ന് The Cultural Heritage of India എന്ന ഗ്രന്ഥത്തിലുൾപ്പെട്ട മറ്റനേകം ഗ്രന്ഥങ്ങളിൽ ആവർത്തിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്. 'വർഗ'മെന്ന പൊതുവായ സങ്കല്പത്തിനെ ആധാരമാക്കിയാണ് ഈ വിവേചനം. ഈ സന്ദർഭത്തിൽ ഭാരതമാകെ പ്രചരിപ്പിക്കപ്പെട്ട, ചില തല്പരകക്ഷികൾ ഇപ്പോഴും പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു. ചില ധാരണകൾ മാറ്റേണ്ടത് അത്യന്താപേക്ഷിതമാണെന്ന് കരുതുന്നു. ബി. സി. 3000 ത്തിനോട് അടുത്ത കാലത്ത് ഇന്ത്യയിൽ പ്രവേശിച്ച ഇൻഡോ ഇറാനിയൻസ് ഒരു വർഗ്ഗ (race) മെന്ന നിലയിൽ ചിത്രീകരിക്കപ്പെടാനുള്ള അമിതാവേശമാണ്. ചിലരുടെ ഗ്രന്ഥങ്ങളിൽ കാണുന്നത് (The Cultural Heritage of India ഉൾപ്പടെ) ഇൻഡോ ഇറാനിയൻസ് എന്നോ ഇൻഡോ ആര്യൻസ് എന്നോ, ആര്യൻസ് എന്നോ ഒരു വർഗ്ഗമേയില്ല. വർഗ്ഗം എന്നതിന്റെ ശാസ്ത്രീയാടിസ്ഥാനം ജീവശാസ്ത്രപരമാണ്. അതിൽ ഭാഷ, ദേശീയത, നിറം, മതം, സെഫാലിക് ഇൻഡക്സ്, സംസ്കാരം ഇവയൊന്നും പെടില്ല. ആര്യൻ വർഗ്ഗം ദ്രവീഡിയൻ വർഗ്ഗം ജർമ്മൻ വർഗ്ഗം അമേരിക്കൻ വർഗ്ഗം, യൂറോപ്യൻ വർഗ്ഗം എന്നീ മട്ടിലുള്ള വർഗ്ഗവിഭജനം അശാസ്ത്രീയവും അല്പജ്ഞതയുടെ പ്രത്യക്ഷ ഉദാഹരണവുമാണ്. ഭാഷയും സംസ്കാരവും വ്യക്തി ഏത് സമുദായ കൂട്ടായ്മയിൽപ്പെടുന്നു എന്നതിനെ ആശ്രയിച്ചാണിരിക്കുന്നത്. ആഫ്രിക്കൻ അമേരിക്കൻസ് ഇന്ന് ഇംഗ്ലീഷ് സംസാരിക്കുന്നവരാണ്. അവരുടെ സംസ്കാരം അമേരിക്കൻ സംസ്കാരവുമായി ബന്ധപ്പെട്ടുവരുന്നു. ഇതിന് അവർ ജീവിക്കുന്ന ചുറ്റുപാടും വിദ്യാഭ്യാസവും സഹായകമായി തീരുന്നുമുണ്ട്. മാത്രവുമല്ല, ഇന്ന് ആഫ്രിക്കൻ അമേരിക്കൻസിന് മറ്റ് അമേരിക്കൻസുമായി ലൈംഗികബന്ധത്തിലേർപ്പെടാനുള്ള അനുകൂല സാഹചര്യവും സ്വാതന്ത്ര്യവുമുണ്ട്. എല്ലാ മനുഷ്യരുടേയും ഉത്ഭവവും വളർച്ചയും Homo Sapiens ൽ നിന്നാണ് അനേകായിരം വർഷങ്ങൾ കൊണ്ടുണ്ടാകുന്ന രൂപമാറ്റം (mutation) സംഭവിക്കുന്നത് 'gene' ഘടനയിൽ വരുന്ന മാറ്റങ്ങളും കാലാവസ്ഥാ വ്യതിയാനവും മൂലമാണ്. ചില അല്പശിരോമണികളായ തല്പരകക്ഷികളുടെ അജ്ഞത മൂലം ശാസ്ത്രജ്ഞർക്ക് ഈ വിഷയത്തെക്കുറിച്ച് പ്രസ്താവിക്കേണ്ടിവന്നത്. '... that racial classification is a some what sterile exercise' എന്നാണ് (FM New Encyclopedia Vol. 20) ഇന്ത്യനിസത്തെ വർഗ്ഗീകരിക്കാനോ നിറം പൂശാനോ, പൂണൂൽ ഇടീയ്ക്കാനോ ജാതിമത ഭാഷാ ഗ്രൂപ്പിൽപ്പെടുത്താനോ നോക്കാതെ ഇന്ത്യനിസത്തിന്റെ നല്ല വശങ്ങൾ ചികഞ്ഞ് അറിഞ്ഞ് അത് ലോകസമക്ഷം സമർപ്പിക്കാനാണ് ഭാരതീയരായ നാമെല്ലാവരും ആത്മാർത്ഥമായി ശ്രമിക്കേണ്ടത്. വർഗ്ഗീയ ഭ്രാന്തും, ഭാഷാഭ്രാന്ത് പോലെ ജാതി മത ഭ്രാന്ത് പോലെ അല്പത്വത്തിന്റെ ലക്ഷ്ണമാണ്. 'Dasyus were phallers worshippers and did not follow the ritual of Fire worship Vol. 1, page 224. 'The Cultural Heritage of India' എന്നത് അനഭലഷണീയമായ ചിന്തയ്ക്ക് ഉദാഹരണം മാത്രമായി അവശേഷിക്കട്ടെ.

(തുടരും)

■ കവിത

# വൃദ്ധസദനത്തിലെ ഒരു ദിവസം



**രാജീവ് മാമ്പുള്ളി**
9400418318

മുറിഞ്ഞ
സ്വപ്നത്തിലെ
മഴവില്ലോർമ്മയിൽ
ചാഞ്ഞ പകൽ.

തളച്ച
കള്ളിയിലെ
ഒരൊഴിഞ്ഞ
മുറിയിൽ
വിറയാർന്ന
കൈത്താങ്ങുതേടി
നീങ്ങുന്നു.

ഓടി മറയുന്ന
ജനക്കൂട്ടത്തിൻ
നടുവിൽ
ഒറ്റപ്പെട്ട
വലയിൽ
കുടുങ്ങിയ
ഇര.

തിളകൂടി
വെന്തുമലർന്ന
ചോറ്,
വരണ്ടവറ്റായി
കഴുകാനിട്ടിരുന്ന
പാത്രത്തിൽ.

മിഴിവറ്റിയ
പ്രത്യാശയിൽ
തെളിയും
ചുളിവുകൾക്കിടയിൽ
താനെവിടെയെന്ന്
തിരഞ്ഞ്
വലഞ്ഞുരുകിയ
പകൽകഷ്ണങ്ങളിൽ,
ചിതറി
മറഞ്ഞൊരു
തണൽ.

താങ്ങുവടിയിൽ
തായ് വേരു മുളച്ച്,
പോയവസന്തങ്ങളിലെ
പൂക്കാലമണങ്ങളിൽ
രമിച്ച്,
രണ്ടടി
രണ്ടടി
നടന്ന്
ശുചിമുറിയിലേക്ക്.

കനൽക്കാല
ബോധ്യങ്ങൾ
നെടുനിശ്വാസത്തിൽ
ഒതുക്കി,
പരുത്ത
പരിചാരക വിരൽ
സ്പർശത്തിൽ
മക്കളെ
തൊട്ടറിഞ്ഞ്,
കുളിരും
ശൈശവ
തണുപ്പ്.

ഞാനിവിടെയുണ്ടെന്ന്
കൂവലറിയിക്കും
കിളിയിൽ,
ഇണയോർമ്മ
തികട്ടി
പിടഞ്ഞെണീക്കും
പുലർച്ച.

അടച്ചിട്ട
പടിവരെപ്പോയി
വട്ടം തിരിഞ്ഞ്
യജമാനന്റെ
വരവും
കാത്ത്
കാത്തങ്ങനെ......!

# മലയാള സിനിമ പിന്നണിഗാനരംഗത്തെ ആദ്യകാല നക്ഷത്രങ്ങൾ

ടി. വി. നാരായണൻ കുട്ടി
9446030344




## എ. എം. രാജ

**ആ**യിമല മൻമദരാജു രാജ എന്ന മുഴുവൻ പേരുള്ള ഇദ്ദേഹം ഇന്ത്യയിലെ പ്രശസ്തനായൊരു പിന്നണിഗായകനും, ഒപ്പം സംഗീത സംവിധായകനുമാണ്. പക്ഷെ ആരാധകരുടെ ഇടയിൽ ഇദ്ദേഹം എ. എം. രാജ എന്നാണറിയപ്പെട്ടിരുന്നത്. തമിഴ്, തെലുങ്ക്, കന്നടം, മലയാളം എന്നിവ കൂടാതെ ഹിന്ദി, സിംഹള ഭാഷകളിലും പാടിയിട്ടുണ്ട്. 1950 മുതൽ പാടാൻ തുടങ്ങിയെങ്കിലും 1960 – 70 കാലങ്ങളിലാണ് സജീവമായത്. 2016ൽ പുറത്തിറങ്ങിയ 'ജിതൻ 2' എന്ന ഹിന്ദി സിനിമയ്ക്ക് വേണ്ടി സംഗീത സംവിധാനം നിർവ്വഹിച്ചത് ഇദ്ദേഹത്തിന്റെ പേരമകനും, ഗായകനുമായ 'യശ്വന്ത് രാജ'യാണ്.

1929ൽ ആന്ധ്രപ്രദേശിലെ ചിറ്റൂർ ജില്ലയിൽ 'രാമചന്ദ്രപുരം' എന്ന സ്ഥലത്ത് ജനിച്ചു. അച്ഛൻ 'മൻമദരാജ', അമ്മ ലക്ഷ്മമ്മ. രാജയ്ക്ക് മൂന്ന് വയസ്സായപ്പോൾ തന്നെ അച്ഛൻ മരണമടഞ്ഞു. തുടർന്നിവരുടെ കുടുംബം രേണുകാപുരത്തേക്കും, അധികം താമസിയാതെ മദ്രാസിലേക്കും താമസം മാറി. അവിടത്തെ 'പച്ചയപ്പാസ്' കോളേജിൽ നിന്ന് ബി. എ. ബിരുദം കരസ്ഥമാക്കുന്നതിനിടയിൽ പിയാനോ വായിക്കാനുള്ള പ്രാവീണ്യം നേടി. ഒപ്പം അനേകം ഗാനമത്സരങ്ങളിൽ പങ്കെടുത്ത് വിജയിക്കുകയും ചെയ്തു. ശാസ്ത്രീയ സംഗീതം, പാശ്ചാത്യ സംഗീതം എന്നിവയോടായിരുന്നു കൂടുതൽ കമ്പം. കൂടാതെ ഹിന്ദി ഗസൽ ഗാനങ്ങളും ആലപിക്കുമായിരുന്നു. അക്കാലത്തെ പ്രശസ്ത ഗായകരായിരുന്നു റാഫി, മുകേഷ്, തലത്ത് മെഹമൂദ്, മന്നാഡെ, ഹേമന്ത് കുമാർ എന്നിവരോടൊപ്പം ഒരുപരിധിവരെ നില്ക്കാനും ഇദ്ദേഹത്തിന് കഴിഞ്ഞു.

തന്റെ സംഗീതജീവിതത്തിന്റെ തുടക്കത്തിൽ രാജ പാട്ടുകളെഴുതി സംവിധാനം ചെയ്യുക പതിവായിരുന്നു. തുടർന്ന് കെ. വി. മഹാദേവന്റെ സംവിധാനത്തിൽ സ്വന്തം ഭാഷയായ തെലുങ്കിൽ രണ്ട് ഗാനങ്ങൾ ആലപിക്കുകയുണ്ടായി. എച്ച്. എം. വി.യ്ക്ക് വേണ്ടി റെക്കോർഡ് ചെയ്ത ഈ ഗാനങ്ങൾ ആകാശവാണിയിലും താമസിയാതെ പ്രക്ഷേപണം ചെയ്യുകയുണ്ടായി. ജെമിനി സ്റ്റുഡിയോ ഉടമ ശ്രീ. എസ്. എസ്. വാസൻ ഇദ്ദേഹത്തിന്റെ ആലാപനം ഏറെ ഇഷ്ടപ്പെട്ടു. തുടർന്ന് തന്റെ അടുത്ത സിനിമയായ 'സംസാര'ത്തിൽ (1951ൽ) ഈ സിനിമയുടെ ഗാനസംവിധായകനായ 'ഇമനി ശങ്കര ശാസ്ത്രിയുടേയും സുഹൃത്തായ കൽക്കി കൃഷ്ണമൂർത്തിയുടേയും അംഗീകാരത്തോടെ ഗാനമാലപിക്കാൻ തെരഞ്ഞെടുത്തു.

ഇതിനിടെ യൂണിവേഴ്സിറ്റിയിൽ ഇദ്ദേഹത്തിന്റെ സീനിയറായ ആർ. എസ്. മനോഹറിന്റെ സിനിമയായ 'രാജാംബാളി'ൽ പി. ലീല, ജിക്കി എന്നിവരോടൊത്ത് എം. ജി. ആറിന് വേണ്ടിയും, എം. എസ്. വി., ഗാനമണി, കെ. വി. മഹാദേവൻ എന്നിവരുടെ സംഗീത സംവിധാനത്തിലും ഗാനങ്ങളാലപിച്ചിരുന്നു. ആകാശവാണിയിൽ സംസാരത്തിലെ പാട്ടുകൾ വന്നു തുടങ്ങിയതു മുതൽ രാജ തിരക്കുള്ളൊരു പിന്നണി ഗായകനായി. തുടർന്ന് തെക്കേ ഇന്ത്യയിലെ ഏതാണ്ട് എല്ലാ ഭാഷകളിലും, ഹിന്ദിയിലും പാടാനവസരം കൈവന്നു.



1952ലെ 'ആദർശം' ആണ് ആദ്യ തെലുങ്ക് സിനിമ. 1953ൽ സി. പുല്ലയ്യ സംവിധാനം ചെയ്ത 'പക്കിൻടി അമ്മായി' എന്ന സിനിമയിൽ പാടി അഭിനയിക്കുകയും ചെയ്തു. 'ദേവദാസ്' സിനിമയിലും ഒരു ചെറിയ വേഷം ചെയ്തു. ഹിന്ദി സിനിമയിൽ പിന്നണി പാടുന്ന ആദ്യത്തെ തെക്കേ ഇന്ത്യൻ ഗായകൻ എന്ന ബഹുമതി എ. എം. രാജയ്ക്കാണ്. 1952ൽ 'ബഹുത്ത് ദിൻ ഹുയേ' എന്ന സിനിമയ്ക്ക് വേണ്ടിയായിരുന്നു ഈ ഗാനം. (1947ൽ 'മീര' എന്ന സിനിമയ്ക്ക് വേണ്ടി പാടി അഭിനയിച്ച എം. എസ്. സുബ്ബലക്ഷ്മിയാണ് തെന്നിന്ത്യയിലെ ആദ്യത്തെ പിന്നണി ഗായിക). 1953ൽ എ. എം. രാജയേയും, ജിക്കിയേയും ശങ്കർ – ജയകിഷനും (സംഗീത സംവിധായകർ) രാജ്കപൂറും കൂടി ഒരു ബഹുഭാഷാ ചിത്രമായ 'ആഗ്'ന് വേണ്ടി ക്ഷണിച്ചു. കൂടാതെ ലെക്കുലും (തെലുങ്ക്) അവൻ (തമിഴ്) എന്നിവയുടെ പുനർ നിർമ്മാണത്തിലും ഇവർ ഗാനങ്ങൾ പാടി. ഈ ഗാനങ്ങൾ പിന്നീട് ഹിന്ദിയിൽ

മുകേഷും, ലതാ മങ്കേഷ്കറും പാടി അനശ്വരമാക്കി. ഇതിന് യാതൊരു കോട്ടവും തട്ടാതെ 'രാജാ-ജിക്കി' ജോഡികൾ ഇവ പാടി ഫലിപ്പിച്ചു. ഈ ദമ്പതിമാർ 1950ൽ തമിഴ് സിനിമാ ലോകത്തെയാകെ കീഴടക്കിയ പിന്നണി ജോഡികളായിരുന്നു.

കൂടാതെ ജിക്കി, ജമുനാറാണി എന്നിവരോടൊത്ത് ചെന്നൈ ആസ്ഥാനമാക്കിയെടുത്ത ചില സിംഹള സിനിമകളിലും ഇദ്ദേഹം പാടുകയുണ്ടായി. തമിഴിൽ ശിവാജി, എം. ജി. ആർ, ജമിനി ഗണേശൻ എന്നിവർക്കും തെലുങ്കിൽ എൻ. ടി. രാമറാവു, നാഗേശ്വരറാവു, കെ. ജഗ്ഗയ്യ, മലയാളത്തിൽ നസീർ, സത്യൻ എന്നിവർക്കൊക്കെ വേണ്ടിയാണ് കൂടുതൽ ഗാനങ്ങളാലപിച്ചത്. കന്നട സിനിമ അന്നത്ര പുരോഗമിച്ചിരുന്നില്ല. എങ്കിലും കല്യാൺകുമാർ, രാജ്കുമാർ, ഉദയകുമാർ എന്നിവർക്ക് വേണ്ടിയും ഇദ്ദേഹം പാടിയിരുന്നു. 1955ൽ രാജേശ്വരറാവു സംഗീതം പകർന്ന 'മിസ്സമ്മ' എന്ന തെലുങ്ക് സിനിമയിലെ 'വൃന്ദാവനം മടി അന്തരവടി, ഗോവിന്ദജു അന്തരി വാടലേ' എന്ന ഗാനം പി. സുശീലയോടൊത്ത് പാടിയത് തെലുങ്ക് സിനിമ ലോകത്തൊരു റെക്കോർഡായിരുന്നു. ഈ സിനിമ പിന്നീട് 'മിസ്സിയമ്മ' എന്ന പേരിൽ തമിഴിൽ നിർമ്മിച്ചപ്പോൾ 'വൃന്ദാവനവും നന്ദകുമാരനും' എന്ന ഗാനമായി. ഇതും അതേപോലെ പ്രശസ്തമായി. തുർന്നിത് 'മിസ്സ് മേരി' എന്ന പേരിൽ ഹിന്ദിയിലും നിർമ്മിച്ചു. ഇതിൽ 'വൃന്ദാവൻ കാ കൃഷ്ണ കനയ്യ' എന്ന ഈ ഗാനം റാഫിയും ലതയുമാണാലപിച്ചത്.

പിന്നണി ഗാനരംഗത്ത് ഇദ്ദേഹത്തിന്റെ വ്യക്തിപരമായ ചില നിലപാടുകൾ ഇദ്ദേഹത്തിനുതന്നെ ദോഷകരമായി ഭവിച്ചതിന്റെ അടിസ്ഥാനത്തിൽ, ഇദ്ദേഹത്തെ പല പ്രമുഖ സംഗീത സംവിധായകരും ഒഴിവാക്കിയിരുന്നു. 1958ൽ 'കായിലേ ഇനിപ്പതെല്ലാം കനിയാനാൽ കശപ്പതെന്നാ?' എന്ന കെ. വി. മഹാദേവന്റെ ഗാനത്തോടൊപ്പം ചൂട് പിടിച്ച വാദപ്രതിവാദങ്ങൾ നടന്നുവെന്ന് പറയപ്പെടുന്നു. ഇതിന്നുശേഷം ഇദ്ദേഹത്തെ അവർ ഒഴിവാക്കി. തുടർന്ന് എം. എസ്. വിശ്വനാഥനും അതേ നിലപാടെടുത്തു. തെലുങ്ക് സിനിമാരംഗത്തും ഇത് തുടർന്നു. സിനിമാ നിരൂപകരുടെ അഭിപ്രായത്തിൽ ഇതിന് കാരണക്കാരൻ രാജ തന്നെയായിരുന്നു എന്നാണ്.

എങ്കിലും ജി. ദേവരാജൻ മലയാള ഗാനങ്ങൾ പാടാൻ രാജയ്ക്ക് ധാരാളം അവസരങ്ങൾ നല്കി. അന്ന് മദ്രാസിൽ താമസിച്ചുകൊണ്ടാണ് ഗാനങ്ങൾ ചിട്ടപ്പെടുത്തിയിരുന്നത്. ദേവരാജന്റെ അഭിപ്രായത്തിൽ ഇദ്ദേഹം നല്ലൊരു ഗായകനും, അതോടൊപ്പം കാര്യങ്ങൾ യാഥാർത്ഥ്യ ബോധത്തോടെ നേരായ ദിശയിൽ കാണുന്നവനും ആണെന്നായിരുന്നു. ഈ സ്വഭാവത്തെ ചിലർ തെറ്റിദ്ധരിച്ചതാണെന്നും ദേവരാജൻ അഭിപ്രായപ്പെടുകയുണ്ടായി.

1970ൽ വി. കുമാർ, വി. ശങ്കർ ഗണേഷ് എന്നിവരുടെ സംവിധാനത്തിൽ പാടിയ പാട്ടുകളും വൻ ഹിറ്റുകളായി. 1973ൽ 'പുടിനെല്ലു, മേട്ടിനെല്ലു' എന്ന തെലുങ്ക് സിനിമയ്ക്ക് വേണ്ടി പി. സുശീലയോടൊത്തൊരു യുഗ്മ ഗാനം പാടാൻ ഇദ്ദേഹത്തെ ക്ഷണിച്ചു. ഇതും വൻ വിജയമായിരുന്നു. ഈ മടങ്ങിവരവിന് അധികം ആയുസ്സുണ്ടായിരുന്നില്ല. ഇതിനുമുൻപ് പറഞ്ഞ കാര്യങ്ങൾ തന്നെ. 1952ൽ എം. ജി. ആർ അഭിനയിച്ച 'ജെനോവ' എന്ന സിനിമയ്ക്ക് ആദ്യ സംഗീത സംവിധാനം നിർവ്വഹിച്ചത് രാജയായിരുന്നു. തുടർന്നിത് എം. എസ്. വിശ്വനാഥനെ ഏല്പിച്ചെങ്കിലും ഇതിലെ ഗാനങ്ങൾ മുഴുവൻ പാടിയത് രാജയായിരുന്നു. 1958ൽ 'ശോഭ' എന്ന തെലുങ്ക് സിനിമയ്ക്കാണ് രാജ ആദ്യമായി സംഗീത സംവിധാനം നിർവ്വഹിച്ചത്. (എൻ. ടി. ആർ; അഞ്ജലി ദേവി ജോഡികൾ). തുടർന്ന് 'കല്യാണപരിശ്' എന്ന തമിഴ് സിനിമയിൽ ഡയറക്ടർ എസ്. വി. ശ്രീധർ രാജയ്ക്ക് അവസരം നൽകി. ജമിനി ഗണേശൻ സരോജ ദേവി ജോഡികളഭിനയിച്ച ഈ കുടുംബ സിനിമ പ്രേക്ഷകരെ ഏറെ ആകർഷിച്ചു. ഒപ്പം ഇതിലെ ഗാനങ്ങളും. 1959ൽ ഈ സിനിമയിലെ സംഗീതസംവിധാനത്തെ മുൻനിർത്തി 'മദ്രാസ് ഫിലിം ഫാൻസ് അവാർഡും' ലഭിച്ചു. അതേവർഷം 'അൻപുക്കോർ അണ്ണി', ശിവാജി ഗണേശന്റെ 'വടിവെള്ളി', ശ്രീധറിന്റെ തന്നെ 'തേൻനിലവ്' (ജമിനി ഗണേശൻ - വൈജയന്തിമാല ജോഡികൾ - ചിത്രാലയാ ബാനർ) എന്നിവയുടെ സംഗീതസംവിധാനവും രാജയായിരുന്നു. പിന്നീട് ശ്രീധറും രാജയും അകന്നെങ്കിലും 1962ൽ ശ്രീധർ തന്റെ 'നെഞ്ചിൽ ഒരാലയം' എന്ന സിനിമയ്ക്ക് വേണ്ടി രാജയെ സമീപിച്ചെങ്കിലും രാജ സമ്മതിച്ചില്ല. തുടർന്ന് കെ. ശങ്കറിന്റെ 'ആടിപ്പെരുക്ക്' എന്ന സിനിമയുടെ സംഗീത സംവിധാനം നിർവ്വഹിച്ചു. ഇതോടെ രാജയുടെ സംഗീതസംവിധാനയാത്ര അവസാനിച്ചു. എന്നാലും കല്യാണപരിശ്, തേൻനിലവ് എന്നീ സിനിമയിലെ ഗാനങ്ങൾ കുറേക്കാലം പ്രേക്ഷകമനസ്സുകളിൽ നിന്ന് മായാതെ കിടന്നു. തേൻനിലവിൽ എസ്. ജാനകിയാണ് വൈജയന്തിമാലയ്ക്ക് വേണ്ടി പാടിയത്.

മലയാളത്തിൽ 1970ൽ 'അമ്മ എന്ന സ്ത്രീ', 1973ൽ തമിഴിൽ 'വീട്ടു മാപ്പിളൈ', 'എനിക്കൊരു മകൻ പിറപ്പായ്' എന്നീ സിനിമകൾക്ക് കൂടി സംഗീതം പകർന്നിരുന്നു. പി. ജി. കൃഷ്ണവേണി എന്ന 'ജിക്കി'യെയാണ് ഇദ്ദേഹം വിവാഹം ചെയ്തത്. ഇവർ പി. ലീലയോടൊപ്പം തെലുങ്കിലെ അക്കാലത്തെ മികച്ച പിന്നണി ഗായികയായിരുന്നു. 'സംസാരം', 'കുമരി' എന്നീ സിനിമകളുടെ സെറ്റിൽ വെച്ചുള്ള പരിചയം വിവാഹത്തിൽ കലാശിക്കുകയായിരുന്നു. ഇവർക്ക് നാല് ആൺമക്കളും രണ്ട് പെൺമക്കളുമാണുള്ളത്. മലേഷ്യ - സിങ്കപ്പൂർ എന്നീ വിദേശ രാജ്യങ്ങളിൽ 'രാജ-ജിക്കി' ദമ്പതിമാർ ഗാനമേളകൾ അവതരിപ്പിക്കുകയും ചെയ്തിരുന്നു.

ഏകദേശം 60 വയസ്സ് തികയുന്ന 1989ൽ അതിദാരുണമായി അപ്രതീക്ഷിതമായിരുന്നു ഇദ്ദേഹത്തിന്റെ ദേഹവിയോഗം. കന്യാകുമാരിയിൽ ഒരു പരിപാടിയിൽ പങ്കെടുക്കാൻ പോകവെ, വണ്ടി തിരുനെൽവേലിയിൽ നിന്നപ്പോൾ കൂടെയു

ള്ള അകമ്പടിക്കാരിലൊരാൾ പ്ലാറ്റ്ഫോമിലിറങ്ങി എന്തോ വാങ്ങുവാൻ പോയിരുന്നു. ഇദ്ദേഹത്തെ കാണാതിരുന്നപ്പോൾ രാജയും പ്ലാറ്റ്ഫോമിലിറങ്ങി. അല്പം കഴിഞ്ഞ് വണ്ടി പതുക്കെ നീങ്ങാൻ തുടങ്ങിയപ്പോൾ അതിൽ കയറാനുള്ള ധൃതിയിൽ കാൽ വഴുതി പ്ലാറ്റ്ഫോമിനും തീവണ്ടിയ്ക്കും ഇടയിൽ കൂടി ട്രാക്കിൽ വീണ് മരണമടയുകയായിരുന്നു. ഏകദേശം 15 വർഷങ്ങൾക്കുശേഷം ജിക്കിയും മരണമടഞ്ഞു.

***ഇദ്ദേഹം ആലപിച്ച ചില പ്രശസ്ത മലയാള ഗാനങ്ങൾ***

1. ആകാശ ഗംഗയുടെ കരയിൽ (ഓമനക്കുട്ടൻ)
2. അക്കരക്കുണ്ടോ (ഇണപ്രാവുകൾ)
3. അന്നുനിന്നെ കണ്ടതിൽ പിന്നെ (ഉണ്ണിയാർച്ച)
4. ചന്ദനപ്പല്ലക്കിൽ (പാലാട്ട് കോമൻ)
5. ചന്ദ്രികയിലലിയുന്നു ചന്ദ്രകാന്തം (ഭാര്യമാർ സൂക്ഷിക്കുക)
6. ദേവദാരു പൂത്ത നാളൊരു (മണവാട്ടി)
7. എൻ കണ്ണിന്റെ കടവിലടുത്താൽ (ഉമ്മ)
8. കാണാൻ പറ്റാത്ത കനകത്തിൻ മണിമുത്തേ, കൺമണി നീയെൻ കരം പിടിച്ചാൽ (കുപ്പിവള)
9. മാനസേശ്വരീ മാപ്പുതരൂ... (അടിമകൾ)
10. മാനസറാണി (കൂടപ്പിറപ്പ്)
11. മനസ്സമതം തന്നാട്ടെ (ഭാര്യ)
12. താഴംപൂ മണമുള്ള തണുപ്പുള്ള രാത്രിയിൽ (അടിമകൾ)
13. കണ്ണുംപൂട്ടിയുറങ്ങുക നീയെൻ (സ്നേഹസീമ)
14. പാലാഴിക്കടവിൽ നീരാട്ടിനിറങ്ങിയ (കടലമ്മ)
15. പാലാണ് തേനാണ് ഖൽബിലെ പൈങ്കിളിക്ക് (ഉമ്മ)
16. കാറ്ററിയില്ല കടലറിയില്ല (ജയിൽ)

മലയാളത്തിൽ ഇദ്ദേഹം ഏകദേശം നൂറ്റിയിരുപതോളം ഗാനങ്ങളാലപിച്ചിട്ടുണ്ട്.

*അടുത്ത ലക്കം : കെ. പി. ഉദയഭാനു, ബി. വസന്ത*

(തുടരും)

# ചെറിയവരുടെ വലിയ ലോകം



**രാജൻ കിണറ്റിങ്കര**
**8691034228**

**ന**മ്മൾ വലിയ ബുദ്ധിമാന്മാർ ആണെന്നാണ് നമ്മുടെ ഓരോരുത്തരുടെയും വിചാരം. ആ ഒരു അഹന്ത നമ്മുടെ എല്ലാവരുടെയും മനസ്സിൽ ഉണ്ട് താനും, പുറമെ എളിമ കാണിക്കുമ്പോഴും അത്തരം ഒരു ചിന്ത നമ്മുടെ മനസ്സിൽ ഉറങ്ങി കിടക്കുന്നുണ്ട് എന്ന് തന്നെയാണ് സത്യം. പക്ഷെ, ചില അപ്രതീക്ഷിത 'പ്രഹരങ്ങൾ' നമ്മളെ വല്ലാതെ ചെറുതാക്കി കളയും. മെഗാ സ്റ്റാർ മമ്മൂട്ടി സലാം മുംബൈയുടെ വേദിയിൽ നെൽസൺ എന്ന കോമഡി സ്റ്റാർ ആലപിച്ച ശാസ്ത്രീയ ഗാനം കേട്ട് പറഞ്ഞത് "ഞാൻ നെൽസന്റെ മുന്നിൽ വല്ലാതെ ചെറുതായി പോയി" എന്നാണ്. മെഗാ സ്റ്റാർ എന്ന താര പരിവേഷവുമായി വേദിയിൽ നിൽക്കുന്ന മമ്മൂട്ടിയുടെ മുന്നിൽ അപ്രതീക്ഷിതമായി തന്റെ ശാസ്ത്രീയ സംഗീത പാടവം നെൽസൺ പ്രകടിപ്പിച്ചപ്പോഴാണ് മഹാനടനിൽ നിന്നും അങ്ങിനെയൊരു പ്രതികരണം ഉണ്ടായത്. ഇത്തരം ഒരു കഴിവുകളും ഇല്ലാത്ത തന്നെക്കാൾ വളരെ ഉയരത്തിലാണ് നെൽസൺ എന്ന മനുഷ്യന്റെ സ്ഥാനം എന്ന ഏറ്റുപറച്ചിൽ എളിമക്കപ്പുറം ആ കലാകാരനുള്ള ഒരു അംഗീകാരം കൂടിയായിരുന്നു.

എത്ര വലിയ സ്കോളർ ആയാലും ചിലപ്പോൾ സാമാന്യ ബുദ്ധി പോലും പ്രവർത്തിക്കാതെ വരും. വേണ്ടത് വേണ്ടപ്പോൾ തോന്നുന്നവനാണ് ജീവിതത്തിലെ യഥാർത്ഥ വിജയി. ആ തോന്നൽ അനുഭവം നൽകുന്ന പാഠം ആണ്. 'അച്ഛൻ വിതക്കും അമ്മ കൊയ്യും പത്തായം പെറും' എന്ന പുതിയ യുഗത്തിന്റെ ജീവിത സങ്കൽപ്പങ്ങൾക്ക് ഇത്തരം അനുഭവങ്ങൾ ഉണ്ടാവില്ല. ജീവിതത്തിന്റെ സങ്കീർണ്ണതകളിൽ പൊള്ളുന്ന യാഥാർഥ്യങ്ങളിൽ അവർ പകച്ചു നിൽക്കും. ഇൻസ്റ്റന്റ് ജീവിതങ്ങൾക്ക് പ്രായോഗിക ബുദ്ധി നഷ്ടപ്പെട്ടിരിക്കുന്നു.

കുറച്ച് മുന്നത്തെ ഒരു അനുഭവം. ഡിഗ്രിക്ക് പഠിക്കുന്ന മകൾക്ക് ഒരു പ്രോജക്റ്റ് തയ്യാറാക്കണമത്രേ. പ്രോജക്ടിന്റെ ഭാഗമായി മുനിസിപ്പാലിറ്റിയിലെ പതിനഞ്ചോളം സ്വീപ്പർമാരെ കണ്ട് സംസാരിച്ച് അവരുടെ ജോലിയെ കുറിച്ചും അവർ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചും ജീവിത ചുറ്റുപാടുകളെ കുറിച്ചും ഒക്കെ എഴുതണം. അതുവരെ സ്വീപ്പർമാരെ കണ്ടാൽ മുഖം തിരിച്ചു നടന്നിരുന്ന ഞാൻ ഇപ്പോൾ റോഡിലിറങ്ങിയാൽ സ്വീപ്പർമാരെ തിരഞ്ഞു നടക്കുകയാണ്. ഇപ്പോൾ എനിക്കവരോട് ഇത്തിരി സ്നേഹമൊക്കെ തോന്നാൻ തുടങ്ങിയിരിക്കുന്നു. അല്ലെങ്കിലും ഓരോന്നും വിലപ്പെട്ടതാകുന്നത് ആ കാര്യം അല്ലെങ്കിൽ ആ വസ്തു നമുക്ക് ആവശ്യമുള്ളതാവുമ്പോൾ മാത്രമാണല്ലോ.

ആ അന്വേഷണ യാത്രയിലാണ് പ്രഭാതത്തിലെ തണുപ്പിൽ മുഖത്തും ശരീരത്തിലും തുണി ചുറ്റി തണുപ്പകറ്റാൻ പാടുപെട്ടു കൊണ്ട് റോഡ് വൃത്തിയാക്കുന്ന ഒരു സ്ത്രീയെ കണ്ടത്. കണ്ടപ്പോൾ സഹതാപം തോന്നി. ഉച്ചക്ക് പോലും തണുപ്പെന്നു പറഞ്ഞ് ഫാൻ ഓഫ് ചെയ്യുന്ന ആരോഗ്യവാനായ താൻ തണുപ്പിനെ വക വയ്ക്കാതെ സ്വന്തം ഡ്യൂട്ടി ചെയ്യുന്ന വാർദ്ധക്യത്തിലേക്കു കാലൂന്നുന്ന ഈ സ്ത്രീക്ക് മുന്നിൽ വല്ലാതെ ചെറുതായ പോലെ.

ഞാൻ മെല്ലെ അടുത്ത് ചെന്ന് മോളുടെ പ്രോജക്ടിന്റെ കാര്യം അവരോട് സൂചിപ്പിച്ചു, അവർക്ക് സഹായിക്കാൻ പറ്റുമോ എന്നും ചോദിച്ചു. അവർ പറഞ്ഞു, ഞാൻ സഹായിക്കാം, മോളോട് പറയൂ എന്നോട്

സംസാരിക്കാൻ. സംസാരിക്കണമെങ്കിൽ മൊബൈൽ നമ്പർ വേണ്ടേ. വയസ്സായ സ്ത്രീയാണെങ്കിലും അവരോട് മൊബൈൽ നമ്പർ ചോദിക്കാൻ ഒരു മടി. അതിനാൽ വളരെ ഭവ്യമായി തന്നെ ചോദിച്ചു, വിഷമം ഇല്ലെങ്കിൽ ആ നമ്പർ ഒന്ന് തന്നാൽ ഞാൻ മോളോട് സംസാരിക്കാൻ പറയുമായിരുന്നു. "അതിനെന്താ, നമ്പർ തരാമല്ലോ", അവർക്ക് ഒരു മടിയും ഇല്ലായിരുന്നു. അത് കേട്ടതും ഞാൻ എന്റെ മൊബൈലിൽ നമ്പർ ഫീഡ് ചെയ്യാൻ റെഡി ആയി നിന്നു. പക്ഷെ അവർക്ക് അവരുടെ സ്വന്തം നമ്പർ അറിയില്ലായിരുന്നു. ഞാൻ വിഷമത്തിലായി, കുറെ നടന്നതിന് ശേഷം ആണ് സഹായിക്കാൻ മനസ്സുള്ള ഒരു സ്വീപ്പറെ കണ്ടത്. മോളുടെ കാര്യം സാധിച്ചു കൊടുക്കാൻ കഴിഞ്ഞ ഒരു അച്ഛന്റെ അഹംഭാവം അവർക്ക് നമ്പർ അറിയില്ല എന്ന പറച്ചിലിൽ നിലം പറ്റി.

ഞാൻ ചോദിച്ചു, "നിങ്ങൾ ഈ റോഡിൽ കുറച്ച് നേരം കൂടി ഉണ്ടാകുമോ, ഞാൻ വീട്ടിൽ പോയി മോളെ കൂട്ടി വരാം, കാരണം നമ്പർ അറിയില്ലെങ്കിൽ പിന്നെ എങ്ങിനെയാണ് അവൾ നിങ്ങളെ വിളിക്കുക. ഞാൻ നിസ്സഹായത പ്രകടിപ്പിച്ചു.

സാറേ, എന്റെ ഫോണിൽ നിന്നു നിങ്ങളുടെ ഫോണിലേക്ക് ഒരു മിസ് കാൾ ചെയ്താൽ പോരെ, എന്റെ നമ്പർ നിങ്ങളുടെ മൊബൈലിൽ വരില്ലേ, അതിനിത്ര ബുദ്ധി മുട്ടാനും വിഷമിക്കാനും ഒക്കെ ഉണ്ടോ. സത്യത്തിൽ ഇത്ര നിസ്സാരമായ ഒരു പ്രായോഗിക ബുദ്ധി അത്രയും നേരം അവിടെ നിന്നിട്ടും ബുദ്ധിമാൻ intelligent എന്നൊക്കെ സ്വയം അഭിമാനിക്കുന്ന (അതോ അഹങ്കരിക്കുകയോ) എന്റെ തലയിൽ വന്നില്ല. മറിച്ച് വയസ്സായ ആ തൂപ്പുകാരിക്ക് ആ ബുദ്ധി വരാൻ ഒരു സക്കെന്റിന്റെ സമയം പോലും വേണ്ടിവന്നില്ല. ഇത്തരം സന്ദർഭങ്ങളാണ് നമ്മുടെ അഹന്തക്ക് കിട്ടുന്ന പ്രഹരങ്ങൾ. നമ്മൾ വളരെ ചെറുതായി പോകുന്ന നിശബ്ദ നിമിഷങ്ങൾ.

അവർ എന്റെ കയ്യിൽ അവരുടെ മൊബൈൽ തന്നു, ഞാൻ എന്റെ മൊബൈലിലേക്ക് അതിൽ നിന്നും ഒരു കാൾ ചെയ്ത് നമ്പർ സേവ് ചെയ്തു. ഞാൻ ഈ കാൾ ചെയ്യുകയും അവരുടെ നമ്പർ സേവ് ചെയ്യുകയും ഒക്കെ ചെയ്യുന്ന സമയത്തും അവർ വെറുതെ നിൽക്കുകയായിരുന്നില്ല, അവർ അപ്പോഴും തന്റെ ഡ്യൂട്ടിയിൽ വ്യാപൃതയായിരുന്നു. ഇത്തരക്കാരാണ് നിഷ്കളങ്കതയുടെ പര്യായങ്ങൾ, അവരാണ് നാടിന്റെ നട്ടെല്ലുകൾ. വൈറ്റ് കോളർ ജോലിയും സൂട്ടും കോട്ടുമിട്ട് നടക്കുന്നവരേക്കാൾ സഹായിക്കാനുള്ള മനസ്സുള്ളവർ നമ്മൊളൊന്നും ഒരിക്കൽ പോലും ചിന്തിക്കാതിരിക്കുന്ന ഇത്തരം സാധാരണക്കാരിൽ സാധാരണക്കാരായ മനുഷ്യ ജന്മങ്ങളാണ്.

ഇത് പറയാൻ കാരണം, മറ്റൊരു പ്രോജക്ടിന്റെ ഭാഗമായി മോൾക്ക് നഗരത്തിലെ പ്രസിദ്ധമായ ഒരു സിനി മാളിന്റെ മുന്നിൽ ചെല്ലേണ്ടി വന്നു. സിനിമ കണ്ട് ഇറങ്ങുന്നവരോട് സിനിമയെ കുറിച്ചുള്ള അവരുടെ അഭിപ്രായം ചോദിക്കണം, അവർ ഉത്തരം പറയുമ്പോൾ അത് ഷൂട്ട് ചെയ്യണം. രണ്ട് ലൈൻ പറയുകയേ വേണ്ടൂ. പക്ഷെ ക്യാമറ കണ്ട് പലരും ഒഴിഞ്ഞു മാറി, അവരുടെ പടം ഷൂട്ട് ചെയ്ത് എന്തൊക്കെയോ ചെയ്യാൻ പോകുന്നു എന്ന മട്ടിലായിരുന്നു പലരുടെയും പ്രതികരണം. ഒരു ഇരുപത്തഞ്ചു പേരോടെങ്കിലും കെഞ്ചി ചോദിച്ചതിന് ശേഷം ആണ് ഒരാൾ മറുപടി പറയാൻ തയ്യാറായത്. അങ്ങിനെ ഒരു മൂന്നു പേരുടെ അഭിപ്രായങ്ങൾക്കുവേണ്ടി കുറഞ്ഞത് അമ്പത് പേരെയെങ്കിലും സമീപിക്കേണ്ടി വന്നു. അതാണ് മുകളിൽ പറഞ്ഞത്, കോളേജിലെ മോളുടെ സബ്ജക്ടിനെ കുറിച്ചും പ്രോജക്ടിന്റെ ഭാഗമായുള്ള ചോദ്യങ്ങൾ ആണെന്നും ഒക്കെ പറഞ്ഞിട്ടും പഠിപ്പും വിവരവും ഉള്ള ആൾക്കാരുടെ പ്രതികരണം ഇങ്ങിനെയായിരുന്നു. അപ്പോൾ ഒന്നും ആലോചിക്കാതെ സഹായിക്കാൻ സന്നദ്ധയായി തന്റെ മൊബൈൽ എന്റെ കയ്യിലേക്ക് വച്ച് നീട്ടിയ ഈ പാവം സ്ത്രീയെ മനസ്സ് കൊണ്ടെങ്കിലും നമിക്കേണ്ടെ?

●

## കാഴ്ചയ്ക്ക(ഇ)പ്പുറം

# യാത്രക്കിടയിൽ



**രാജേന്ദ്രൻ വയല**
**9446377201**

**മം**ഗലാപുരത്ത് മകൻ ജോലി ചെയ്യുന്ന സ്ഥലത്തുനിന്ന് നാട്ടിലേക്ക് പോരാൻ ട്രെയിനിൽ കയറിയിരിക്കുകയാണ് ഞാൻ. സമയം പുലർന്നുവരുന്നുതേയുള്ളു. റിസർവ്വ് ചെയ്തിരുന്ന കമ്പാർട്ടുമെന്റിൽ നിറയെ ബംഗാളികളുടെ തിരക്ക്. മിക്കവാറും എല്ലാവരും ഉറക്കത്തിലാണ്. ഉണർന്നവർ മറ്റുള്ളവരെ തട്ടിവിളിക്കുന്നു.

എന്റെ സീറ്റിലും ആളുകൾ കിടപ്പിലാണ്. ഒഴിഞ്ഞൊരു സീറ്റിലിരുന്ന് ഞാൻ പതിയെ എല്ലാം നിസ്സംഗനായി നിരീക്ഷിച്ചു. ദീർഘയാത്രകളിൽ ഒന്നുകിൽ വായനയോ, നിരീക്ഷണമോ ഒക്കെയാണ് സമയം നീക്കാനുള്ള ഉപാധി. അങ്ങനെ സമയം നീക്കുകയാണെന്നും പറയാനാവില്ല, വിനിയോഗിക്കുകയെന്നു തിരുത്താം.

മുകളിലും താഴെയുമൊക്കെ ഒന്നും രണ്ടും പേർ ചേർന്ന് സയാമീസ് ഇരട്ടകളെപ്പോലെ ഒട്ടിച്ചേർന്നാണ് കിടപ്പ്. ഒന്നുരണ്ട് ചെറുപ്പക്കാരായ സ്ത്രീകളും കുട്ടികളുമൊക്കെയുണ്ട് സംഘത്തിൽ. ഉണർന്നവർ ഓരോരുത്തരെയായി തട്ടി വിളിച്ചും പേരുപറഞ്ഞും ഉണർത്തിയെടുക്കുന്നു. ബർമൂഡയും കളർ ബനിയനുമൊക്കെയാണ് വേഷം.

ഉച്ചത്തിലാണ് സംഭാഷണം. ഹിന്ദിയുടെ നിഴലുകൾ മാത്രമുള്ള ബംഗാളിയിലെ പ്രാദേശിക ഭാഷ. പൊതുസ്വഭാവമുള്ള ഭാഷയ്ക്കുതന്നെ എത്രയോ രീതിഭേദങ്ങൾ...

ഉണർന്നെണീറ്റവർ പേസ്റ്റും ബ്രഷും ടവലുമൊക്കെയായി ട്രെയിനിലൂടെ ഉറക്കപ്പിച്ചിൽ ബാത്റൂം കംകക്കൂസ്സിലേക്ക് നടക്കുന്നു. ബ്രഷുകൾ മാറിപ്പോയത് ചിലരൊക്കെ പിടിച്ചുവാങ്ങുകയോ പകരം എടുത്തുകൊടുക്കുകയോ ചെയ്യുന്നുണ്ട്. ചിരിയും പരിഹാസവും ഒക്കെയുണ്ടെങ്കിലും ഒരു ഇഴപിരിയാത്ത കൂട്ടായ്മയുടേയും കരുതലിന്റേയും ഒരുമ അവരിലുണ്ടായിരുന്നു.

തറയിലൊക്കെയും ഒഴിഞ്ഞ വെള്ളക്കുപ്പികളും ബിസ്ക്കറ്റ് കവറുകളും നിറഞ്ഞുകിടന്നു. ഓരോരുത്തരും പല്ലുതേച്ചും കുളിച്ചുമൊക്കെ വന്ന് ബാഗിൽ നിന്ന് പുതിയതെടുത്ത് ധരിച്ച് സ്പ്രേയും പൗഡറുമൊക്കെ പൂശി ചായയും വടയും എത്തുന്നതിനായി അക്ഷമയോടെ കാത്തിരുന്നു.

രണ്ടുനാലു ദിവസമായി ട്രെയിനിൽ തുടർച്ചയായി യാത്ര ചെയ്യുന്നത് കൊണ്ടാവും മണം പൂശിയിട്ടും വല്ലാത്തൊരു മുശട് ഗന്ധം അവിടെ നിറഞ്ഞുനിന്നു. അടുത്ത സ്റ്റേഷനിൽ നിന്ന് കയറിയ രണ്ടു പുരുഷൻമാരും സ്ത്രീയും ഇവരെ അസഹിഷ്ണുതയോടേയും നിറഞ്ഞ പരിഹാസത്തോടേയും വീക്ഷിച്ചു. ഇങ്ങനേയും മനുഷ്യരുണ്ടല്ലോ എന്ന മട്ടിൽ എന്നെ നോക്കി പിന്തുണ തേടി. ഞാനാകട്ടെ യാതൊരു ഭാവവും കലരാതെ നിർമ്മമനായി ഒരു ചെറുചിരി പാസ്സാക്കി.

വടയും ചായയുമെത്തിയപ്പോൾ അവർ ചാടിവീണു. എല്ലാവർക്കും അത് പങ്കിടുന്നതിലും കഴിക്കും മുമ്പേ കാശ് എല്ലാവരിൽ നിന്നും ശേഖരിക്കുന്നതിലും ഒരു ചെറുപ്പക്കാരൻ നേതൃത്വം നല്കി. സ്ത്രീ ഉൾപ്പെട്ട മൂവർ സംഘം, ബംഗാളി സംഘത്തിന്റെ വൃത്തിയില്ലായ്മയെക്കുറിച്ചും മുശട് ഗന്ധത്തെക്കുറിച്ചും തങ്ങൾക്ക് ഈ ബോഗി തന്നെ കിട്ടിയതിലുള്ള പരിതാപത്തെക്കുറിച്ചും പഴി പറഞ്ഞുകൊണ്ടേയിരുന്നു, കുറച്ച് ഉറക്കെത്തന്നെ.

ഇത് മലയാളിത്തശീല തനിമയാകുന്നുവല്ലോ എന്നതിൽ എനിക്ക് ലേശം ഖേദം തോന്നി. അടുത്ത സ്റ്റേഷനിൽ നിന്ന് രണ്ട് ചെറുപ്പക്കാർ വന്നുകയറി. അവർക്ക് സൈഡ് സീറ്റായിരുന്നു കിട്ടിയത്. കയറിയപാടെ അവർ മൊബൈൽ ഓണാക്കി അതിലേക്ക് തല പൂഴ്ത്തിയിരുന്നു.

ബംഗാളി യാത്രക്കാരുടെ ഉച്ചത്തിലുള്ള സംസാരവും ചിരിയും അവരുടെ മൊബൈൽ സ്വകാര്യതയ്ക്കും ഇടയ്ക്ക് ഭംഗമുണ്ടാക്കി. അലോസരത്തോടെ അവർ ബംഗാളികളെ മുഖമുയർത്തി നോക്കി. സ്ത്രീയുൾപ്പെട്ട മൂവർ സംഘം അങ്ങനെയൊരവസരത്തിൽ ചെറുപ്പക്കാരോട് സ്വകാര്യത നശിപ്പിക്കുന്ന വൃത്തികെട്ട കൂട്ടരെക്കുറിച്ച് പഴി പറഞ്ഞു. അത് അവരേയും പ്രകോപിപ്പിച്ചുവെന്നു തോന്നി. ടിക്കറ്റ് എക്സാമിനറോട് ഇതേക്കുറിച്ച് പരാതി പറയാൻ അവർ ഒത്തൊരുമിച്ചു തീരുമാനിച്ചു.

ഈ തീരുമാനത്തിനൊപ്പം നിൽക്കണമെന്ന് അവർ എന്നോടും അഭ്യർത്ഥിച്ചു. അതുവരെ മൗനം അവലംബിച്ച എനിക്ക് എന്തെങ്കിലും സംസാരിച്ചേ തീരൂ എന്നായി.

“ഇനി രണ്ടുമണിക്കൂർ പോലുമില്ല ഇവർക്കിറങ്ങാനുള്ള എറണാകുളത്തെത്താൻ. അതുവരെ...”

ഞാൻ പതിയെ പറഞ്ഞത് അവർക്ക് നീരസമുണ്ടാക്കിയെന്ന് മുഖഭാവങ്ങൾ വ്യക്തമാക്കി.

“ഇങ്ങനെ പ്രതികരിക്കാതിരിക്കുന്നതുകൊണ്ടാണ് നമ്മുടെ നാടിങ്ങനെ...” സ്ത്രീ പ്രതികരിച്ചു.

അങ്ങനെയാണെങ്കിൽ ചുറ്റുമുള്ള എത്രോ അനീതികൾക്കെതിരെ പ്രതികരിക്കാനുണ്ട് നമുക്ക് എന്ന് മനസ്സിലങ്ങനെ ഉരുക്കഴിച്ച് ഞാൻ സ്ഥിതപ്രജ്ഞനായി നിലകൊണ്ടു. ഈ ബംഗാളി സഹോദരങ്ങൾ കേരളത്തിലെത്തി ചെയ്യുന്ന പ്രവൃത്തികളുടെ മിച്ചമൂല്യത്തെക്കുറിച്ച് നാം അത്രയൊന്നും ആലോചിക്കുകയോ പഠനവിധേയമാക്കുകയോ ചെയ്തിട്ടുണ്ടെന്നു തോന്നുന്നില്ല. അവരിലൊരു ന്യൂനപക്ഷം ക്രിമിനൽ സ്വഭാവമുള്ളവരുണ്ടാവും. അങ്ങനെയുള്ളവർ നമുക്കിടയിലുമുണ്ടല്ലോ. ഓരോ തൊഴിലും ചെയ്യുന്നവരുടെയും ജീവിതപശ്ചാത്തലമനുസരിച്ച് വേഷഭൂഷാദികളിലും വെടിപ്പിലും വൃത്തിയിലുമൊക്കെ വേറിട്ട രീതികളുണ്ടാവും. എപ്പോഴും നല്ല വേഷം ധരിച്ച് പ്രകടനപരതയുള്ള പെരുമാറ്റ രീതികളുമായി നടക്കാൻ എല്ലാവർക്കുമാവുമോ ? മാനുഷികതയെ ഉൾക്കൊള്ളാനും നവതലമുറയെ പഠിപ്പിക്കാനും നാം വിമുഖതരാവുന്നില്ലേ ?

ഇങ്ങനെയൊക്കെ ചിന്തിച്ചിരിക്കുന്നതിനിടയിൽ ടിക്കറ്റ് എക്സാമിനർ വന്നു. സ്ത്രീയും പുരുഷൻമാരും പരാതിക്കെട്ടഴിക്കാൻ തുടങ്ങി. ജോലിക്കിടയിൽ അയാൾ എല്ലാം നിസ്സംഗനായി കേട്ടുനിന്നു. പോകാൻ തുടങ്ങിയപ്പോൾ പതിയെ പറഞ്ഞു - “മൂന്നുദിവസം രാത്രിയും പകലും യാത്ര ചെയ്തുവരുന്നവരല്ലേ. കുറേക്കൂടി കഴിഞ്ഞാൽ ഇവരിറങ്ങും. അതുകഴിഞ്ഞ് ഇവിടം വെടിപ്പാക്കാൻ ഏർപ്പാടാക്കാം.”

അവരൊക്കെയും പിന്നെയും എന്തൊക്കെയോ പിറുപിറുത്തുകൊണ്ടിരുന്നു. ബംഗാളികൾക്ക് ഇതൊക്കെയും മനസ്സിലായെന്ന് അവരുടെ മുഖഭാവങ്ങൾ കൊണ്ടെനിക്ക് മനസ്സിലായി. പിന്നെ എറണാകുളത്തെത്തുംവരെ എല്ലാവരും നിശബ്ദരായിരുന്നു. ബാഗുകളുമായി ഇറങ്ങിപ്പോകുന്നതിനിടയിൽ ചിലരൊക്കെ എന്നെ നോക്കി ആർദ്രതയോടെ ചിരിച്ചു. ●


**വരിക്കാരായി സഹകരിക്കുക**

**ഏക തത്ത്വ മാസിക**

**വാർഷിക വരിസംഖ്യ - 170 രൂപ**


**രണ്ടുവർഷത്തേയ്ക്ക് - 340 രൂപ**

**മൂന്നുവർഷത്തേയ്ക്ക് - 500 രൂപ**

**രചനകളും കത്തുകളുമയക്കേണ്ട വിലാസം**

Eka Thathwa
A9, New Civil Nagar,
Behind Civil Station,
Palakkad - 1
or
ഏക തത്ത്വ
പോസ്റ്റ് ബോക്സ് നമ്പർ - 70
പാലക്കാട് - 678001

# തെക്കീട്ടിൽ കഥകൾ



**സുരേഷ് തെക്കീട്ടിൽ**
**9446330957**

## ലിസ്റ്റ്

"**പ**രിചയസമ്പന്നരും, പ്രഗത്ഭരും നേതൃത്വത്തിൽ വരണം എന്നാണ് ആഗ്രഹിക്കുന്നത്. അതുമാത്രം പോര, ഊർജ്ജസ്വലരാകണം, പ്രവർത്തിക്കാൻ സദാ സജ്ജരുമാകണം, എന്നാലേ കാര്യമുള്ളൂ. എങ്കിലേ കാര്യക്ഷമതയോടെ ഈ കൂട്ടായ്മ മുന്നോട്ട് പോകൂ. അത്തരം വ്യക്തികളുൾപ്പെട്ട ഒരു ഭാരവാഹി ലിസ്റ്റാണ് ഞാൻ വായിക്കുന്നത്. നിങ്ങൾ ഇതംഗീകരിക്കണം."

ഇത്രയും പറഞ്ഞ് അയാൾ സ്വയം തയ്യാറാക്കിയ ലിസ്റ്റ് വേദിയിൽ എണീറ്റ് നിന്ന് വായിച്ചു. വായിച്ചു കഴിഞ്ഞതും സദസ്സിലുള്ളവർ അത്ഭുതത്തോടെ പരസ്പരം നോക്കി. ഇതൊക്കെ ആര് എന്ന ചോദ്യം എല്ലാവരുടേയും കണ്ണുകൾ തമ്മിൽ തമ്മിൽ ചോദിച്ചു.

കൂട്ടത്തിൽ നിന്നൊരാൾ പതിയേ എണീറ്റു. ശാന്തഭാവത്തിൽ അയാൾ സംസാരം തുടങ്ങി, തികഞ്ഞ പക്വതയോടെ. "ഈ വായിച്ച ലിസ്റ്റിലുള്ള ഭൂരിഭാഗം പേരേയും ഇവിടെ ആർക്കുമറിയില്ല. അതായത് അവരൊന്നും ഒരു തരത്തിലും ഇത്തരം പ്രവർത്തനങ്ങളിൽ പരിചയസമ്പന്നരല്ല എന്നർത്ഥം. എന്നാൽ അത് ഒരു വിഷയമേയല്ല. പ്രവർത്തിച്ച് പരിചയം വന്നാൽ മതി. അതിന് അവസരം നൽകാം. അല്ലാതെ പ്രവർത്തന പരിചയമുള്ളവർ മാത്രം നേതൃത്വത്തിൽ വരണം എന്ന് പറഞ്ഞാൽ, ശഠിച്ചാൽ അത് എത്ര കാലത്തേക്ക് നടപ്പാക്കാൻ പറ്റും. പ്രവർത്തിക്കാൻ സദാ തയ്യാറുള്ളവരല്ലേ ലിസ്റ്റിലുള്ളത്, അത് ധാരാളം മതി. അതു തന്നെയാണ് പ്രധാനം. ലിസ്റ്റ് അംഗീകരിക്കാം എന്നാൽ പലരേയും പരിചയമില്ലാത്തതു കൊണ്ട് ഒന്ന് എണീറ്റു നിൽക്കാൻ പറയൂ നമുക്ക് പരിചയപ്പെടാം. നാളെ നമ്മളെ നയിക്കേണ്ടവരല്ലേ എല്ലാവരേയും ഒന്നു കാണട്ടെ."

ലിസ്റ്റ് വായിച്ചയാളുടെ മുഖം മങ്ങി. ലിസ്റ്റിൽ ഉൾപ്പെട്ട സദാ പ്രവർത്തനസജ്ജരും ഊർജ്ജസ്വലരുമെന്ന് വാഴ്ത്തപ്പെട്ട പലരും അവിടെ ആ യോഗത്തിൽ എത്തിയിട്ടു പോലുമുണ്ടായിരുന്നില്ല. ഇതറിഞ്ഞതും സദസ്സ് ഒന്നിച്ചെണീറ്റു. പിന്നെ കേട്ടത് ലിസ്റ്റിലില്ലാത്ത ലിസ്റ്റിൽ ഉൾപ്പെടുത്താൻ കഴിയാത്ത വാക്കുകളും പ്രയോഗങ്ങളും.

## കലർപ്പുകൾ

"അമ്മയുടെ സ്നേഹം കലർപ്പില്ലാത്തതാണ്. അതിരുകളില്ലാത്തതാണ്, താരതമ്യമില്ലാത്തതാണ്. അതിനാൽ തന്നെ വിലമതിക്കാനാകാ ത്ത ആ സ്നേഹമാണ് എനിക്കീ ലോകത്തേറ്റവുമിഷ്ടം" അയാൾ പറഞ്ഞു നിർത്തി.

"സമ്മതിക്കുന്നു, നൂറുശതമാനം യോജിക്കുന്നു. അമ്മയുടെ സ്നേഹം പോലല്ല അച്ഛന്റെ സ്നേഹം അത് കലർപ്പുള്ളതാണ്. അതിൽ അൽപം ന്യായം കലർന്നിട്ടുണ്ടാകും. അതിന് അതിരുമുണ്ടാകും, നീതിയുടെ ഒരു നേരിയ അതിര്. നെറികേട് കാണിച്ചാൽ മകനായാലും മകളായാലും അത് പ്രകടമാകും. വിലമതിക്കാനാകാത്ത ആ സ്നേഹമുണ്ടല്ലോ നീതിയും ന്യായവും കലർന്ന അച്ഛന്റെ സ്നേഹം അതാണെനിക്കിഷ്ടം." മറ്റയാൾ മറുപടി നൽകി.

## ഷുഗർ

ലോക സംഭവങ്ങളെല്ലാം ഓരോന്നായി തലനാരിഴ കീറി വിശകലനം ചെയ്യപ്പെടുകയാണ്. ചായയുടെ അവസാന തുള്ളിയും തൊണ്ട വഴിയിറങ്ങി എന്ന് ഗ്ലാസ്സ് നോക്കി ഉറപ്പുവരുത്തി മേശമേൽ ശക്തമായി ഇടിച്ചുവെച്ച്, ചിരി കോട്ടിയും മുഖം വക്രിച്ചും ചില ഗോഷ്ടികൾ സമ്മാനിച്ചും ഗോവിന്ദേട്ടൻ അഭിപ്രായം കാച്ചി.

"അതേ എല്ലാരോടും കൂടിയാണ്. അതായത് നിങ്ങൾക്ക് എല്ലാവർക്കും ബാധകാണ് എന്നർത്ഥം, ഏത്... ചർച്ച മുഴുവൻ കേട്ടു. ഈ വിവരക്കേടും ഷുഗറും ഒരു പോലാ. വിട്ടു പോവില്ല ഉണ്ടെങ്കിൽ മുഴുവനായി മാറുകയുമില്ല. കാലാകാലം അത് കൂടെയുണ്ടാവും. പിന്നെ കൺട്രോള് ചെയ്തിട്ടങ്ങനെ കൊണ്ടുപോകാം അധികമാരേം അറിയിക്കാതെ..."

"ആണോ എന്നാൽ ഇപ്പറയണത് നിന്നോട് മാത്രായിട്ടാ.. അതായത് അനക്ക് മാത്രം ബാധകം... ഏത്... അതാവും ഒരു കാര്യത്തിലും ഇതുവരെ യ്യ് തൊള്ള തൊറക്കാത്തത്... നല്ല കൺട്രോളിലാ അല്ലേ... നന്നായി നന്നായി ഇനിയുള്ള കാലം അങ്ങനെ തന്നെയങ്ങ് മുന്നോട്ട് പോട്ടെ."

കാച്ചിയ അഭിപ്രായത്തിന് രാമേട്ടന്റെ ചുട്ട മറുപടി.

## പ്രഷർ

അയാളെ ദൂരെ നിന്നു കണ്ടപ്പഴേ മുഖം ചുളിച്ച് വേലുവേട്ടൻ പറഞ്ഞു.

"ദാ വരുന്നുണ്ട് ലോക വേയ്സ്റ്റ്. ഒരാൾക്കും ഒരുപകാരവുമില്ലാതെ വെറുതേ വെറുപ്പിക്കാനായി ഒരു ജന്മം."

"ഏയ് അങ്ങനെ പറഞ്ഞൂടാ ബ്ലഡ്പ്രഷർ പരിശോധിക്കാൻ പറ്റും" എന്നായി ഗോപി.

"നീ ഓരോന്നു പറഞ്ഞ് ഇവിടെയിരിക്കുന്നവരുടെ പ്രഷറ് കൂട്ടര്ത് ട്ടൊ" എന്ന് വേലുവേട്ടൻ.

"അല്ലെന്നേ പ്രഷറ് ടെസ്റ്റ് ചെയ്യാം. മൂപ്പരോട് ഒരു രണ്ട് മിനിട്ട് വെറും രണ്ട് മിനിട്ട് സംസാരിച്ചിട്ടും നമ്മള് അയാളടെ മോന്തക്ക് ഒന്ന് കൊടുത്തില്ലേല് പ്രഷറ് അത്രയ്ക്ക് നോർമ്മലാ. എന്തെങ്കിലും ചെറിയ വേരിയേഷൻ ഉണ്ടെങ്കിൽ കൊടുത്തു പോകും ഉറപ്പ്. അതിനി എത്ര ശാന്ത സ്വഭാവിയാണെങ്കിലും." വീണ്ടും ഗോപി.





# ഈ മനോഹരതീരത്തെ തുഷാരം



**ഇന്ദു മാരാത്ത്**
**9947678213**

**ഭ**ക്തി, ഭയം, വഞ്ചന, ഹാസ്യം, രതി, ക്രൂരത, രാഷ്ട്രീയം, പക്വപ്രണയം തുടങ്ങി എത്ര ഭാവങ്ങൾ, മനുഷ്യർക്ക് മാത്രമല്ലാതെ പ്രകൃതി ജാലങ്ങളിലേക്കും ആവാഹിക്കപ്പെടുന്നവ. കരുണയും ഹിംസയും വാത്സല്യവും ആക്രമവുമൊക്കെയായി വെറും വികാരങ്ങൾ പകർത്തൽ മാത്രമാകാതെ പ്രേക്ഷകന്റെ അന്തഃചോദനകളെ അടുക്കും ചിട്ടയുമോടെ അഭ്രപാളികളിൽ ജീവസുറ്റതാക്കിയ എന്തുമാത്രം സിനിമകൾ സംവിധാനം ചെയ്ത വ്യക്തിയാണ് ഐ. വി. ശശി സാർ. എന്തുകൊണ്ട് എന്നിട്ടും അദ്ദേഹത്തിന് അർഹമായ സ്ഥാനം നൽകാൻ അന്നത്തേയും ഇന്നത്തേയും തലമുറ ശ്രമിക്കാത്തതെന്തെന്ന് ശരിക്കും വിഷമം തോന്നുകയാണ്.

രാമു കാര്യാട്ട്, സേതുമാധവൻ, ശോഭനാ പരമേശ്വരൻ നായർ, പി. കെ. മേനോൻ, വിൻസന്റ് മുതലായവർക്ക് ശേഷം അതിലുമധികം വിഷയവൈവിധ്യമാർന്ന 150ലധികം ജനകീയ സിനിമകൾ സൃഷ്ടിച്ച ഇരുപ്പം വീട് ശശിധരൻ എന്ന ഐ. വി. ശശി 2007ന് ശേഷം ആൾകൂട്ടത്തിൽ തനിയെ കാണാമറയത്തെന്ന പോലെ നിശബ്ദനായത് എന്തുകൊണ്ടാണ് ? മലയാള സിനിമാ ചരിത്രത്തിൽ തികച്ചും വേറിട്ടതും വർണ്ണഘോഷങ്ങളാൽ സമ്പന്നമായതുമായ ചലച്ചിത്രങ്ങൾ ചെയ്യുക എന്നതേക്കാൾ അതിനായ ചങ്കൂറ്റവും അതിലുള്ള വെല്ലുവിളിയും കാട്ടിയിട്ടുള്ള സംവിധായകർ അപൂർവ്വമെന്നതാണ് സത്യം. സിനിമാസംവിധാനം എന്ന തൊഴിലിനോട് ഇത്രയും ആത്മാർപ്പണ ബോധമുള്ളവർ വളരെ ചുരുക്കം പേരെ ഇവിടെയുണ്ടായിട്ടുള്ളു... അതിൽ ഒന്നാം റാങ്ക് തന്നെയാണ് ശശി സാറിനെന്നത് നിസംശയം പറയാം.

കലാസംവിധായകനായി സിനിമാരംഭം. അതുകഴിഞ്ഞ് സഹ സംവിധായകൻ. പിന്നീട് 27ാം വയസ്സിൽ ആദ്യ സിനിമാസംവിധാനം തന്നെ വൻവിജയമായി. എന്നാൽ സംവിധാനസ്ഥാനത്ത് ആ പേരില്ലായിരുന്നു ! അതാണ് 'ഉത്സവം'. ശേഷം വന്ന 'അവളുടെ രാവുകൾ' മലയാള ചലച്ചിത്ര ചരിത്രത്തിലേ തന്നെ നാഴികക്കല്ലായി മാറി. വെറും 'എ' സർട്ടിഫിക്കറ്റെന്ന അവജ്ഞ കപട സദാചാരവാദികൾ പ്രചരിപ്പിച്ച മികച്ച സൃഷ്ടി. സങ്കീർണ്ണമായ ജീവിത യാഥാർത്ഥ്യങ്ങളുടെ പച്ചയായ ആവിഷ്കാരം. തന്റെ ഈ സിനിമയിലൂടെ സത്യസന്ധമായി അവതരിപ്പിക്കാനായതാണ് അദ്ദേഹത്തിന്റെ ആർജ്ജവശക്തി. വെറും നർത്തകിയായി മാത്രമൊതുങ്ങിപ്പോകുമായിരുന്ന ശാന്തി എന്ന പെൺകുട്ടിയെ കഴിവുറ്റ അഭിനേത്രിയായി സിനിമാ രംഗത്തുയർത്തിയതും പിന്നെ തന്റെ ജീവിതത്തിൽ തന്നെ ഒപ്പം കൂട്ടിയതും അതിന്റെ തുടർച്ചകൾ...

ആയിരത്തിതൊള്ളായിരത്തി എഴുപതുകളിൽ തുടങ്ങിയ സംവിധാന ജൈത്രയാത്ര 90ന്റെ പകുതിവരെ വിജയഘോഷങ്ങളുടെ വൈരത്തിളക്കമേറിയവയായിരുന്നു. 1977 ൽ 12 സിനിമകളാണ് അദ്ദേഹത്തിന്റേതായി പ്രദർശനശാലകളിലെത്തിയത് ! മുഴുവനും സൂപ്പർ ഹിറ്റുകളും ! ഈ അപൂർവ്വസൗഭാഗ്യം ശശിക്ക് മാത്രം അവകാശപ്പെട്ടതാണ്. സുകുമാരൻ, സോമൻ, കമലഹാസൻ, ജോസ്, രതീഷ് തുടങ്ങിയ നടൻമാരുടെ മികച്ച കഥാപാത്രങ്ങളധികവും ഇദ്ദേഹത്തിന്റെ സിനിമകളിലൂടെ പ്രശസ്തമായവയാണ്.

കലാമൂല്യമെന്ന പേരിൽ പടച്ചുവിടുന്ന, തിയേറ്റർ കാണാത്ത അവാർഡ് പടങ്ങളിൽ വിശ്വസിക്കാത്ത അദ്ദേഹം സിനിമ എന്നത് ജനാസ്വാദനത്തിനെന്ന നിലപാടിൽ നിന്നുകൊണ്ട് മേന്മയാർന്ന കഥാമൂല്യമുള്ളവ തന്നെയായിരുന്നു ഉണ്ടാക്കിയത് എന്ന് അവയുടെ അതിഗംഭീര വിജയങ്ങൾ തെളിയിക്കുന്നു. ബൃഹത്തായ താരനിര തന്നെ സിനിമകളിൽ ചേർക്കുകയും അവർക്കെല്ലാം തന്നെ പ്രത്യേക പ്രാധാന്യമാർന്ന കഥാപാത്രങ്ങൾ നൽകപ്പെടുകയും ചെയ്യുക എന്നത് എത്ര പ്രയാസകരമെന്നിരിക്കെ, അസംഖ്യം പടങ്ങളിൽ അദ്ദേഹം വളരെ ഭംഗിയായും ശ്രദ്ധേയമായും തന്റെ പാടവത്തിലൂടെ ഇത് സാധ്യമാക്കിയത് ഇന്നുള്ളവർക്ക് ചിന്തിക്കാനാവുമോ ? മമ്മൂട്ടി, മോഹൻലാൽ, റഹ്മാൻ എന്നീ നടൻമാരുടെ അഭിനയവൈദഗ്ദ്ധ്യത്തിന്റെ മികവുറ്റ സന്ദർഭങ്ങൾ നാം കണ്ടത് ഇദ്ദേഹത്തിന്റെ സിനിമകളിൽ കൂടിയാണ്.

എം. ടി. യുടെ കൂട്ടുകെട്ടിൽ ശശി സംവിധാനം ചെയ്ത 'തൃഷ്ണ' മമ്മൂട്ടി എന്ന നടന്റെ കഴിവിനേക്കാൾ അതിന്റെ സംവിധായക മികവുതന്നെ എന്ന് സിനിമ കണ്ട ആർക്കും സംശയലേശമന്യേ പറയാനാവും. അടിയൊഴുക്കുകൾ, അനുബന്ധം, മിഥ്യ, അക്ഷരങ്ങൾ, ആൾക്കൂട്ടത്തിൽ തനിയെ, ഇടനിലങ്ങൾ എന്നീ പടങ്ങളിലും ശശിയെന്ന സംവിധാന പ്രതിഭയുടെ മൂശയിൽ വാർത്തെടുക്കപ്പെട്ട നല്ല ശിൽപരൂപമായി തീരുകയായിരുന്നു മമ്മൂട്ടി എന്ന അഭിനേതാവ്. കരിമ്പിൻ പൂവിനക്കരെ, ആവനാഴി, ഇൻസ്പെക്ടർ ബൽറാം എന്നിവയിലെ വേഷവ്യത്യസ്ഥതകൾക്കൊപ്പം മൃഗയയിലെ പുലിവേട്ടക്കാരന്റെ റോൾ സുന്ദരനായ മമ്മൂട്ടിക്ക് നൽകിയതിനേക്കാൾ വിരൂപ

മായൊരു ഗെറ്റപ്പിൽ അത് വെള്ളിത്തിരയിലവതരിപ്പിക്കാൻ നിർബന്ധമായി തന്നെ ശശി കാണിച്ച ചങ്കൂറ്റമുള്ള തീരുമാനം സ്തുത്യർഹമായി. വമ്പിച്ച വിജയമായിരുന്നു ഈ പടം. ആദ്യമിതിൽ അഭിനയിക്കാൻ വൈമുഖ്യം കാട്ടിയ നടനുകിട്ടിയ പ്രേക്ഷക പ്രശംസകൾക്കും പുരസ്കാരങ്ങൾക്കും ശേഷമാണ് സൗന്ദര്യത്തിനുമപ്പുറം പ്രാകൃതമെങ്കിലും വെല്ലുവിളി നിറഞ്ഞ പാത്ര സൃഷ്ടികൾ സ്വീകരിക്കാൻ മമ്മൂട്ടി സന്നദ്ധനായത്.

ജയൻ എന്ന താരത്തിന്റെ ഉയർച്ചയുടെ ചവിട്ടുപടിയായ 'അങ്ങാടി' തിയേറ്ററുകളിൽ പണം വാരിയത് സാധാരണക്കാരായ ജനങ്ങളുടെ കഥയായതുകൊണ്ടുതന്നെയായിരുന്നു. അഭ്യസ്തവിദ്യനായ ചുമട്ടുതൊഴിലാളിയായ കഥാപാത്രം പറയുന്ന ഇംഗ്ലീഷ് ഡയലോഗുകൾ മനസ്സിലായാലുമില്ലെങ്കിലും ജനം ആർത്തുവിളിച്ചു കൈകൊട്ടി സ്വീകരിച്ചത് ആ അവസ്ഥയിലുള്ളവരുടെ മനോഭാവത്തിന്റെ പ്രതിഫലനമായിരുന്നു. തുടർന്നും അത്തരം സിനിമകൾ ശശിയുടെ വൈദഗ്ദ്ധ്യത്തിൽ പിറന്നതും പണം വാരി സൂപ്പർ ഹിറ്റുകളായതും ഏവർക്കുമറിയുന്ന കാര്യങ്ങൾ. ഏഴാം കടലിനക്കരെ, അടവുകൾ 18, മൂർഖൻ, കരിമ്പന, അശ്വരഥം, മീൻ, കാന്തവലയം തുടങ്ങി ഐ. വി. ശശി - ജയൻ കൂട്ടുകെട്ടിലെ സിനിമകളെല്ലാം ഇന്നും റിലീസായാൽ പോലും ജനങ്ങൾ ആവേശപൂർവ്വം കണ്ടുവിജയിപ്പിക്കുക തന്നെ ചെയ്യും.

വ്യത്യസ്തകളായിരുന്നു അദ്ദേഹത്തിന്റെ ചിത്രങ്ങളിലെ ഏറ്റവും ഗുണപരമായ സവിശേഷത. ജീവിത സംഘർഷങ്ങളേയും രാഷ്ട്രീയത്തിലെ ഉള്ളുകള്ളികളേയും സ്ത്രീയുടെ മനോവ്യതിരിക്തതകളേയും ഈ മനസ്സിൽ ആഴത്തിൽ പതിയുംവിധം ആകർഷണീയമാക്കാനുള്ള ആ സംവിധാനനൈപുണ്യം ഇന്ന് സംവിധായകർ എന്ന ലേബലിൽ ഒരുക്കോപ്പുകൾ കൂട്ടുന്നവർ മനസ്സിലാക്കി പഠിച്ചെടുക്കേണ്ടതുതന്നെയാണ്. സംവിധാനം എന്ന കല സംവിധായകന്റെ ഇഷ്ടത്തിനനുസരിച്ചുമാത്രമല്ല അത് ജനപ്രിയതയെ മുൻനിർത്തി, കഥയുടെ വികാരാംശവും ഒഴുക്കും നഷ്ടപ്പെടാതെ തിരക്കഥ പ്രകാരം, ഏകാഗ്രമായും അർപ്പണഭാവത്തോടും സിനിമയാക്കി നിർമ്മാതാക്കളേയും സന്തുഷ്ടരാക്കി, നടീനടൻമാരുടെ അഭിനയശേഷി തെളിയിപ്പിച്ച്, മേന്മയുറ്റ വിജയങ്ങളാക്കി മാറ്റാനുള്ള പ്രഭവശേഷി തന്നെയാണ്. നൂറ് ശതമാനവും ആ ശൈലിയിലൂടെ ജനഹൃദയങ്ങളെ സിനിമയെന്ന മാധ്യമത്തിലേക്ക് അടുപ്പിച്ചതിന്റെ അഭിനന്ദനപട്ടം ഐ. വി. ശശി എന്ന സംവിധായകൻ അർഹിക്കുന്നു. അദ്ദേഹത്തിന്റെ സിനിമയിൽ അമിതമായ സെക്സ്, സ്റ്റണ്ട് എന്നൊക്കെ വിമർശിക്കുന്നവരെ അസൂയാലുക്കളെന്നേ പറയാനാവൂ.

ഗാനങ്ങളും അവയുടെ ചിത്രീകരണരീതികളും പിൽക്കാലത്ത് മറ്റ് സംവിധായകർ പോലും ഇദ്ദേഹത്തിൽ നിന്നും അനുകരിച്ചവരാണ്. സംഘട്ടനങ്ങളും തെറിപ്രയോഗങ്ങളുമെല്ലാം ഇത്രയ്ക്കും സന്ദർഭോചിതമായി സീനുകളിൽ അവതരിപ്പിച്ചത് നോക്കിയാൽ ഇന്നുള്ളവർ അത് സംസ്കാരമെന്ന പേരിൽ അസ്ഥാനങ്ങളിലും അനവസരങ്ങളിലും നിർലജ്ജം തിരുകി കയറ്റി പ്രയോഗിക്കുമ്പോൾ അവജ്ഞയേക്കാൾ സഹതാപമാണ് തോന്നുക. അനാവശ്യ ജാടകൾ ഒട്ടുമില്ലാതെ നേർവഴിയോടെ കഥ പറഞ്ഞ് തന്റെ കയ്യടക്കത്താൽ അത് ശ്രദ്ധേയമാക്കുന്ന ആ വൈശിഷ്ട്യം ഇപ്പഴത്തെ വ്യഥാബുദ്ബുദങ്ങൾ തിരിച്ചറിയട്ടെ.

മലയാളത്തിന് പുറമെ ഹിന്ദി, തമിഴ് ചിത്രങ്ങളും അദ്ദേഹം സംവിധാനം ചെയ്തിട്ടുണ്ട്. 94ന് ശേഷം കുറച്ച് സിനിമകൾ മാത്രമാണ് അദ്ദേഹത്തിന്റേതായി വന്നത്. 97ൽ വന്ന 'വർണ്ണപ്പകിട്ടും', 'അനുഭൂതി'യും കുടുംബപ്രേക്ഷകർ ആവേശപൂർവ്വം സ്വീകരിച്ചു.

ശശി, എം. ടി. ദാമോദരൻ ടീമിന്റെ അങ്ങാടി, ഈ നാട്, വാർത്ത, 1921, അടിമകൾ ഉടമകൾ, ആവനാഴി, ആയിരം മേനി എന്നിവ താരവൈപുല്യത്താലും, അവതരണ വൈവിധ്യം, സാമൂഹ്യ- സാംസ്കാരിക-രാഷ്ട്രീയ കാഴ്ചപ്പാടുകളിലെ വ്യത്യസ്തത എന്നിവയാലും ബോക്സ് ഓഫീസ് സൂപ്പർഹിറ്റുകളായവയാണ്. 99ന് ശേഷം ശ്രദ്ധ (2000), സിംഫണി (2003), ബൽറാം vs താരാദാസ് (2006). കാലാബസാർ (2007) എന്നിവയ്ക്ക് പുതുപ്രേക്ഷകരിൽ സ്വാധീനം ചെലുത്താനായില്ലെങ്കിലും തനതായ ശൈലിയിൽ നിന്നും വ്യതിചലിച്ച സംവിധാന രീതി എന്ന പ്രത്യേകതയുണ്ടായി.

2011ൽ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡിനർഹനായി അദ്ദേഹം ആദരിക്കപ്പെട്ടു. സംവിധായകന്റെ ലേബൽ അഭിനേതാക്കളേക്കാൾ സിനിമയ്ക്കൊപ്പം ചേർത്തറിയപ്പെടുന്നത് ശശിയിലൂടെയാണ്. ഭരതനും പത്മരാജനുമെല്ലാം ഈ ശ്രേണിയിൽ ഇദ്ദേഹത്തിന്റെ പിൻതുടർച്ചക്കാരായി.


അദ്ദേഹത്തിന്റെ വേർപാട് സിനിമയെ സ്നേഹിക്കുന്നവർക്ക് ശരിക്കും വലിയ നഷ്ടം തന്നെ എന്നത് ഒരിക്കലും ഭംഗിവാക്കല്ല. അർഹമായ ആരൂഢത്തിലേറി അംഗീകാരങ്ങളുടേയും അഭിനന്ദനങ്ങളുടേയും ഉയരങ്ങളിലേയ്ക്ക് ഒരിക്കൽ കൂടി ഹംസഗീതം പോലെ അനുഭവങ്ങളുടെ ആവനാഴിയുമായി വർണ്ണപ്പകിട്ടോടെ ഐ. വി. ശശി എന്ന പ്രിയസംവിധായകൻ വർത്തമാനകാലത്തിലേക്ക് ഇനിയും ഒരു പുഴയായി ഒഴുകിവരുമോ... അദ്ദേഹത്തിന് ഒരു പിടി സ്നേഹാഞ്ജലികൾ... ●

## അറിയിപ്പ്

രചനകളിലെ ആശയം മാസികയുടേതോ എഡിറ്ററുടേതോ ആവണമെന്നില്ല. മാസികയിലുള്ള രചനകളിലെ ആശയങ്ങളുടെ ഉത്തരവാദിത്വം ലേഖകരുടേതു മാത്രമായിരിക്കും.

**എഡിറ്റർ**

# സൂര്യക്ഷേത്രത്തിലേക്ക് ഒരു യാത്ര




**ഡോ സുനീത് മാത്യു**
**09486382600**

**വ**ളരെനാളുകളായുള്ള ഒരു ആഗ്രഹമായിരുന്നു കൊണാർക്കിലെ സൂര്യക്ഷേത്രം കാണുക എന്നുള്ളത്. ലോകത്തിൽ എന്തിനെയും ആരാധിക്കുന്ന മനുഷ്യർക്ക് എന്തുകൊണ്ട് സൂര്യനെ ആരാധിച്ചുകൂടാ? ചെറുപ്പം മുതൽ മനസ്സിൽ ഈ ചോദ്യമുണ്ടായിരുന്നു. എന്തുകൊണ്ട് സൂര്യാരാധകരുടെ എണ്ണം വർദ്ധിക്കുന്നില്ല? നമുക്ക് എല്ലാം തരുന്നത് സൂര്യനാണെന്നു ശാസ്ത്രം ഓരോ കാലങ്ങളിലും തെളിയിച്ചുകൊണ്ടിരിക്കുകയുമാണ്. സൂര്യനില്ലെങ്കിൽ ജീവജാലങ്ങളുമില്ല. ഒരു സൂര്യക്ഷേത്രം കണ്ടിട്ടില്ലാത്തതിനാലായിരിക്കാം ഈ മോഹം മനസ്സിൽ ഒരിക്കലും വാടാതെ നിന്നത്.

ഗയയിലെ ദക്ഷിണാർക്ക ക്ഷേത്രവും, മധ്യപ്രദേശിലെ ബ്രഹ്മണ്യ ദേവ ക്ഷേത്രവും, ആസാമിലേയും ഗുജറാത്തിലേയും സൂര്യക്ഷേത്രങ്ങളും മാത്രമല്ല നമ്മുടെ അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്ടിലെ കുംഭകോണത്തുള്ള സൂര്യനാർ ക്ഷേത്രവും ആന്ധ്രായിലെ സൂര്യനാരായണ സ്വാമി ക്ഷേത്രവുമെല്ലാം കേട്ടറിവുണ്ടായിരുന്നിട്ടും കൊണാർക് ക്ഷേത്രത്തിനോടുള്ള പ്രിയം എന്തായിരുന്നുവെന്ന് ആലോചിച്ചിട്ടുണ്ട്. ഒരു പക്ഷെ ആദ്യം അറിഞ്ഞ, സ്കൂളിൽ പഠിച്ച ക്ഷേത്രമായതായിരിക്കാം അല്ലെങ്കിൽ അതിന്റെ വാസ്തുശിൽപ്പ നിർമാണത്തിലുള്ള കൗതുകമായിരിക്കാം.

അങ്ങനെ ഒരു സുപ്രഭാതത്തിനു മുൻപുതന്നെ ഞങ്ങൾ കോയമ്പത്തൂരിൽ നിന്നും കാറിൽ യാത്ര പുറപ്പെട്ടു. സേലം, കൃഷ്ണഗിരി, വെല്ലൂർ വഴി നേരെ തിരുപ്പതി. അവിടെയുള്ള ചന്ദ്രഗിരിക്കോട്ട കണ്ടു. അവിടെനിന്നും വിജയവാഡക്കും. ആയിരം കിലോമീറ്റർ ദൂരം ഒരേ ദിവസം കാറോടിച്ച് ആ യാത്ര അന്ന് അവിടെ അവസാനിപ്പിച്ചു. യാത്രയിൽ ആർക്കും ക്ഷീണം അനുഭവപ്പെട്ടില്ല എന്നത് ഞങ്ങളെ അത്ഭുതപ്പെടുത്തി. ചന്ദ്രഗിരിക്കോട്ട സന്ദർശനം ഞങ്ങൾക്ക് ആ യാത്രയിൽ കിട്ടിയ ഒരു ബോണസ് ആയിരുന്നു.

അടുത്ത ദിവസം രാവിലെയുണർന്ന് വിജയവാഡ അൽപ്പം വിശദമായിത്തന്നെ സന്ദർശിച്ചു. കൃഷ്ണ നദിയിലെ ഏറ്റവും വലിയ ദ്വീപ് ആയ ഭവാനിയിലേക്കു ഒരു ബോട്ട് യാത്രയും നടത്തി. ഒരുപക്ഷേ ഇന്ത്യൻ നദികളിൽ ഉള്ള ഏറ്റവും വലിയ ദ്വീപും ഇതായിരിക്കും. ഉച്ചക്കുശേഷം വിശാഖപട്ടണത്തിലേക്കു തിരിച്ചു. രാത്രിയോടെ അവിടെയെത്തിയ ഞങ്ങൾ അടുത്ത ദിവസം രാവിലെ തന്നെ യാത്ര പുറപ്പെട്ടു. തിരിച്ചുവരുമ്പോൾ വിശാഖപട്ടണം കാണാം എന്ന വിശ്വാസത്തോടെ.

ഞങ്ങൾ നേരേ പോയത് ഒഡീഷയിലെ പുരിയിലേക്കായിരുന്നു. പോകുന്ന വഴിയിൽ ചിലികാ തടാകം കണ്ടു. ഏഷ്യയിലെ തന്നെ ഏറ്റവും വലിയ ഉപ്പുജല തടാകം, പക്ഷി സങ്കേതം. ചിലിക തടാകത്തിൽ ബോട്ടുയാത്രയും നടത്തി, സമൃദ്ധമായി കിട്ടുന്ന ചെമ്മീൻ ധാരാളം കഴിച്ച് തൃപ്തിയായി നേരേ പുരിയിലേക്ക്.

പുരിയിൽ ബീച്ചിന്റെ സൈഡിലായി കെട്ടിയ ഹോട്ടൽ മുറിയിലിരുന്ന് നോക്കിയാൽ വിശാലമായ കടൽ, അതും തൊട്ടടുത്ത്. അടുത്ത ദിവസം രാവിലെ ജഗന്നാഥക്ഷേത്രത്തിലേക്ക്. മനുഷ്യർ വലിക്കുന്ന റിക്ഷയിൽ ഒരു യാത്രയും തരപ്പെട്ടു. അവിടെനിന്നും കൊണാർക്കിലേക്കു പുറപ്പെട്ടു. ഒരുമണിക്കൂർ കൊണ്ട് എത്താമായിരുന്നെങ്കിലും ഞങ്ങൾ വഴിയിൽ കണ്ട ബീച്ചുകളിൽ എല്ലാം കയറിയിറങ്ങി ഉച്ചയായപ്പോഴാണ് സൂര്യക്ഷേത്രത്തിലെത്തിയത്.

ടിക്കറ്റ് എടുത്തു ഉള്ളിൽ പോകുന്നതിനിടെ ഗൈഡുമാരുടേയും ഫോട്ടോഗ്രാഫർമാരുടേയും വിളികൾ എല്ലായിടത്തും ഉയർന്നു കേട്ടു. ചുറ്റും കൂടിയവരിൽ നിന്നും അൽപ്പം മാന്യനെന്നു തോന്നിയ ഒരാളെ കൂട്ടാൻ തീരുമാനിച്ചു. അദ്ദേഹം ഒരു ഫോട്ടോഗ്രാഫർ ആയിരുന്നുവെങ്കിലും അത്യാവശ്യം വിവരണകലയും നിർവഹിക്കാമെന്നേറ്റിരുന്നു. ഫോട്ടോക്കുള്ള ചാർജ്ജ് അല്ലാതെ എന്തെങ്കിലും നമുക്കിഷ്ടമുള്ളത് കൊടുത്താൽ മതിയെന്നായിരുന്നു കരാർ.

കട്ടക്ക് ആസ്ഥാനമാക്കിയ കിഴക്കൻ ഗംഗാ ഡൈനാസ്റ്റിയിലെ

ഒന്നാം നരസിംഹദേവ AD 1250 കളിൽ പണികഴിപ്പിച്ചു എന്ന് വിശ്വസിക്കപ്പെടുന്ന ഈ സൂര്യക്ഷേത്രം അങ്ങനെ ഞങ്ങൾ ആദ്യമായി കണ്ടു. ഒരു വലിയ രഥത്തിന്റെ ആകൃതിയിൽ അങ്ങനെ നിൽക്കുന്നു. ഏഴു കുതിരകളെ കെട്ടിയ സാക്ഷാൽ സൂര്യഭഗവാന്റെ രഥം പോലെ. യുനെസ്കോയുടെ വേൾഡ് ഹെറിറ്റേജ് പദവിയുള്ള ഇതിന്റെ ഒരുഭാഗം പുനർനിർമ്മാണം നടത്തുന്നതും കാണാമായിരുന്നു. നല്ലൊരുഭാഗം കാലപ്പഴക്കത്തിൽ നശിച്ചുപോയെങ്കിലും ക്ഷേത്രത്തിന്റെ പ്രൗഢിക്ക് യാതൊരു കോട്ടവും തട്ടിയതായി ഞങ്ങൾക്ക് തോന്നിയില്ല. നമ്മുടെ ക്ഷേത്രനിർമ്മാണ രീതിയിൽനിന്നും തികച്ചും വ്യത്യസ്തമാണ് ഒറീസ ക്ഷേത്രനിർമ്മിതികൾ.

കൊണാർക്ക് എന്ന പേര് വന്നതുതന്നെ കോൺ (മൂല) എന്നും അർക്ക (സൂര്യൻ) എന്നും ഉള്ള സംസ്കൃതത്തിൽനിന്നുതന്നെ. കലിംഗ വാസ്തുശിൽപ്പ രീതിയിൽ പണികഴിപ്പിച്ചിട്ടുള്ള ഈ രഥക്ഷേത്രത്തിനു പന്ത്രണ്ടു ജോഡി ചക്രങ്ങളാണുള്ളത്. അതും വിദഗ്ദ്ധ കൊത്തുപണികളുള്ള, കല്ലിൽ തീർത്ത ചക്രങ്ങൾ. ഓരോ ജോഡിയും ഓരോ മാസങ്ങളെ പ്രതിനിധീകരിക്കുന്നു. ഓരോ ചക്രവും ഓരോ പക്ഷങ്ങളെ സൂചിപ്പിക്കുന്നു. ശുക്ള പക്ഷവും കൃഷ്ണ പക്ഷവുമാണ് ഇവ. പൗർണ്ണമി മുതൽ അമാവാസിവരെയുള്ള ആദ്യ രണ്ടാഴ്ച്ചകൾ ശുക്ള പക്ഷവും തുടർന്നുള്ള രണ്ടാഴ്ച്ചകൾ കൃഷ്ണ പക്ഷവുമാകുന്നു. ചക്രത്തിലൊന്നിൽ വീഴുന്ന നിഴൽ നോക്കി ഞങ്ങളുടെ ഗൈഡ് കൃത്യ സമയം കാണിച്ചു തന്നു. സൂര്യനും ശിൽപ്പകലയുമായുള്ള അന്യൂനമായ ബന്ധം ഞങ്ങളെ കുറച്ചൊന്നുമല്ല വിസ്മയിപ്പിച്ചത്.

കല്ലിൽ കൊത്തിയ ബിംബങ്ങൾ കൊണ്ട് അലങ്കരിക്കപ്പെട്ട ചുമരുകൾ. കൂടുതലും ലൈംഗീകത പ്രദർശിപ്പിക്കുന്ന ശിൽപ്പങ്ങൾ. കാമ മിഥുന ഭാവങ്ങൾ പ്രകടമാക്കുന്നതാണ് ഓരോ ശിൽപ്പവും. ഇവിടെയുണ്ടായിരുന്ന ശിൽപ്പങ്ങൾ എല്ലാം ഇപ്പോൾ ഇവിടെയില്ല. 1940 നു മുൻപ് തന്നെ വളരെയധികം ശിൽപ്പങ്ങൾ ഇന്ത്യയിലെ പലയിടങ്ങളിലേക്കും മാറ്റിയിട്ടുണ്ട്. ചിലതെല്ലാം യൂറോപ്പിൽ പോലും എത്തിയിട്ടുണ്ട്.

ഏകദേശം എഴുപതു മീറ്റർ ഉയരത്തിൽ പണികഴിപ്പിച്ചിട്ടുള്ള ഈ ക്ഷേത്രത്തിന്റെ പ്രധാന മകുടം അതിന്റെ ഭാരക്കൂടുതൽ കൊണ്ടും മണ്ണിന്റെ ഉറപ്പുകുറവുകൊണ്ടും 1837ൽ നിലം പറ്റിയതായി ചരിത്രകാരന്മാർ പറയുന്നു. മുപ്പതു മീറ്റർ ഉയരമുള്ള പ്രാർത്ഥനാഹാളും നൃത്തമന്ദിരവും തീൻ മണ്ഡപവുമെല്ലാം തികഞ്ഞ പ്രൗഢിയോടെ ഇപ്പോഴും നിലനിൽക്കുന്നു. ഒരുകാലത്ത് നാവികരുടെ അടയാളങ്ങളും വഴികാട്ടിയുമായിരുന്നു കൊണാർക്ക് ക്ഷേത്രവും പുരിയിലെ ജഗന്നാഥക്ഷേത്രവും. അവർ ഇതിനെ ബ്ലാക്ക് പഗോഡയെന്നും വൈറ്റ് പഗോഡയെന്നും വിളിച്ചു വന്നു.

കണ്ടാലും കണ്ടാലും മതിവരാത്ത കൊത്തുപണികളുമായി നിൽക്കുന്ന സൂര്യക്ഷേത്രത്തിനോട് മനസ്സില്ലാമനസ്സോടെ യാത്ര പറഞ്ഞു തൊട്ടടുത്ത് തന്നെയുള്ള മനോഹരമായ ചന്തയിലേക്ക് കയറി. കണ്ടതെല്ലാം തന്നെ വാങ്ങാൻ തോന്നിയെങ്കിലും കാറിലെ സ്ഥലപരിമിതിയോർത്ത്, ഓർമ്മയ്ക്കായി ചിലതെല്ലാം മാത്രം വാങ്ങി ഞങ്ങൾ ചന്ദ്രഭാഗമേളയുടേയും നൃത്തോത്സവത്തിന്റെയും കൂടി നാടായ കൊണാർക്കിൽ നിന്നും അടുത്ത ലക്ഷ്യമായ ഭുവനേശ്വറിലേക്കു യാത്രയായി. ●

■ കവിത

## രണ്ട് കവിതകൾ

**ഷാജു വൈ. ആർ.**
**9562168603**


### 1. ഓർമ്മ

മറക്കാനുള്ള കഴിവിൽ
മരണത്തിന്റെ ചിതലരിച്ച
പുസ്തകം
കണ്ണീരിന്റെ ഘോഷയാത്ര...

### 2. നിദ്ര

ചീവീടുകളില്ലാത്ത ലോകത്ത്
മണ്ണിലുറങ്ങുന്ന പ്രതീതി...
ആഴങ്ങളിൽ ആരെയോ
തേടുന്നതുപോലെ...

■ പൊതുവിജ്ഞാനം



**നൗഷാദ് ഖാൻ**
**9846454199**

# പൊതുവിജ്ഞാനം

1. ഹിന്ദി ഭാഷാദിനമായി ആചരിക്കുന്നതെന്ന് ?
ഉ. സെപ്റ്റംബർ 14.

2. ഹരിയാനയിൽ സ്ഥാപിതമായ കായിക സർവ്വകലാശാലയുടെ ആദ്യ ചാൻസലറായി നിയമിക്കപ്പെട്ട മുൻ ക്രിക്കറ്റ് താരം ?
ഉ. കപിൽദേവ്

3. ഓസോൺ പാളിക്ക് അപകടകരമായ ഏത് വാതകമാണ് ഗുജറാത്തിലെ റാൻ ഓഫ് കച്ചിൽ കണ്ടെത്തിയിരിക്കുന്നത് ?
ഉ. ബ്രോമിൻ മോണോക്സൈഡ്

4. മൊസാദ് ഏത് രാജ്യത്തെ രഹസ്യാന്വേഷണ ഏജൻസിയാണ് ?
ഉ. ഇസ്രായേൽ

5. ചന്ദ്രോപരിതലത്തിൽ ധാരാളമായി കാണുന്ന ലോഹം ?
ഉ. ടൈറ്റാനിയം

6. 'സുഗുണ' ഏത് വിത്തിനമാണ് ?
ഉ. മഞ്ഞൾ


7. പന്തൽ തകർന്ന് വീണ് അന്തരിച്ച തുഗ്ലക്ക് ഭരണാധികാരി ?
ഉ. ഗിയാസുദ്ദീൻ തുഗ്ലക്ക്

8. ഇന്ത്യയിൽ പരിസ്ഥിതി സംരക്ഷണ നിയമം പ്രാബല്യത്തിൽ വന്ന വർഷം ?
ഉ. 1986

9. പ്രഥമ മലയാള ശബ്ദചലച്ചിത്രമായ ബാലന്റെ കഥയും സംഭാഷണവും ഗാനങ്ങളും രചിച്ചതാര് ?
ഉ. മുതുകുളം രാഘവൻ പിള്ള

10. കേരളത്തിലെ ആദ്യത്തെ വൈദ്യശാസ്ത്രമാസിക ?
ഉ. ധന്വന്തരി

# നാടിനെ അറിയാം, നാട്ടാരേം



ഡോ. ഒ. സി. പ്രമോദ്
9446071421

മാന്യ വായനക്കാരെ,

കഴിഞ്ഞ കുറേ ലക്കങ്ങളിൽ വായനക്കാരുടെ ഭാഗത്ത് നിന്നുണ്ടായ പിന്തുണയിൽ സന്തോഷം കൊള്ളുന്നു. അടുത്ത കുറച്ച് പംക്തികളിലായി നമ്മുടെ നാടിനേയും നാട്ടുകാരേയും അവിടുത്തെ തനതായ സംസ്കാരത്തേയും മറ്റും അനാവരണം ചെയ്യാനാണ് ശ്രമിക്കുന്നത്. കേരളത്തിലെ 14 ജില്ലകളിൽ ഓരോന്നിനും മറ്റാർക്കും അവകാശപ്പെടാൻ പറ്റാത്ത സവിശേഷതകൾ കാണാം. ഔദ്യോഗിക കൃത്യ നിർവ്വഹണത്തിന്റെ ഭാഗമായി ലേഖകന് 14 ജില്ലകളിലും പല തവണ സന്ദർശിക്കേണ്ടിവന്നിട്ടുണ്ട്. കൂടാതെ ഉറ്റവരും ഉടയവരുമായ ബന്ധുമിത്രാദികളും പല ജില്ലകളിലായി ചിതറിക്കിടക്കുന്നു. പലപ്പോഴായി കിട്ടിയ അറിവുകൾ വായനക്കാരുമായി പങ്കുവെക്കുന്നു. ആദ്യം നമ്മുടെ തലസ്ഥാന നഗരിയിൽ നിന്ന് തുടങ്ങാം.




# തിരുവനന്തപുരം ജില്ല

**ലോ**കപ്രശസ്തമായ പത്മനാഭസ്വാമി ക്ഷേത്രത്തിന്റെ പ്രതിഷ്ഠ, വിഷ്ണു ഭഗവാന്റെ ശയനരൂപത്തിലുള്ളതാണ് (അനന്ത ശയനം). അനന്തന്റെ (വിഷ്ണു) ശയന നഗരം എന്ന പേരിൽ (അനന്തപുരി) അത് വികസിച്ചുവന്നു. 'അനന്തപുരി' പിന്നീട് അനന്തപുരം ആയും ദ്രാവിഡ സംസ്കാരത്തിന്റെ ബഹുമാനപദമായ 'തിരു' അതിന്റെ കൂടെ ചേരുകയും ചെയ്തപ്പോൾ തിരുഅനന്തപുരം ആകാനും പിന്നീട് അമാന്തിക്കേണ്ടി വന്നില്ല.

1729-ൽ തിരുവിതാംകൂറിൽ അധികാരത്തിൽ വന്ന അനിഴം തിരുനാൾ വീരസാല മാർത്താണ്ഡവർമ്മയ്ക്ക് ഏറ്റവും വലിയ തലവേദന ഉണ്ടാക്കിയത് തിരുവനന്തപുരത്തും പരിസരത്തും താമസിച്ചിരുന്ന 'എട്ടുവീട്ടിൽ പിള്ളമാർ' എന്ന പേരിലുള്ള എട്ട് കുടുംബങ്ങളിലുള്ള മാടമ്പി-ചട്ടമ്പി പ്രമാണിമാരാണ്. രാജാവ് പല തന്ത്രങ്ങളിലൂടെ അവരെ ഇല്ലായ്മ ചെയ്യുകയും അവരുടെ കുടുംബം കുളം തോണ്ടുകയും ഭവനങ്ങൾ നിലംപരിശാക്കുകയും അവരുടെ സ്ത്രീകളേയും കുട്ടികളേയും അടിമകളാക്കി മത്സ്യത്തൊഴിലാളികൾക്ക് വിട്ടുകൊടുക്കുകയും ചെയ്തു. തുടർന്ന് അയൽരാജ്യങ്ങളായ ആറ്റിങ്ങൽ കായംകുളം, കൊല്ലം, കൊട്ടാരക്കര, അമ്പലപ്പുഴ തുടങ്ങിയ രാജ്യങ്ങളുമായും അദ്ദേഹത്തിന് ശത്രുതയിൽ ഏർപ്പെടേണ്ടി വന്നു. 1741-ൽ ഇതിനിടയ്ക്ക് ഡച്ചുകാരുമായി ഏറ്റുമുട്ടേണ്ടിവന്നു. അവരുമായി നടന്ന യുദ്ധം 'കുളച്ചൽ യുദ്ധം' എന്ന പേരിലാണ് അറിയപ്പെടുന്നത്. ഒരു യൂറോപ്യൻ ശക്തിയെ ഇന്ത്യൻ മണ്ണിൽ നിന്ന് ഇല്ലായ്മ ചെയ്ത ഒരേയൊരു ഇന്ത്യൻ രാജാവ് എന്ന ക്രെഡിറ്റ് മാർത്താണ്ഡവർമ്മ എന്ന രാജാവിന് മാത്രം അവകാശപ്പെട്ടതാണ്. ഈ യുദ്ധത്തിൽ 24 ഡച്ച് പടയാളികളെ തിരുവിതാംകൂർ സൈന്യം ജീവനോടെ പിടികൂടിയിരുന്നു. അതിലെ പ്രധാനിയായ 'ഡിനലായി'യെ തിരുവിതാംകൂർ സൈന്യത്തിൽ ഉൾപ്പെടുത്തുകയും അദ്ദേഹം പടിപടിയായി ഉയർന്ന് സേനാത്തലവൻ (വലിയ കപ്പിത്താൻ) ആവുകയും ചെയ്തു. തിരുവിതാംകൂർ സൈന്യത്തെ പാശ്ചാത്യരീതിയിൽ പുനഃസംഘടിപ്പിക്കുകയും രാജ്യത്ത് സുരക്ഷ വർദ്ധിപ്പിക്കുകയും ചെയ്ത് 37 വർഷത്തോളം ക്യാപ്റ്റൻ ഡിനലായി തിരുവിതാംകൂറിനെ സേവിക്കുകയുണ്ടായി. ഈ കാലയളവിലാണ് (1744ൽ) മാർത്താണ്ഡവർമ്മ ഇന്നത്തെ കന്യാകുമാരിയിലെ 'തക്കല' എന്ന പ്രദേശത്ത് (പത്മനാഭപുരം) രാജ്യതലസ്ഥാനം മാറ്റിയത്. ഇവിടുത്തെ കൊട്ടാരം പത്മനാഭപുരം കൊട്ടാരം എന്ന് അറിയപ്പെടുന്നു. കൊട്ടാരത്തിന് സുരക്ഷയൊരുക്കാനാണ് അതിന് സമീപം 'ഉദയപുരം കോട്ട' - ക്യാപ്റ്റൻ ഡിനലായിയുടെ നേതൃത്വത്തിൽ ഉണ്ടാക്കിയത്. (ഡിനലായിയുടെ മൃതശരീരം അടക്കം ചെയ്തിരിക്കുന്നതും ഈ കോട്ടയ്ക്കകത്ത് തന്നെയാണ്) പിന്നീട് വളർന്നുവരാവുന്ന ശത്രുക്കളുടെ ഭീഷണിയെ ചെറുക്കാൻ മാർത്താണ്ഡവർമ്മ നടത്തിയ നീക്കം അദ്ദേഹത്തിന്റെ ബുദ്ധികൂർമ്മത വെളിവാക്കുന്നതോടൊപ്പം വിശ്വാസികളെ പറ്റിക്കാനും വേണ്ടിയുള്ളതായിരുന്നു. 'തൃപ്പടിദാനം' എന്ന ചടങ്ങ് നടത്തിയതിലൂടെ അദ്ദേഹത്തിന്റെ സാമ്രാജ്യവും സ്വത്തുക്കളും അദ്ദേഹം ശ്രീ. പത്മനാഭന് അടിയറ വച്ചു. മേലിൽ അദ്ദേഹവും അദ്ദേഹത്തിന്റെ പിൻഗാമികളും 'പത്മനാഭദാസൻമാർ' മാത്രമാണെന്നും പ്രഖ്യാപിച്ചു (1750). ദൈവത്തിന്റെ ഭൂമി

യും സ്വത്തും ആരും അപഹരിക്കാതിരിക്കാൻ അദ്ദേഹം ഒരുക്കിയ ഒരു തന്ത്രമായിരുന്നു അത്. (ദൈവത്തിന് സ്വത്തും പണവും വേണ്ട എന്നുള്ള കാര്യം ഇന്ന് പോലും നമ്മുടെ രാജ്യത്തെ ബഹുഭൂരിപക്ഷം വരുന്ന ജനകോടികൾക്ക് അറിഞ്ഞുകൂടല്ലോ !) പിന്നീട് ദൈവത്തിന്റെ സ്വത്ത് എടുത്ത് രാജാവും കൂട്ടരും ആർഭാടം നടത്തി ജീവിച്ചുപോന്നു. (ദൈവത്തിന്റെ പേരിൽ ആരാധനാലയങ്ങളും പുരോഹിതന്മാരും പേര് കേൾപ്പിക്കുന്നു എന്നത് ആധുനിക രീതി !)

പിന്നീട് അധികാരത്തിൽ വന്ന കാർത്തിക തിരുനാൾ രാമവർമ്മ (ധർമ്മരാജ എന്ന പേരിൽ അറിയപ്പെടുന്ന രാജാവ്)യുടെ കാലത്താണ് തലസ്ഥാനം വീണ്ടും തിരുവനന്തപുരത്തേക്ക് കൊണ്ടുവന്നത്. (പത്മനാഭപുരം കൊട്ടാരം ഇന്ന് തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയിൽ ആണെങ്കിലും കൊട്ടാരവും പരിസര പ്രദേശങ്ങളും ഇന്നും കേരള സർക്കാരിന്റെ നിയന്ത്രണത്തിലാണ്). ധർമ്മരാജാവും അദ്ദേഹത്തിന്റെ അമ്മ മഹാറാണിയും ഒരു യുദ്ധത്തിൽ നിന്നും രക്ഷപ്പെട്ട് കിളിമാനൂർ കോവിലകത്തിന്റെ സംരക്ഷണയിൽ എത്തിയതിന്റെ ഉപകാര സ്മരണയ്ക്ക്. ആ കോവിലകത്തിന് പ്രത്യേക അധികാരങ്ങൾ കൊടുക്കുകയും ആയിരക്കണക്കിന് ഏക്കർ ഭൂമി കരമിളവ് ആക്കി കൊടുത്ത് അവരെ തിരുവിതാംകൂറിന്റെ സാമന്തന്മാരാക്കുകയും ചെയ്തു. മക്കൾ ഇല്ലാതെ വരുമ്പോൾ തിരുവിതാംകൂർ രാജാക്കന്മാർ ദത്തെടുത്തിരുന്നത് ഈ കോവിലകത്തെ കുട്ടികളെയായിരുന്നു. തിരുവിതാംകൂർ രാജവംശത്തിലെ സ്ത്രീകളെ പ്രധാനമായും വിവാഹം ചെയ്തിരുന്നത് കിളിമാനൂർ കൊട്ടാരത്തിലെ തമ്പുരാക്കന്മാരായിരുന്നു. ലോക പ്രശസ്ത ചിത്രകാരൻ രാജാരവിവർമ്മ കിളിമാനൂർ കൊട്ടാരത്തിലേതാണ്. അദ്ദേഹത്തിന്റെ ഉയർച്ചയ്ക്ക് തിരുവിതാംകൂർ കൊട്ടാരം പങ്ക് വഹിച്ചിട്ടുണ്ട്. ഇന്ത്യയിൽ ആദ്യമായി കൈസർ-ഇ-ഹിന്ദ് (Kaiser-i-hind) എന്ന ബഹുമതി നേടിയത് രവിവർമ്മയാണ്. (പിന്നീട് ഗാന്ധിജിക്കും ഈ ബഹുമതി ലഭിച്ചെങ്കിലും 1919ലെ ജാലിയൻവാലാ ബാഗ് കൂട്ടക്കൊലയിൽ പ്രതിഷേധിച്ച് അദ്ദേഹം അത് ഉപേക്ഷിക്കുകയുണ്ടായി). രവിവർമ്മയുടെ 'ചിത്രശാല' ഇന്നും വലിയ കോട്ടം തട്ടാതെ കിളിമാനൂർ കൊട്ടാരത്തിൽ കാണാം. അദ്ദേഹത്തിന്റെ മകളുടെ മകളാണ് തിരുവിതാംകൂർ റീജന്റായി ഭരണം നടത്തിയ റാണി സേതുലക്ഷ്മിഭായ് തമ്പുരാട്ടി. തമ്പുരാട്ടിയുടെ ഭർത്താവ് പേരുകേട്ട സാഹിത്യകാരൻ കേരളവർമ്മ വലിയ കോയിത്തമ്പുരാൻ ആണ്.

തിരുവിതാംകൂർ രാജാക്കന്മാരുടേയും പിന്നീട് 1949ൽ നിലവിൽ വന്ന തിരുകൊച്ചിയുടേയും, 1956ൽ രൂപം കൊണ്ട കേരള സംസ്ഥാനത്തിന്റേയും, തലസ്ഥാന നഗരിയാണ് തിരുവനന്തപുരം. കേരളത്തിന്റെ തെക്കേ അറ്റത്ത് കിടക്കുന്ന ജില്ല, സംസ്ഥാനത്തെ 5 കോർപ്പറേഷനുകളിൽ ഒന്നാണ്. (കൊച്ചി, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം എന്നിവയാണ് മറ്റ് നാലെണ്ണം). കോർപ്പറേഷന്റെ അധികാരിയെ മേയർ എന്നു വിളിക്കുന്നു. (ആരാധ്യനായ മേയർ എന്നാണ് അഭിസംബോധന ചെയ്തിരുന്നത്.)

ഒരു ജില്ലയിൽ ക്രമസമാധാനം നിലനിർത്തുന്ന അധികാരിയെ District Chief of Police (പഴയ District Superintendent of Police) എന്നാണ് പറയുന്നത്. എന്നാൽ കോർപ്പറേഷൻ അടങ്ങുന്ന ഈ അഞ്ച് ജില്ലകളിലും 2 മേധാവികൾ ഉണ്ടാവും. കോർപ്പറേഷൻ പരിധിയിൽ അത് സിറ്റി പോലീസ് കമ്മീഷണർ (CPC) എന്ന പേരിൽ അറിയപ്പെടുന്നു.

കേരളത്തിലെ സാഹചര്യം അനുസരിച്ച് DIG റാങ്കിലുള്ള ഉദ്യോഗസ്ഥനാണ് CPCയായി വരേണ്ടത്. എന്നാൽ രാഷ്ട്രീയ താത്പര്യം അനുസരിച്ച് ഇതിന് മുകളിലുള്ളവരും താഴെയുള്ളവരും ഒക്കെ CPC ആയി വരാറുണ്ട്). CPCയെ സഹായിക്കാൻ ഒരു ജൂനിയർ IPS ആഫീസറെ Deputy Commissioner of Police (DCP) ആയും Dy.SP റാങ്കിലുള്ള ആളെ Assistant Commissioner of Police (ACP) ആയും കൊടുക്കാറുണ്ട്. അവരെ സഹായിക്കാൻ ഇസ്പെക്ടർമാരും മറ്റു പോലീസ് സംവിധാനങ്ങളും ഉണ്ട്. അതേപോലെ സിറ്റി ലിമിറ്റ് കഴിഞ്ഞാൽ ആ ജില്ലയിലെ മേധാവി Rural SP ആയിരിക്കും. സാധാരണ ഒരു District Chief of Police കയ്യാളുന്ന അധികാരങ്ങളൊക്കെത്തന്നെയാണ് ഒരു Rural SP കൈകാര്യം ചെയ്യുന്നത്.

മിക്കവാറും എല്ലാ സംസ്ഥാനത്തും ആ സംസ്ഥാനത്തെ ഉന്നത നീതിന്യായ പീഠം (ഹൈക്കോടതി) സ്ഥിതിചെയ്യുന്നത് അതാത് സംസ്ഥാന തലസ്ഥാന നഗരിയിൽ ആയിരിക്കും. എന്നാൽ കേരളം, ഉത്തരാഖണ്ഡ്, രാജസ്ഥാൻ, ഒഡീഷ, മദ്ധ്യപ്രദേശ്, ഉത്തർപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങൾ ഇതിന് അപവാദമാണ്. എന്നാൽ ജയ്പൂരിലും (രാജസ്ഥാൻ), ലക്നൗ (ഉത്തർപ്രദേശ്)വിലും ഹൈക്കോടതി ബഞ്ച് സ്ഥിതി ചെയ്യുന്നു എന്നത് അവർക്ക് ആശ്വാസകരമാണ്. (ഹൈക്കോടതി തന്നെ ഇല്ലാത്ത ചില സംസ്ഥാനങ്ങളും നമുക്കുണ്ട്. ഗോവയിലേത് മഹാരാഷ്ട്ര ഹൈക്കോടതിയിലും ആറ് നോർത്ത് ഈസ്റ്റ് സ്റ്റേറ്റുകളിലേത് ആസ്സാം ഹൈക്കോടതിയിലും (ഗോഹട്ടി) ആണ് തീർപ്പ് കൽപ്പിക്കുന്നത്).

മലയാള നാട്ടിൽ ആദ്യമായി ഒരു സർവ്വകലാശാല ഉണ്ടാവുന്നത് തിരുവനന്തപുരത്താണ് (1937ൽ). അന്ന് അതിന് 'യൂണിവേഴ്സിറ്റി ഓഫ് ട്രാവൻകൂർ' എന്നായിരുന്നു പേര്. കേരള സംസ്ഥാനം രൂപീകരിച്ചതിനുശേഷം 'യൂണിവേഴ്സിറ്റി ഓഫ് കേരള' എന്ന് പുനർനാമകരണം നടത്തി. ഇന്ത്യയിലെ ആദ്യകാല യൂണിവേഴ്സിറ്റികളുടെ പേരുകളൊക്കെ തുടങ്ങിയിരുന്നത് യൂണിവേഴ്സിറ്റി ഓഫ് എന്നായിരുന്നു. ആധുനിക വാഴ്സിറ്റികളൊക്കെ ഇതിൽ നിന്നും വിഭിന്നമാണ് (ഉദാ: M. G. University, Kannur University, Agricultural University etc.) രാജഭരണത്തിന്റെ മറ്റ് സംഭാവനകൾ പുതുതലമുറ മറക്കാൻ പാടുള്ളതല്ല. നമ്മുടെ കെ. എസ്. ആർ. ടി. സി., തിരുവനന്തപുരം മെഡിക്കൽ കോളേജ്, കേരള സെക്രട്ടേറിയറ്റ് (മുല്ലപ്പെരി

അറിയപ്പെടുന്ന വൈദ്യുത ശ്മശാനം 'തൈക്കാട്' എന്ന സ്ഥലത്ത് ആരംഭിച്ചപ്പോൾ മലയാളികൾക്ക് അത് ഒരു പുതുമ ആയിരുന്നു. കോർപ്പറേഷൻ പരിധിയിലെ അനിയന്ത്രിതമായ വിഴുപ്പുകൾ ഏറ്റുവാങ്ങുന്നത് 'വിളപ്പിൻശാല' എന്ന പ്രദേശം ആണ്. അവിടുത്തെ മലിനീകരണ-നശീകരണ യന്ത്രങ്ങൾ വേണ്ട വിധത്തിൽ പ്രവർത്തിക്കാതിരുന്നതിനാൽ ഉണ്ടായ പ്രക്ഷോഭങ്ങൾ വായനക്കാർ ഓർക്കുന്നുണ്ടാവുമല്ലോ !

മതസൗഹാർദ്ധത്തിന് പേരുകേട്ട സ്ഥലമാണ് തിരുവനന്തപുരത്തെ പാളയം. ക്രൈസ്ത-മുസ്ലീം-ഹിന്ദു ദേവാലയങ്ങൾ തോളുരുമി നിൽക്കുന്നത് വർഗ്ഗീയവാദികൾക്ക് രസിക്കണം എന്നില്ല. കേരളത്തിലെ ആദ്യ പോലീസ് ഇൻസ്പെക്ടർ ജനറൽ ആയിരുന്ന ചന്ദ്രശേഖരൻ നായരുടെ ബഹുമാനാർത്ഥം നിർമ്മിക്കപ്പെട്ട ചന്ദ്രശേഖരൻ നായർ ഫുട്ബോൾ സ്റ്റേഡിയം തിരുവനന്തപുരത്താണ്. പോലീസ് സ്റ്റേഡിയം എന്നും ഇതിന് വിളിപ്പേരുണ്ട്. സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ (SAI) യുടെ നിയന്ത്രണത്തിലുള്ള ലക്ഷ്മീഭായി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡുക്കേഷൻ (LNCPE) കായിക താരങ്ങളെ വാർത്തെടുക്കുന്ന ഒരു സ്ഥാപനമാണ്. കാര്യവട്ടത്ത് ഇത് സ്ഥിതി ചെയ്യുന്നു. കേരള സ്പോർട്സ് അക്കാഡമി എല്ലാതരം കായിക താരങ്ങളേയും വാർത്തെടുക്കുന്ന മറ്റൊരു സർക്കാർ സ്ഥാപനമാണ്. ആറ്റിങ്ങലിലാണ് ഇതിന്റെ പരിശീലന കേന്ദ്രം ഉള്ളത്. പ്രൈമറി ക്ലാസ്സ് കുട്ടികൾ മുതൽ കോളേജ് തലത്തിൽ പഠിക്കുന്ന കുട്ടികൾ വരെ അവിടെ താമസിച്ച് പരിശീലനം നേടുന്നു. പരിശീലനവും നിലവാരമുള്ള ഭക്ഷണവും താമസവും ഒക്കെ സർക്കാർ ചെലവിൽ നടത്തുന്നു.

സ്കൂൾ തലം വരെയുള്ള പരീക്ഷകൾ നിയന്ത്രിക്കുന്നത് തിരുവനന്തപുരം പൂജപ്പുരയിലുള്ള പരീക്ഷാഭവനാണ്. എഞ്ചിനീയറിംഗ് എൻട്രൻസ് (നേരത്തേ കേരള മെഡിക്കൽ എൻട്രൻസും) നടത്തുന്നത് ഭൂപടത്തിൽ വിഴിഞ്ഞം തുറമുഖം സ്ഥാനം പിടിക്കാൻ ഒരുങ്ങുകയാണ്.

കേന്ദ്ര ഗവൺമെന്റിന്റെ അധീനതയിൽ ഉള്ള ശ്രീചിത്രാ മെഡിക്കൽ സെന്റർ ഒരു കല്പിത സർവ്വകലാശാല (Deemed University) ആണ്. അതിന് അടുത്ത് തന്നെ സ്ഥിതി ചെയ്യുന്ന Regional Cancer Centre (RCC)ഉം രാജ്യത്തെ ഉന്നത നിലവാരത്തിലുള്ള സ്ഥാപനങ്ങളിൽ ഒന്നാണ്. കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് (CPL) എടുക്കാൻ Kerala Flying Clubഉം (1939ൽ) സിവിൽ സർവ്വീസ് പ്രവേശനത്തിന് പരിശീലനം നൽകുന്ന കേരള സിവിൽ സർവ്വീസ് അക്കാദമിയും തിരുവനന്തപുരത്തിന് അവകാശപ്പെട്ടതാണ്.

ISROവിന്റെ കീഴിൽ വരുന്ന VSSC (Vikram Sarabhai Space Centre) സ്ഥിതി ചെയ്യുന്നത് തുമ്പയിലാണ്. Tumba Equitorial Rocket Launching Station (TERLS) എന്നായിരുന്നു ഇതിന്റെ പഴയ പേര്. തിരുവനന്തപുരത്തെ വന്യജീവി സംരക്ഷണ കേന്ദ്രം നെയ്യാറിലാണ്. പൊൻമുടി ഒരു സുഖവാസ കേന്ദ്രം ആയതിനാൽ ടൂറിസ്റ്റുകളുടെ നിരക്ക് പലപ്പോഴും മറ്റുള്ളവരെപ്പോലും ബുദ്ധിമുട്ടിലാക്കാറുണ്ട്. കോവളത്തെ ഹവാ ബീച്ച് (Hawa Beach) ലോകപ്രശസ്തമായ ബീച്ചുകളിൽ ഒന്നാണ്. വേളി, വർക്കല തുടങ്ങിയവ മറ്റ് ടൂറിസ്റ്റ് കേന്ദ്രങ്ങളാണ്.

കേരളത്തിലെ സാങ്കേതിക യൂണിവേഴ്സിറ്റി (Kerala Technical University) തിരുവനന്തപുരത്താണ്. കേരളത്തിലെ ഒട്ടുമിക്ക വകുപ്പുകളുടേയും ആസ്ഥാനം തിരുവനന്തപുരത്താണ്. ട്രോപ്പിക്കൻ ബൊട്ടാണിക്കൻ ഗാർഡൻ സ്ഥിതി ചെയ്യുന്നത് പാലോട് ആണ്. (കേരളത്തിൽ ഏറ്റവും കൂടുതൽ മരച്ചീനി കൃഷി ചെയ്യുന്നതും മറ്റാരും അല്ല). ഭാരത് സ്കൗട്സ് ആന്റ് ഗൈഡ്സിന്റെ ഇന്ത്യയിലെ ഏറ്റവും വലിയ ട്രെയിനിംഗ് സെന്റർ പാലോട് ആണ് ഉള്ളത്. തിരുവനന്തപുരം കോർപ്പറേഷന്റെ നിയന്ത്രണത്തിൽ സ്ഥാപിക്കപ്പെട്ട 'ശാന്തി കവാടം' എന്ന പേരിൽ യാർ ഉണ്ടാക്കിയ സുർക്കി കോൺക്രീറ്റിനെപ്പറ്റി നാം ആശങ്കപ്പെടുമ്പോൾ, നമ്മുടെ സെക്രട്ടേറിയേറ്റ് സുർക്കി കൊണ്ടാണ് ഉണ്ടാക്കിയതാണെന്ന് നമ്മിൽ എത്ര പേർക്കറിയാം?), തിരുവനന്തപുരം പബ്ലിക് ലൈബ്രറി, മ്യൂസിയം, പത്മനാഭസ്വാമി ക്ഷേത്രം (പഴയ ക്ഷേത്രം തൃപ്പടിദാനത്തിന് മുമ്പ് മാർത്താണ്ഡ വർമ്മ പുതുക്കിപ്പണിതിരുന്നു), മ്യൂസിക് കോളേജ്, യൂണിവേഴ്സിറ്റി കോളേജ്, ആലുവയിലെ FACT, ട്രാവൻകൂർ ടൈറ്റാനിയം കമ്പനി തുടങ്ങിയവ അവയിൽ ചിലതാണ്.

ഭൂപ്രകൃതി അനുസരിച്ച് കേരളത്തെ മൂന്നായി തിരിക്കാറുണ്ട്. മലനാട് (Mountainous region), ഇടനാട് (Plain region), തീരപ്രദേശം (Coastal region) എന്നിവയാണ് അവ. ഈ മൂന്ന് പ്രദേശങ്ങളും വ്യക്തമായ രീതിയിൽ കാണുന്ന ഒരു ജില്ലയാണ് തിരുവനന്തപുരം (മറ്റ് ജില്ലകൾ കൊല്ലം, മലപ്പുറം, കണ്ണൂർ, കാസർകോട്). തിരുവനന്തപുരം ജില്ലയിൽ സ്ഥിതി ചെയ്യുന്ന 'അഗസ്ത്യകൂടം' കേരളത്തിലെ രണ്ടാമത്തെ ഉയരമുള്ള കൊടുമുടിയാണ്. (ഒന്നാമത്തെ സ്ഥാനം ഇടുക്കി ജില്ലയിലെ ആനമുടിക്കാണ്). ഇടവമാസം പകുതിയിൽ ആരംഭിക്കുന്ന (ഇടവപ്പാതി) മൺസൂൺ (South-West Monsoon) തിരുവനന്തപുരം വഴിയാണ് കേരളത്തിലെ മറ്റ് പ്രദേശങ്ങളിലേക്ക് കടക്കുന്നത്. ജനസംഖ്യയിൽ തിരുവനന്തപുരത്തിന് രണ്ടാം സ്ഥാനം ഉണ്ട് (ഒന്നാം സ്ഥാനം മലപ്പുറത്തിനാണ്). കേരള ഓട്ടോമൊബൈൽസ്, ഹിന്ദുസ്ഥാൻ ലാറ്റക്സ് കമ്പനി, ഇംഗ്ലീഷ് - ഇന്ത്യ ക്ലേ ലിമിറ്റഡ് തുടങ്ങിയവ സ്ഥിതിചെയ്യുന്നതും ഈ ജില്ലയിൽ തന്നെയാണ്.

ഇന്ത്യയിൽ തിരമാലയിൽ നിന്നും ആദ്യമായി വൈദ്യുതി ഉത്പാദിപ്പിച്ചത് (Wave Power Plant) തിരുവനന്തപുരത്തെ വിഴിഞ്ഞത്താണ് (1992ൽ). ബ്രിട്ടൻ, നോർവ്വെ, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളിൽ വൻ വിജയമായി പ്രവർത്തിക്കുന്ന ഇത്തരം പദ്ധതി, നമ്മുടെ കെടുകാര്യസ്ഥത മൂലം ഉപേക്ഷിക്കേണ്ടിവന്നു എന്നത് ദുഃഖകരമായ കാര്യമാണ്. അന്തർദേശീയ

## ■ വിജ്ഞാനച്ചെപ്പ്


എൻട്രൻസ് കമ്മീഷണറേറ്റിലാണ്. അതും പൂജപ്പുരയിലാണ്. കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ എഡ്യുക്കേഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ് (SCERT) ഉം പൂജപ്പുരയിൽ തന്നെ. കേരളത്തിലെ മൂന്ന് സെൻട്രൽ ജയിലുകളിലൊന്ന് പൂജപ്പുരയിലാണ്. (മറ്റ് രണ്ടെണ്ണം കണ്ണൂരും തൃശ്ശൂരുമാണ്) കുട്ടി കുറ്റവാളികളെ പാർപ്പിക്കുന്ന ജുവനൈൽ ഹോമും പൂജപ്പുരയിൽ ഉണ്ട്. കേരളത്തിലെ ആദ്യത്തെ വനിത ജയിൽ നെയ്യാറ്റിങ്കരയിലാണ് സ്ഥാപിക്കപ്പെട്ടത് (1990ൽ). കേരളത്തിലെ ആദ്യത്തെ 'തുറന്ന ജയിൽ' തിരുവനന്തപുരത്തെ 'നെട്ടുകൽത്തേരി' എന്ന സ്ഥലത്താണ്. ഇന്ന് മാനസിക രോഗികളുടെ എണ്ണം പതിന്മടങ്ങ് വർദ്ധിച്ചപ്പോൾ എല്ലാ ജില്ലയിലും സർക്കാർ തലത്തിലും പ്രൈവറ്റ് തലത്തിലും മാനസിക ആരോഗ്യകേന്ദ്രങ്ങളുണ്ട്. എന്നാൽ തിരുവനന്തപുരത്തുള്ള 'ഊളമ്പാറ' യും കോഴിക്കോട്ടുള്ള 'കുതിരവട്ട' വും മറ്റുള്ള മാനസികാരോഗ്യ കേന്ദ്രങ്ങളേക്കാൾ മീതെയുള്ള മാനസികാരോഗ്യ ആശുപത്രികളാണ്.

കേരളത്തിൽ സ്ഥിതി ചെയ്യുന്ന ഒരേയൊരു സൈനിക സ്കൂൾ 'കഴക്കൂട്ട'ത്ത് ആണ് സ്ഥിതി ചെയ്യുന്നത്. അച്ചടക്കവും പട്ടാളക്കാരേയും ആഫീസർമാരേയും സൃഷ്ടിക്കുക എന്നതാണ് ഈ സ്കൂളിന്റെ മുഖ്യലക്ഷ്യം. ഇന്ത്യൻ വായുസേനയുടെ തെക്കൻ കമാൻഡ് തിരുവനന്തപുരത്തെ ആക്കുളത്താണ് സ്ഥിതി ചെയ്യുന്നത്. കേരളത്തിലെ രണ്ട് പ്ലാനറ്റോറിയങ്ങളിൽ ഒന്ന് തിരുവനന്തപുരത്താണ് ഉള്ളത്. പ്രിയദർശിനി പ്ലാനറ്റോറിയം എന്ന പേരിൽ അത് അറിയപ്പെടുന്നു. കേരള സയൻസ് ആന്റ് ടെക്നോളജി മ്യൂസിയം തിരുവനന്തപുരത്ത് ഉണ്ട്. ഗോപിനാഥ് മുതുകാടിന്റെ 'മാജിക് പ്ലാനറ്റ്' എന്ന സ്ഥാപനം ധാരാളം കലാകാരന്മാർക്ക് താങ്ങും തണലും നൽകുന്ന ഒരു സ്ഥാപനമാണ്. കാണികൾക്ക് ഒരുദിവസം അവിടെ ചിലവഴിച്ച് മാജിക്കിന്റെ മാന്ത്രികത മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്.

(തുടരും)

## ■ ദൈവനാമത്തിൽ

# ഈശ്വരനിഷ്ടം




**മുഹമ്മദ് കനി**
**8086293957**


**ഈ** പ്രപഞ്ചത്തിലെ അഖില ചരാചരങ്ങളേയും സൃഷ്ടിച്ചത് ഈശ്വരൻ (അല്ലാഹു) മാത്രമായതുകൊണ്ടും, മറ്റാർക്കും തന്നെ സൃഷ്ടിപ്പിൽ യാതൊരു പങ്കുമില്ലാത്തതുകൊണ്ടുമാണ് ദൈവദൂതന്മാരെല്ലാവരും തന്നെ ദൈവം ഏകനാണെന്നും, അവനെ മാത്രമെ ആരാധിയ്ക്കുവാൻ പാടുള്ളുവെന്നും പഠിപ്പിച്ചത്. സൃഷ്ടിച്ചും, സ്രഷ്ടാവും ഒന്നുതന്നെയാണെങ്കിൽ അവിശ്വാസികൾ (ദൈവവിശ്വാസമില്ലാത്തവർ) പറയുന്നതുപോലെ എല്ലാം യാദൃശ്ചികമായി ഉണ്ടായിത്തീർന്നതാണെന്ന് വിശ്വസിയ്ക്കേണ്ടിവരുന്നതും, സൃഷ്ടികർത്താവ് എന്ന അസ്ഥിത്വം തന്നെയില്ലാതായിത്തീരുന്നതുമാണ്. അങ്ങിനെയാവാം ജനങ്ങൾ പ്രകൃതി ശക്തികളെ ആരാധിച്ചുതുടങ്ങിയത് എന്ന് കരുതുന്നത് തെറ്റാവുന്നില്ല.

ഒന്നുമില്ലായ്മയിൽ നിന്നും എല്ലാറ്റിനേയും സൃഷ്ടിയ്ക്കുകയും, സൃഷ്ടിച്ച എല്ലാറ്റിനേയും ഒന്നുമില്ലാതാക്കി മാറ്റുവാനുള്ള കഴിവ് ആർക്കാണോ ഉള്ളത് അവനെ (അവരെ) 'ദൈവം' എന്നു വിളിയ്ക്കാനാണ് ഈ ലേഖകൻ ഇഷ്ടപ്പെടുന്നത്.

ഈ പ്രപഞ്ചത്തിലെ ഓരോ വസ്തുക്കളെക്കുറിച്ചും നാം ചിന്തിയ്ക്കുമ്പോൾ (ഗവേഷണം നടത്തുമ്പോൾ) ലഭിയ്ക്കുന്ന കാര്യങ്ങൾ നമ്മിൽ മഹാത്ഭുതമുളവാക്കുന്നു. ലോകാവസാനം വരേയ്ക്കും ഭൂമിയിലുള്ള എല്ലാ ജീവജാലങ്ങളും എത്രതന്നെയുപയോഗിച്ചാലും തീരാത്തത്ര ജലത്തെ സൃഷ്ടിച്ച് സമുദ്രം എന്ന വലിയ പാത്രത്തിൽ ശേഖരിച്ചുവച്ചിരിക്കുന്നത് ഈശ്വരനാണ്. അല്ലാതെ സമുദ്രമോ, അതിലെ ജലമോ അല്ല. ഉപ്പും മറ്റു മാലിന്യങ്ങളും നിറഞ്ഞ അതിലെ ജലത്തെ ശുദ്ധ ജലമാക്കി മാറ്റിക്കൊണ്ട് ലോകത്തിലെ നാനാഭാഗത്തേയ്ക്കും മഴയുടെ രൂപത്തിൽ വിതരണം നടത്തുന്നതും ഈശ്വരൻ തന്നെയാണ്.

ഒരുപാട് ശക്തികളെ ഒരുമിച്ചു ചേർത്തിക്കൊണ്ട് വേണ്ടവിധം പ്രവർത്തിപ്പിയ്ക്കുന്നത് കൊണ്ടാണ് നമുക്ക് മഴ ലഭ്യമാകുന്നത്. എല്ലാ ശക്തികളേയും സൃഷ്ടിച്ച ആ മഹാശക്തിയായ ജഗദീശ്വരൻ (അല്ലാഹു) തന്റെ ഉന്നതമായ ആസൂത്രണ ഫലങ്ങളാണ് നാമനുഭവിക്കുന്ന എല്ലാ അനുഗ്രഹങ്ങളും. ഒരു അച്ഛന് ഒന്നിൽ കൂടുതൽ മക്കളുണ്ടാവുന്നു. എന്നാൽ ഒരു മകന് ഒന്നിൽ കൂടുതൽ അച്ഛനമ്മമാരുണ്ടാവുന്നില്ലായെന്ന ശാസ്ത്രീയ തത്ത്വമാണ് ദൈവത്തിന്റെയും കാര്യത്തിലുള്ളത് എന്ന് ലേഖകൻ വിശ്വസിയ്ക്കുന്നു.

പഞ്ചേന്ദ്രിയങ്ങളെക്കൊണ്ട് ദർശിയ്ക്കാനോ, സ്പർശിയ്ക്കാനോ കഴിയാത്ത ഭഗവാൻ (അല്ലാഹു) ഒരിയ്ക്കലും മരിയ്ക്കുന്നില്ല. എന്നാൽ സൃഷ്ടികളെല്ലാം തന്നെ നശിക്കുന്നതും, മരിയ്ക്കുന്നതുമാണ്. ഒരു സൃഷ്ടി നിലനില്ക്കുവാൻ മറ്റൊരു സൃഷ്ടി ആവശ്യമാണ്. അങ്ങിനെ എല്ലാ സൃഷ്ടികളും ഒന്നിനോടൊന്ന് കടപ്പെട്ടിരിക്കുന്നു. ഇങ്ങിനെ എല്ലാറ്റിനേയും സംവിധാനിച്ചുകൊണ്ട് നിലനിർത്തിപ്പോരുന്നത് ഈശ്വരനാണ് (അല്ലാഹുവാണ്). അതുകൊണ്ടുതന്നെ നാം ആരാധിയ്ക്കേണ്ടത് ആ ഈശ്വരനെയാണ്.

ബില്യൺ കണക്കിന് കൊല്ലങ്ങളായി കത്തിജ്ജ്വലിച്ചു കൊണ്ടിരിയ്ക്കുന്ന സൂര്യൻ സ്വയം ഉണ്ടായതല്ല, അതിലെ ഊർജ്ജം സ്വയം ആ

## ദൈവനാമത്തിൽ

ർജ്ജിച്ചതുമല്ല. അതിന് ഊർജ്ജം നൽകിക്കൊണ്ടിരിയ്ക്കുന്നതും അതിനെ സൃഷ്ടിച്ചതും ഈശ്വരൻ (അല്ലാഹു) തന്നെയാണ്. അതുകൊണ്ട് നാം സൂര്യനെ സൃഷ്ടിച്ച ദൈവത്തെയാണ് ആരാധിയ്ക്കേണ്ടത് എന്നാണ് ദൈവദൂതൻന്മാർ പഠിപ്പിച്ചത്.

മണ്ണിനെ സൃഷ്ടിച്ചത് ഈശ്വരനാണ്. മണ്ണ് ഈശ്വരനാണെങ്കിൽ നാം മണ്ണിലൂടെ നടക്കുവാനിഷ്ടപ്പെടില്ല. വിസർജ്ജിക്കില്ല, മൺവെട്ടി കൊണ്ട് വെട്ടിയെടുത്ത് ചവുട്ടിക്കുഴച്ച് പാകപ്പെടുത്തി കൃഷിയ്ക്കുപയോഗിയ്ക്കില്ല, മണ്ണ് കൊണ്ട് പാത്രങ്ങളുണ്ടാക്കില്ല. വൃക്ഷലതാദികൾ സൃഷ്ടികളാണ്. സൃഷ്ടികർത്താവാണെങ്കിൽ അതിലെ ശാഖകൾ നാം വെട്ടിയെടുക്കില്ല, ഫർണീച്ചറുകൾ നിർമ്മിക്കില്ല, കായ്കനികൾ പറിച്ചെടുക്കില്ല, ഇലകൾ പൊഴിയാനനുവദിയ്ക്കില്ല. പച്ചക്കറികൾ ഭക്ഷ്യയോഗ്യമാക്കില്ല.

മത്സ്യങ്ങൾ സൃഷ്ടികളാണ്. സൃഷ്ടികർത്താവാണെങ്കിൽ നാമതിനെ പിടിക്കില്ല, ഭക്ഷിക്കുകയില്ല, വളർത്തുക മാത്രമേ ചെയ്യുകയുള്ളു. എല്ലാ പക്ഷിമൃഗാദികളും സൃഷ്ടികൾ തന്നെയാണ്. പഞ്ചേന്ദ്രിയങ്ങളെ കൊണ്ട് സ്പർശിക്കാനും, ദർശിക്കാനും കഴിയുന്ന എല്ലാമെല്ലാം സൃഷ്ടികളാണ്. അതുകൊണ്ടാണ് ശ്രീമദ് ഭഗവദ്ഗീതയിൽ ഇങ്ങിനെ ഭഗവാൻ പറഞ്ഞത്: "എല്ലാ പ്രപഞ്ചഘടകങ്ങൾക്കും കാരണഭൂതനായ എന്നെ മാത്രം ധ്യാനിച്ചുകൊണ്ട് പ്രതിഫലേച്ഛ കൂടാതെ കർമ്മം ചെയ്യുന്നവനെയാണെനിക്കിഷ്ടം" എന്ന്.

പ്രവചകത്വം ലഭിച്ചതിനുശേഷം തന്റെ ഇരുപത്തിമൂന്ന് കൊല്ലക്കാലത്തെ ജീവിതം കൊണ്ട് മേൽപ്പറഞ്ഞ ഗീതാവചനത്തിന്റെ പൂർത്തീകരണം മുഹമ്മദ് നബി തിരുമേനി പഠിപ്പിച്ചതായി മനസ്സിലാവുന്നു. ഈശ്വരന്റെ (അല്ലാഹുവിന്റെ) ഇഷ്ടക്കാരാവാൻ എന്തെല്ലാമാണ്, എങ്ങിനെയെല്ലാമാണ് പ്രവർത്തിയ്ക്കേണ്ടത് എന്നദ്ദേഹം മാതൃകാപരമായി ജീവിച്ചുകാണിച്ചതായി സത്യാന്വേഷകർക്ക് മനസ്സിലാക്കാൻ പ്രയാസമില്ല.

അരൂപനും, അദൃശ്യനും, അജയ്യനും, ഏകനുമായ ആ സൃഷ്ടാവിനെ മാത്രം ആരാധിയ്ക്കുന്നവർക്ക് ഒരു രൂപ പോലും ചിലവു വരുന്നില്ല. കാരണം ആ ജഗദീശ്വരൻ പറയുന്നത് എനിയ്ക്ക് മനുഷ്യരുടെ യാതൊന്നും ആവശ്യമില്ല എന്നാണ്. അപ്പോൾ നാം സമ്പാദിയ്ക്കുന്നത് മുഴുവനും നമുക്കും, നമുക്ക് ചുറ്റുമുള്ളവർക്കും വേണ്ടി ചിലവഴിയ്ക്കുവാൻ സാധിക്കുന്നു. ആതുര സേവനവും, ജീവകാരുണ്യ പ്രവർത്തനങ്ങളുമാണ് ഈശ്വരാരാധനയുടെ 'ഉൾക്കാമ്പ്'. മറ്റുള്ളവർക്ക് യാതൊന്നും നൽകാനില്ലായെങ്കിൽ പുഞ്ചിരിയെങ്കിലും ദാനമായി നൽകുന്നവർ ദൈവദൂതന്മാർ നമ്മോട് അഭ്യർത്ഥിച്ചിരിക്കുന്നു.

നാമെല്ലാവരും ദൈവത്തിന്റെ കൂട്ടുകാരായി ജീവിക്കുകയും കൂട്ടുകാരായിത്തന്നെ ഈ ഭൂമുഖത്തുനിന്നും വിട പറയുന്നവരുമായിത്തീരുവാൻ ഈശ്വരൻ നമ്മെ അനുഗ്രഹിയ്ക്കുമാറാകട്ടെ.

ദൈവത്തിന് സ്തുതി

●

---

## ലേഖനം

# സ്ത്രീ

**എം. എൽ. ശ്യാമള**
**8301045039**

**ഇ**ത് കലിയുഗം. ഇനി 2 യുഗം കൂടി കടന്നുപോയാലും സ്ത്രീയ്ക്ക് ഈ അവസ്ഥ തന്നെ ആവാനാണ് നിയതി. പ്രഗത്ഭരായ നായകന്മാരോട് തർക്കിക്കാനല്ല ഞാനിതെഴുതുന്നത്. നിലവിലുള്ള സത്യം മാത്രമാണ്. ഒന്നുപറയാം ഒരു സ്ത്രീ ഇല്ലാതെ വീട് ഒരാഴ്ച മുൻപോട്ട് പോകും. അത് കഴിയുമ്പോൾ നാഥൻ തളരും. എന്നാൽ ഒരു വിധവ രണ്ടുമൂന്നു പിഞ്ചുകുഞ്ഞുങ്ങളുമായി ജീവിക്കുന്ന ഒരവസ്ഥ നിങ്ങൾ ആലോചിയ്ക്ക് ! തീർച്ചയായും എന്ത് ത്യാഗം സഹിച്ചും കുട്ടികളെ ഒരു കര എത്തിക്കും. കുടുംബനാഥനാ കാനോ പണം സമ്പാദിക്കലോ കഴിഞ്ഞാൽ അദ്ദേഹത്തിന്റെ ഉത്തരവാദിത്വം അവി ടെ തീരും.

ഇപ്പോഴുള്ള വളരെ ചുരുക്കം ചെറുപ്പക്കാർ ഭാര്യ, കുട്ടികളുടെ ശ്രദ്ധ എന്നിവയിൽ കുറച്ചുത്തരവാദിത്വം ഏറ്റെടുക്കുന്ന ഒരു പ്രവണത നാം കാണുന്നുണ്ട്.

ഒരു കുടുംബിനി എന്ന നിലയിൽ ഇതിനെല്ലാം പ്രാപ്തയാണ്. അവരുടെ ഒരു ദിവസം തുടങ്ങുന്നത് പുലർച്ചെ നാലു മണിക്കും അതിന്റവസാനം രാത്രി പതിനൊന്ന് മണിക്കുമാണ്. അതിനുള്ളിൽ കുട്ടികളുടെ പരിചരണം വിദ്യാഭ്യാസ കാര്യങ്ങൾ, ഭർത്താവിന്റെ ശ്രദ്ധ, മാതാപിതാക്കളുണ്ടെങ്കിൽ അപൂർണ്ണമായിട്ടെങ്കിലും അവരുടെ പരിചരണം ഓഫീസിൽ അല്ലെങ്കിൽ തൊഴിൽ മേഖലകളിൽ ഉള്ള സ്ത്രീകൾ അവരുടെ വരുമാനം വീടിന്റെ പുരോഗതിക്കുമാത്രം ഉപയോഗിക്കും.

ഉയർന്ന മേഖലകളിലും പദവിയിലും ഉള്ളവർ കാര്യപ്രാപ്തിയോടെ പുരുഷന്മാരുടെ സപ്പോർട്ടില്ലാതെ തന്നെ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. അതിൽ തന്നെ സ്വന്തം ഭാര്യ തന്നേക്കാൾ വിദ്യാഭ്യാസവും പദവിയുമുള്ള അവസ്ഥ ഭർത്താവിനെ അസ്വസ്ഥനാക്കുന്നതും നാം നിത്യമെന്നോണം കാണുന്നുണ്ട്.

മഹാനായ രാജാറാം മോഹൻറോയ് സമാന ചിന്താഗതിക്കാരും ചേർന്നാണ് സതി എന്ന മാരണം നിർത്തലാക്കിയത്. എന്നാൽ ഇതൊന്നും അംഗീകരിയ്ക്കാനുള്ള മാനസിക അവസ്ഥ എന്റെ ബഹുമാന്യരായ സഹോദരന്മാർക്ക് കഴിയില്ല എന്നത് വാസ്തവം തന്നെ. എന്റെ ചെറുപ്പത്തിൽ മുത്തശ്ശി എന്റമ്മയോട് ഇങ്ങനെ പറഞ്ഞു, "മക്കളെ, ഉരലിൽ വീണാൽ ഉലക്കയുടെ ഇടി കൊള്ളണം." എന്തിനേറെ പറയുന്നു, സീതയും ഗാന്ധാരിയും ശീലാവതിയും ദ്രൗപദിയും അഹല്യയുമല്ല 68 വയസ്സു കഴിഞ്ഞ ഒരു വൃദ്ധയായ സ്ത്രീയാണ് ഇത് എഴുതുന്നത്.

●

# പാക്കേജ്



**ശ്രീകുമാരി**
**8086189400**


**നാ**ലു മാസത്തിനുള്ളിൽ ആറാം തവണയാണ് മകൻ ഓൾഡ് ഏജ് ഹോമിൽ വരുന്നത്. ഇപ്രാവശ്യം അനുജത്തിയേയും കൂട്ടിയിട്ടുണ്ട്. മകൻ വളരെ താഴ്മയോടെ വീട്ടിലേക്ക് മടങ്ങിച്ചെല്ലാൻ പറഞ്ഞു. മകൾക്ക് മറ്റുള്ളവരുടെ മുഖത്തു നോക്കാൻ നാണം. എല്ലാവരും മകനെ കുറ്റപ്പെടുത്തുന്നു. മക്കൾ കരയുമ്പോൾ അച്ഛന്റെ ഉള്ളു പിടയുന്നുണ്ട് പക്ഷെ ഞാൻ ഒരു ഭർത്താവാണെന്ന കാര്യം മറക്കരുതല്ലോ? ഭർത്തൃ ധർമ്മം കഴിഞ്ഞിട്ടുമതി പിതൃധർമ്മം എന്നാണെന്റെ ഇപ്പോഴത്തെ തീരുമാനം. വെറുതെ വലിയൊരു സംഖ്യ ഓൾഡ് ഏജ് ഹോമിൽ കൊടുക്കുന്നതാണ് മകന് വിഷമം. വലിയ തുക തന്നെ. കാണുന്നവർക്ക് അനാവശ്യമെങ്കിലും ഞങ്ങൾക്കിത് അവശ്യം ആവശ്യമാണ്. നിലനിൽപ്പിനാണല്ലോ പ്രാധാന്യം മാത്രവുമല്ല മകനും മകൾക്കും വേണ്ടതിലധികം കൊടുത്തു. ഇനിയുള്ള ബാങ്ക് ബാലൻസ് അതവിടെ കിടക്കട്ടെ. മരണശേഷം അവർ എടുത്തുകൊള്ളട്ടെ.

പ്രസാദകരിൽ നിന്നും തനിക്കു കിട്ടുന്ന റോയൽട്ടി തന്നെ ഇവിടുത്തെ റെന്റിനേക്കാൾ അധികമുണ്ട് ആറു ദിവസത്തെ ആസ്ത്രേലിയൻ ടൂർ പാക്കേജുകഴിഞ്ഞ് മടങ്ങിയെത്തിയ മകനും ഭാര്യയും വീട്ടിലാരുമില്ലാത്തതു കണ്ട് അടുത്ത വീട്ടിൽ ചെന്നപ്പോഴാണ് താക്കോൽ കൊടുത്തുകൊണ്ട് അച്ഛന്റെ പുതിയ തീരുമാനത്തെക്കുറിച്ചറിയിച്ചത്. അന്നു തന്നെ രണ്ടു പ്രാവശ്യം വന്നുപറഞ്ഞിട്ടും അച്ഛൻ പിന്തിരിയാഞ്ഞപ്പോഴാണ് മകൻ തങ്ങളുടെ പ്രവൃത്തിയെ ഒന്നു പിന്തിരിഞ്ഞു നോക്കിയത്. ബൈപ്പാസ് സർജറി കഴിഞ്ഞ അമ്മയ്ക്ക് രണ്ടു മാസം കഴിഞ്ഞപ്പോൾ കൈക്ക് തളർച്ചയും വേദനയും ഹോംനേഴ്സിനെ വയ്ക്കാൻ അമ്മ സമ്മതിക്കുന്നില്ല. “സുമി ഭക്ഷണം വച്ചിട്ട് ജോലിക്കു പൊയ്ക്കോട്ടെ. ഞാനെടുത്തുവാരിക്കൊടുത്തു കൊള്ളാം” എന്ന അച്ഛന്റെ നിർദ്ദേശം മനസ്സില്ലാമനസ്സോടെ സ്വീകരിക്കേണ്ടി വന്നു.

പൊതുവെ അടുക്കളപ്പണിയിൽ മടിയുള്ള സുമിയെ പറഞ്ഞു സമ്മതിപ്പിച്ചതാണ്. അപാകതകൾ പലതും ഉണ്ടായിട്ടും അച്ഛനോ അമ്മയോ ഒന്നും പറഞ്ഞില്ല പക്ഷെ സുമിത്രയുടെ കുത്തുവാക്കുകൾ പലപ്പോഴും അവരെ പട്ടിണിയാക്കി. ആസ്ത്രേലിയൻ ടൂർ അവൾ തന്നെ ബുക്കുചെയ്തതാണ്. പാക്കേജ് നഷ്ടമാകുമല്ലോ എന്നു കരുതി പോയതാണ്. പക്ഷെ അച്ഛൻ ........ അനിയത്തി രേണുവിനെ വീട്ടിൽ നിർത്താം എന്നു കരുതി വിളിച്ചപ്പോൾ അവർ സിംഗപൂർ പാക്കേജിൽ അവിടെയാണു പോലും. മനുഷ്യരെ ഭ്രമിപ്പിക്കാൻ കുറെ പാക്കേജുകൾ. ഇന്നു ചെന്നപ്പോൾ അച്ഛൻ പറഞ്ഞത് ഇത് ഞങ്ങടെ ഒരു പാക്കേജാണുമോനെ ഇവിടെ നിന്നറിയിക്കും വരെയാണ് പീരീഡ് അപ്പോൾ വന്നാൽ മതി എന്ന്.

അമ്മയെ കാണാൻ കയറിച്ചെന്നപ്പോൾ അമ്മ എത്ര ഉത്സാഹത്തോടെ കൂടെയുള്ളവരോട് സംസാരിക്കുന്നു. ഇടയ്ക്ക് ചിരിക്കുന്നുമുണ്ട്. അച്ഛൻ വില കൊടുത്ത വാങ്ങിക്കൊടുത്ത മധുര സ്മേരങ്ങൾ. ●

# സുഖമായി ഉറങ്ങട്ടെ



**പി. ആർ. ജോസ്**
**9847946094**

**അ**ച്ഛനും അയാളും അയാളുടെ ഭാര്യയും രണ്ടു മക്കളുമടങ്ങുന്നതാണ് അയാളുടെ കുടുംബം. മക്കളൊക്കെ കോളേജിലാണ് പഠിക്കുന്നത്. അച്ഛന് പ്രായമേറെയായി. അയാൾക്കാണെങ്കിൽ ഗൾഫിൽ ഉയർന്ന ജോലിയും. ഭാര്യക്കാണെങ്കിൽ വീട്ടുഭരണം മാത്രം. എന്നാലും അച്ഛനെ പരിചരിക്കുക ഭാര്യയ്ക്ക് കടുത്ത അമർഷമായിരുന്നു. സമയത്ത് ഭക്ഷണം കൊടുക്കുകയോ ചികിത്സിക്കുകയോ മരുന്നു കൊടുക്കുകയോ ചെയ്യാറില്ല. മരുമകളുടെ പെരുമാറ്റം അച്ഛന് അസ്വസ്ഥതയുളവാക്കിയിരുന്നു. എങ്ങിനെയെങ്കിലും താൻ മരിച്ചാൽ മതിയെന്ന് അച്ഛനും അതുതന്നെ മരുമകളും ആഗ്രഹിച്ചു. ഇതൊന്നും ഗൾഫിലുള്ള മകൻ അറിഞ്ഞിരുന്നില്ല.

ഒരുദിവസം അത് സംഭവിച്ചു. അച്ഛൻ യാത്രയായി. വിവരമറിഞ്ഞെത്തിയ അയാൾ കൂടുതൽ ദുഃഖിതനായി. അച്ഛനെ വേണ്ടവിധത്തിൽ പരിചരിച്ചില്ലായെന്ന് അയൽ വീട്ടുകാരിൽ നിന്നും അയാൾ അറിയാനിടയായി. അന്ത്യശുശ്രൂഷാകർമ്മത്തിനായി അയാൾ പള്ളിയിലെ അച്ചനെ സമീപിച്ചു. അച്ചൻ ചോദിച്ചു: “കല്ലറ വാങ്ങുന്നില്ലേ ?”

“എന്താ റേറ്റ് ?” അയാൾ ചോദിച്ചു.

“സാധാരണ കല്ലറയാണെങ്കിൽ 5 ലക്ഷം രൂപ. എ. സി. യുള്ളതാണെങ്കിൽ 50 ലക്ഷം രൂപ.”

അയാൾ പറഞ്ഞു “ഒരു എ. സി. കല്ലറ തന്നെയായിക്കോട്ടെ. ഇനിയുള്ള കാലമെങ്കിലും അച്ഛൻ സുഖമായി ഉറങ്ങട്ടെ.”

അയാളുടെ ഭാര്യയ്ക്ക് മറിച്ചൊന്നും പറയാനില്ലായിരുന്നു. ●


## കാലിക രാഷ്ട്രീയം

മുകുന്ദൻ കുറുവട്ടൂർ
9048160748

രാഷ്ട്രീയമാണെവിടെയും;
അങ്ങാടി മൂലക,ളിലാൾത്തിരക്കേറുന്ന
പട്ടണവീഥികളിൽ, ഏറെ പവിത്രമാം
വിദ്യാലയങ്ങ,ളിലതിലേറെപ്പവിത്രമാം
ദിവ്യ ദേവാലയങ്ങളിൽ...
കസേരകളിലേറെയും മൃത-
ശരീരങ്ങൾ മാത്രം പ്രതിഷ്ഠിതമായൊരീ
സർക്കാരു കാര്യാലയങ്ങളിൽ,
പകർച്ചവ്യാധിപോൽ പെരുകിപ്പരക്കുന്ന
'സാംസ്കാരിക'ങ്ങളിൽ...
എവിടെയുമെവിടെയും രാഷ്ട്രീയം
മാത്രമാണമ്മഹാ-
പ്രവാഹത്തിലുഴലുകയാണേവരും
ശരിയ്ക്കൊന്നു ശ്വാസം
കഴിയ്ക്കാനുമാകാതെ !!
രാഷ്ട്രീയമാണെന്തിലുമേതിലും;
അരിവിതരണത്തി,ലാതുര ശുശ്രൂഷാ-
സഹായത്തി,ലുദ്യോഗനിയമനങ്ങ-
ളിലുത്സവ നടത്തിപ്പിൽ...
പദ്ധതി നിർവ്വഹണത്തിൽ, പുരസ്കാര-
നിർണ്ണയത്തിൽ, ക്ഷേമകാര്യങ്ങൾക്കുള്ള
ഗുണഭോക്തൃ മാനദണ്ഡങ്ങളിൽ,
ഗുരുശിഷ്യബന്ധങ്ങളിൽ, പിതൃ-പുത്ര
വൈരങ്ങളിൽ,
ശുദ്ധസ്നേഹസൗഹൃദങ്ങളിൽ,
ശപ്തസഹോദര സംഘട്ടനങ്ങളിൽ...
എന്തിലുമേതിലും രാഷ്ട്രീയം മാത്രമാ-
ണമ്മഹാപ്രവാഹത്തിലുഴലുകയാണേവരും
ശരിയ്ക്കൊന്നുശ്വാസം
കഴിയ്ക്കാനുമാകാതെ !!
രാഷ്ട്രീയം വേണം, ശരിയാണ്, നാടിന്റെ
ഭാഗധേയങ്ങളെ മാറ്റിക്കുറിക്കുന്ന
യജ്ഞകർമ്മങ്ങളിൽ, ഒരുനാളുമണയാതെ
കത്തുന്നയാഗാഗ്നി പോലെ
രാഷ്ട്രീയമുണ്ടായിരിയ്ക്കണം; പക്ഷെ
അതൊരുനാളും സർവ്വസംഹാരിയാം
ദാവാഗ്നിയായ് മാറരുത്, മാറ്റരുത്,
കരുതൽ വേണം...
ഇതര രാഷ്ട്രീയ വിശ്വാസിയെക്കാണവേ,
മുഖം തിരിച്ചകലുന്നൊരിന്നത്തെ
രാഷ്ട്രീയ-
മെത്രമേൽ ശോച്യം, ഇതുരാഷ്ട്രീയമോ,
അതിരറ്റ പ്രാകൃതാവസ്ഥയോ ?!
അന്യരാഷ്ട്രീയ ജീവിയെ കുത്തിമലർത്തു-
ന്നൊരിന്നത്തെ രാഷ്ട്രീയമെത്രമേൽ
ശപ്തം, ഇതുരാഷ്ട്രീയമോ,
തടയറ്റ കാടത്തമോ ?!
കാലികരാഷ്ട്രീയത്തെക്കാൾ നിർദ്ദോഷമീ
അരാഷ്ട്രീയത,യെന്നൊരു ചിന്ത, പതുക്കെ
പടർന്നുപിടിയ്ക്കവെ, ഈ ജനാധിപത്യ-
മഹാവൃക്ഷത്തിന്റെ വേരുകളൊന്നൊന്നായ്
ദ്രവിച്ചുപോകുന്നതറിയുന്നേൻ,
ദുഃഖത്തോടെ...!!



# ചക്ക



ടി. കെ. ഉണ്ണികൃഷ്ണൻ
9447972209, 6238374025

**ച**ക്ക എന്നു പറയുമ്പോൾ നിങ്ങൾ കരുതും ഇതിലെന്തുകഥ എന്ന്. എന്നാൽ അങ്ങിനെയല്ല. ചക്കയിൽ നിന്ന് ഒരു കഥയുണ്ടായിരിക്കുന്നു. എന്നെപ്പോലെ ചക്ക നിങ്ങൾക്കും ഇഷ്ടമുണ്ടാവും. ഉണ്ടെങ്കിലും ഇല്ലെങ്കിലും എനിക്ക് ഇഷ്ടമാണ്. പഴുത്ത് മധുരമുള്ള ചക്ക എന്നെപ്പോലെ എന്റെ മകൾക്കും അവളുടെ മകൾക്കും ഇഷ്ടം. മകൾ ഭർത്താവിനോടൊപ്പം ഹൈദ്രബാദിലാണ്. അവളും മകളും ഭർത്താവിനെ ഒറ്റക്കാക്കി വെക്കേഷനിൽ വന്നതാണ്. അവരുടെ ചക്കഭ്രമം കണ്ട് ഞാൻ തൊടിയിലിറങ്ങി പ്ലാവിലേക്ക് നോക്കി. പ്ലാവ് ചുറ്റുമുള്ള മരങ്ങളുടെ ഇടയ്ക്ക് പൊങ്ങിനിൽക്കുന്നു. ഗുരുവായൂർ കേശവൻ ആനയെപ്പോലെ തല ഉയർത്തി നിൽക്കുന്നു. വളരെ ഉയരത്തിൽ വലിയൊരു ചക്കയുണ്ട്. നല്ലവണ്ണം മൂത്തിരിക്കുന്നു. ഇട്ടുവെച്ചാൽ രണ്ട് ദിവസം കൊണ്ട് പഴുക്കും. ഈ പ്ലാവിന്റെ ചക്ക എന്തു മധുരമാണ് എന്നോ. കഴിച്ചാൽ ഒരാഴ്ച പുകഴ്ത്തും. ഇന്നലെ മരംകേറി പരമുവിനെ വിളിച്ചതാണ്. മരം മുറിക്കാനും മരം കയറാനും നാട്ടിൽ അവനാണ് കേമൻ. അതിനൊരു അവാർഡുണ്ടെങ്കിൽ കേരളത്തിൽ അവനു തന്നെ. പക്ഷേ എന്നെ അവൻ നിരാശപ്പെടുത്തി ചക്ക കെട്ടി ഇറക്കാൻ 300 രൂപ അവൻ ചോദിച്ചപ്പോൾ എനിക്ക് കലിയിളകി. എന്താ ഒരു ചക്ക ഇടാൻ 300 രൂപയോ. അത്ര രൂപ കൊണ്ട് കടയിൽ നിന്നും ഒന്നു വാങ്ങാം അവനെ മടക്കി അയച്ചു.

ഇന്ന് പ്ലാവിലേക്ക് നോക്കിയപ്പോൾ ദേഷ്യം തോന്നി. ഇങ്ങിനെയുണ്ടോ ഒരു പ്ലാവ് ! വേണമെങ്കിൽ പ്ലാവ് വേരിലും കായ്ക്കും എന്നു കേട്ടിട്ടുണ്ട്. അതില്ലെങ്കിലും കൈയെത്തുന്നയിടത്തെങ്കിലും കായ്ക്കാമായിരുന്നില്ലേ. അപ്പോൾ ഇത് അഹമതി തന്നെ. പുളിവാർ കൊണ്ട് രണ്ട് കൊടുക്കാനാണ് തോന്നിയത്. പക്ഷേ അതുകൊണ്ട് ചക്ക അടിയിലേക്ക് വരില്ലല്ലോ. ഞാൻ തന്നെ ഒന്നു പരീക്ഷിച്ചുകളയാം എന്നു കരുതി. പ്ലാവിനെ അങ്ങിനെ വിട്ടുകൂടാ. അതിന്റെ അഹങ്കാരത്തിന്റെ മുന്നിൽ താഴ്ന്നുപോകരുത്. വർക്ക് ഏരിയായിൽ ചക്ക ഇറക്കാൻ വെച്ചിരുന്ന നീളമുള്ള കയർ കൊണ്ടുവന്നു. കുറേ ഉയരത്തിലേക്ക് പ്ലാവിൽ കൊമ്പുകൾ ഒന്നുമില്ല. അപ്പോഴാണ് എന്റെ ബുദ്ധിയിൽ എനിക്ക് അഭിമാനം വന്നത്. ഒരു പൈപ്പിന്റെ കോണിയുണ്ട്, കൊമ്പുകൾ ഉള്ളവരെ അത് ചാരിവെച്ചാൽ പറ്റും. അവിടെ നിന്ന് കൊമ്പുകൾ പിടിച്ച് മെല്ലേ മെല്ലേ കയറാം. ചക്ക നിൽക്കുന്നതുവരെ വണ്ണമുള്ള കൊമ്പുകൾ ഉണ്ട്. ഞാൻ കോണിയെടുക്കുമ്പോഴാണ് ഭാര്യ കണ്ടത്. "ഇത് എവിടേക്കാ കോണിയുമായി ?" എന്ന് അവൾ ചോദിച്ചപ്പോൾ മകളും കുട്ടിയും എത്തി. "ചക്ക ഒന്ന് ഇറക്കാൻ പറ്റുമോ എന്ന് നോക്കട്ടെ" എന്നുപറഞ്ഞതോടെ അവളുടെ ശബ്ദം ഉയർന്നു. "ഈ വയസ്സുകാലത്ത് വേണ്ടാത്ത കുഴപ്പമൊന്നും ഉണ്ടാക്കണ്ട. നിങ്ങൾക്കത് പറ്റില്ല." മകളും അവളെ പിൻതാങ്ങി. പറ്റില്ലെന്ന് അവൾ പറഞ്ഞപ്പോൾ വാശി കൂടി. പഴയ കഥകൾ തുറന്നു. ചെറുപ്പത്തിൽ ഞാൻ തെങ്ങിലും മാവിലും കയറിയിട്ടുണ്ട്. കിണറ്റിൽ ഇറങ്ങിയിട്ടുണ്ട്. മഴക്കാലത്ത് പുഴ നീന്തിക്കടന്നിട്ടുണ്ട്. പിന്നെയും പലതും പറയാൻ ഭാവിച്ചതാണ്. അതിന് ഭാര്യ തടസ്സമിട്ടു. "മതി, മതി ഇന്ന് ആ പ്രായമല്ല." പക്ഷേ ഞാൻ കൂട്ടാക്കിയില്ല. കോണി പ്ലാവിൽ ചാരി ഭാര്യയുടേയും മകളുടേയും മുടക്കം അനുസരിക്കാതെ കയർ പിന്നിൽ ഹനു

മാന്റെ വാലുപോലെ തിരുകി കത്തിയുമായി കോണിയുടെ സ്റ്റെപ്പുകൾ കയറി. ചെരുപ്പ് ഇല്ലാത്തതിനാൽ കാലടികൾ വേദനിച്ചു. അതു പുറത്തു കാണിച്ചില്ല. ഒരുവിധം കൊമ്പുകൾ പിടിച്ച് മുന്നോട്ടുനീങ്ങി. വലിയ 2 കൊമ്പുകൾ അങ്ങോട്ടുമിങ്ങോട്ടും പിളരുന്ന സ്ഥലത്ത് ചക്കയുള്ള കൊമ്പിൽ നെഞ്ച് അമർത്തിക്കിടന്ന് മെല്ലെ മെല്ലെ നീങ്ങി. അപ്പോഴേക്കും വിയർത്തുകുളിച്ചിരുന്നു. ചക്കയ്ക്ക് അടുത്തെത്തി. മുകളിൽ ഒരു കൊമ്പിൽ കയർ തൂക്കി. ചക്കയ്ക്ക് നടുക്ക് കെട്ടി. തൂക്കിയിറക്കാനുള്ള കയറിൽ ബലം കൊടുത്തു ഒരു കൈ കൊണ്ട് കൊമ്പിൽ പിടിച്ച് മറ്റേ കൈ കൊണ്ട് ചക്കയുടെ ഞെട്ടി അറുത്തു. പെട്ടെന്ന് കനം വന്നതുകൊണ്ടാവാം, ചക്ക കയറിൽ നിന്ന് ഉരസ്സി വീണു. ചക്ക നിലംപതിച്ചു. വളപ്പുമുഴുവനും ചുളകളും മടലിന്റെ തുണ്ടങ്ങളും ചിതറി കിടന്നു. ഭാര്യയുടെ ഉച്ചത്തിലുള്ള കബ്ദം "ഞാൻ അപ്പോഴേ പറഞ്ഞതല്ലേ വേണ്ടാതരത്തിന് നിൽക്കരുതെന്ന്."

എന്റെ ശരീരമാകെ വിറയ്ക്കുന്നതുപോലെ. കാലുകൾക്ക് കുഴച്ചിൽ. ഒരുവിധം രണ്ടു കൊമ്പുകൾ പിളരുന്നതുവരെ ഞാൻ ഉരഞ്ഞിറങ്ങി. കാലുകൾ അപ്പുറവും ഇപ്പുറവുമായതിനാൽ അൽപ്പം സമാധാനം. എങ്കിലും ഇറങ്ങാൻ വയ്യ. തല കറങ്ങുന്നതുപോലെ. ഞാൻ വിളിച്ചു പറഞ്ഞു, "എനിക്ക് ഇറങ്ങാൻ വയ്യേ." ഭാര്യയുടേയും മകളുടേയും കരച്ചിൽ കേട്ട് അയൽവാസികൾ ഓടിയെത്തി. ആളുകൾ നിറഞ്ഞു. ഫയർഫോഴ്സ് ഒന്നും എത്തുന്ന സ്ഥലമല്ല. ആരോ പറഞ്ഞു മരം കയറി പരമുവിനെ വിളിക്കാം. ഒരാൾ സൈക്കിളുമായി ഓടി.


പരമു വന്നു. കുറച്ചു കയറുകളും അവന്റെ കഠാരകത്തിയുമായി പ്ലാവിൽ കയറി. കൊണ്ടുവന്ന കയറുകൾ എടുത്ത് ഒന്ന് കൈകൾക്ക് താഴെയും ഒന്ന് അരക്കെട്ടിനടുത്തും തൂക്ക് കെട്ടി. എന്റെ തൊലി ഉരയാതിരിക്കാൻ തലയിൽ കെട്ടിയ തോർത്തെടുത്ത് എന്റെ ദേഹത്തിനും കയറിനുമിടക്ക് തിരികി. ചക്ക ഇറക്കാൻ ഞാൻ തൂക്കിയിട്ട കയർ എടുത്ത് സെന്റർ നോക്കി 2 തൂക്കിലും കൂടി കെട്ടി. എന്നിട്ട് മറ്റെ തുമ്പെടുത്ത് ഒന്നുവലിച്ചു. ഞാൻ അല്പം പൊങ്ങി. ഞാൻ കയറിൽ തൂങ്ങിക്കിടക്കുന്നതേ ഓർമ്മയുള്ളു. എന്റെ ബോധം പോയി.

ബോധം വന്നപ്പോൾ ഞാൻ കട്ടിലിൽ കിടക്കുകയാണ്. ചുറ്റും തടിച്ചുകൂടിയവർ ചിരിച്ചു പറയുന്നതു കേൾക്കാം. "ചക്ക ഇറക്കുന്നതുപോലെയല്ലേ മേനോനെ ഇറക്കിയത്." 300 രൂപ പരമുവിന് കൊടുത്തപ്പോൾ അവൻ പറഞ്ഞുവത്രെ ചക്കയിറക്കാനാണ് 300 ആളെയിറക്കാൻ 1000 വേണം. ചിരിയോടെ ആളുകൾ പിരിഞ്ഞപ്പോൾ ഭാര്യ പറയുന്നതു കേട്ടു "ദൈവം രക്ഷിച്ചു." മകൾ തൊലി ഉരഞ്ഞ ഭാഗങ്ങളിൽ ഏതോ ഓയിൻമെന്റ് പുരട്ടുകയാണ്. പക്ഷേ എന്റെ മനസ്സിൽ വന്നത് വേറെ പലതുമാണ്. കേട്ടിട്ടുണ്ട് മണ്ണാത്തി പാറു പശുവിനെ കറക്കാൻ പോകുമ്പോൾ കുട്ടികൾ പറഞ്ഞുവത്രെ തള്ളേ നിങ്ങളതിനുനിൽക്കണ്ട പയ്യ് ചവിട്ടും. കാൽ കെട്ടി ഞങ്ങൾ കറക്കാം. അതു കേട്ട് തള്ള പറഞ്ഞുവത്രെ "ഞാനീ പണി 15 വയസ്സിൽ തുടങ്ങിയതാ എന്നെ പഠിപ്പിക്കണ്ടാ." അകിട് കഴുകിയപ്പോൾ പശു ആഞ്ഞൊന്ന് ചവിട്ടി. തള്ള ഇന്നും ഞൊണ്ടിയായാണ് നടക്കുന്നത്. അതുപോലെ തന്നെ കുമാരൻ വെട്ടി വീഴ്ത്തിയ തെങ്ങിൻ തടി ഒറ്റയ്ക്കെടുക്കുമ്പോൾ കണ്ടുനിന്നവർ പറഞ്ഞുവത്രെ "പ്രായം നോക്ക്, രണ്ടുപേർ കൂടി എടുത്താൽ മതി." വയസ്സൻ പറഞ്ഞുവത്രെ "ഒരു ചാക്ക് ഉപ്പെടുത്തവനാണ് ഞാൻ." പക്ഷേ ഒരു മാസം ആശുപത്രിയിൽ കിടക്കേണ്ടിവന്നു. അങ്ങിനെയുള്ള പല കഥകളും മനസ്സിൽ ഒഴുകിവന്നു. ഇത് വായിക്കുമ്പോൾ ഞാൻ ചക്കയെപ്പോലെ തൂങ്ങിയിറങ്ങുന്ന രംഗം മനസ്സിൽ കണ്ട് ചിരിക്കുന്നതിനോടൊപ്പം വയസ്സായവർ ഇതുകൂടി ഓർക്കുക വയസ്സുകാലത്ത് ആരോഗ്യം നോക്കാതെ ധീരതകളൊന്നും കാണിക്കാൻ പോകണ്ട. പോയാൽ അപകടം ഉറപ്പ്, ശുശ്രൂഷിക്കുന്നവർക്ക് കഷ്ടപ്പാടും.

●



# കണ്ടിട്ടും കൊണ്ടിട്ടും



**ഇ. എൻ. നാരായണൻ**
**9539307005**

ചോരത്തിളപ്പിന്റെ നാളിൽ നാമെത്രയോ
ക്രൂരത ചെയ്തല്ലോ; സോദരരെ
കൂട്ടക്കുരുതിക്കായ് മൂക്കിൽ കയറിട്ടു
കെട്ടിവലിച്ചല്ലോ നിർദ്ദാക്ഷിണ്യം !
കാട്ടിൽ കയറീട്ട് സാധുക്കളായോരെ
ആട്ടിയിറക്കിയോർ രാക്ഷസർ നാം !

പെറ്റമ്മ തന്നുടെ ദേഹം തുരന്നിട്ടു
ഊറ്റിക്കുടിച്ചല്ലോ ചെഞ്ചോരയും
ആറുകളാകുന്ന നാഡിഞെരമ്പുകൾ
കീറി മുറിച്ചല്ലോ പാപികൾ നാം !
ഊറ്റിയെടുത്തല്ലോ മജ്ജമാംസങ്ങളും
ഊറ്റത്താൽത്തീർത്തല്ലോ കൊട്ടാരങ്ങൾ !
രക്ഷകരായുള്ളോർ വൃക്ഷദേവന്മാരെ
ദാക്ഷിണ്യമില്ലാതെ വെട്ടിവീഴ്ത്തി.
പഞ്ചഭൂതങ്ങളെ വെല്ലുവിളിച്ചല്ലോ
കുഞ്ചിരാമനാക്കി വൈദ്യുതിയെ !
വേലയും ചെയ്യിച്ചു ബന്ദിയാക്കി മാറ്റി
ആലയം തീർത്തണക്കെട്ടുകളായ്.
ദൈവങ്ങളെപ്പോലും വെല്ലുവിളിച്ചോർ നാം
ദൈത്യർ തൻ കുപ്പായമിട്ടോരല്ലോ !
ഇല്ലവകാശമൊരുത്തർക്കും
'ഞാൻ മാത്രം' വല്ലഭനെന്നല്ലോ പ്രഖ്യാപനം !
നെല്ലിപ്പടി കണ്ടിട്ടക്ഷമയായിട്ടു
മെല്ലെയെഴുന്നേറ്റു ഭൂമാതാവും
കണ്ണകിയെപ്പോൽ പ്രതികാരദുർഗ്ഗയായ്
കണ്ണിൽ നിന്നഗ്നി സ്ഫുലിംഗം ചീറ്റി
സംഹാരതാണ്ഡവമാടുന്നതും കാൺക
സംഭീതരായിട്ടുനില്പല്ലോ നാം
കല്പാന്തതോയാഗ്നിയാളിപ്പടരുന്നു
കപ്പലാകും ഭൂമി താണീടുന്നു.
കണ്ടിട്ടും കൊണ്ടിട്ടുമൊട്ടും പഠിക്കാത്തോർ-
ക്കുണ്ടോ വിവേകമെൻ ഭ്രാതാക്കളേ ?



**സുധീർ സുലൈമാൻ**
**9901972731**

**നിയമപ്രകാരമുള്ള മുന്നറിയിപ്പ് : പുകവലിയും മദ്യപാനവും ആരോഗ്യത്തിന് ഹാനികരമാണ്.**

"രഘു, എനിക്കിന്ന് ലഞ്ച് വാങ്ങിത്തരണേ, ഇതാ കാശ്."

"കാശൊന്നും വേണ്ട. ഞാൻ വാങ്ങിക്കൊണ്ട് വരാം."

"എടാ, വേഗം വരണേ, ക്ലാസ് തുടങ്ങുന്നതിന് മുമ്പ് കഴിച്ച് തീർക്കണം."

"ഏറ്റു, വേഗം വരാം."

"ടാ, ഫിഷ് ഫ്രൈ ഉണ്ടെങ്കിൽ വാങ്ങിക്കോ."

"ശരി"

ഇവരെ നിങ്ങൾക്കറിയുമായിരിക്കും. ഒന്നാമൻ രഘു. സ്കൂളിലേക്ക് ആറേഴ് കിലോമീറ്ററോളം ദൂരത്ത് നിന്ന് ഹെർക്കുലീസ് സൈക്കിളിൽ വരുന്നവൻ. മറ്റ് വിദ്യാർത്ഥികൾ ചോറ്റ് പാത്രവുമായി മരച്ചുവട്ടിലേക്ക് നടക്കുമ്പോൾ രഘു ലഞ്ചിന് എന്നും രണ്ട് സ്റ്റോപ്പ് അപ്പുറത്തുള്ള സെയ്താലിക്കാന്റെ ഹോട്ടലിലേക്കാണ് പോവുക. സ്വന്തമായി ഹെർക്കുലീസ് സൈക്കിൾ ഉള്ളവന് ഹോട്ടലിൽ നിന്ന് ഊണ് കഴിക്കാനുള്ള പൈസക്കാണോ ബുദ്ധിമുട്ട്?

രണ്ടാമത്തെയാൾ സോഫിയ. ഏതാണ്ട് പത്ത് കിലോമീറ്റർ ദൂരത്ത് നിന്നാണ് സോഫിയ വരുന്നത്. കണക്കിന് എന്നും അമ്പതിൽ അമ്പതും വാങ്ങുന്നവൾ. അവളുടെ തലക്കകത്ത് കാൽകുലേറ്റർ ആണെന്നാണ് റാഫിയുടെ വാദം.

മിക്കവാറും ദിവസങ്ങളിൽ സോഫിയ കഴിക്കുന്നത് സെയ്താലിക്കാന്റെ ഹോട്ടലിലെ ഊണ് വിത്ത് ഫിഷ് ഫ്രൈ ആണ്. അവൾ പക്ഷേ ഹോട്ടലിലേക്ക് പോകാറില്ല. രഘുവിനോട് പറയും, അവൻ പാർസൽ വാങ്ങിച്ചു കൊടുക്കും.

എന്നെങ്കിലുമൊരിക്കൽ രഘുവിനൊപ്പം അവന്റെ ഹെർക്കുലീസിന്റെ മുന്നിലിരുന്ന് സെയ്താലിക്കാന്റെ ഹോട്ടലിൽ പോയി പൊരിച്ച മീൻ കൂട്ടി ചോറ് തിന്നുന്നതാണ് തന്റെ ഏറ്റവും വലിയ സ്വപ്നമെന്നത് സോഫിയയുടെ കെമിസ്ട്രി ബുക്കിനും കൂടെയിരിക്കുന്ന അനിതക്കും മാത്രം അറിയുന്ന രഹസ്യം.

ഇവരാണ് നമ്മുടെ കഥയിലെ നായകനും നായികയും. അപ്പോൾ ഇവരുടെ കഥക്ക് ഒരു പേര് വേണ്ടേ?

തുടക്കത്തിലല്ലേ പേര് എഴുതിക്കാണിക്കേണ്ടത് എന്ന് നിങ്ങൾക്ക് തോന്നാം. ഇപ്പോൾ പാതിക്ക് വെച്ച് അല്ലെങ്കിൽ അവസാനം പേരെഴുതിക്കാണിക്കുന്നതാണ് ട്രെൻഡ്. അത് കൊണ്ട് പേരെഴുതിക്കാണിക്കാൻ പോവുകയാണ്.

# ലവ് & ലഞ്ച് വിത്ത് ഫിഷ് ഫ്രൈ

ഇരുപത് വർഷങ്ങൾക്ക് ശേഷം...

ഗേറ്റിന് കുറുകെ ഉയരത്തിൽ കെട്ടിയ ബാനർ ആണ് ആദ്യ സീൻ.

പൂർവ്വ വിദ്യാർത്ഥി സംഗമം 1990 ബാച്ച്

രഘു ഹെർക്കുലീസ് മാറ്റി ഒരു ബുള്ളറ്റ് വാങ്ങിയിരിക്കുന്നു. ബുള്ളറ്റിന് പിന്നിൽ ഇരിക്കുന്നത് സോഫിയ ആണോ? അല്ല! അപ്പോൾ കഥയിൽ എവിടെയോ എന്തോ ട്വിസ്റ്റ് സംഭവിച്ചിട്ടുണ്ട്.

"എടാ രഘൂ... ഘൂ... ഘൂ...." സ്പീക്കറിൽ ഹാൾ മുഴുവൻ ആ ശബ്ദം എക്കോയടിച്ച് കറങ്ങി. അതാ സ്റ്റേജിൽ അവൾ! മീൻ കൊതിച്ചി സോഫിയ ! കൈ വീശിക്കാണിച്ച് രഘു ഒരു കസേരയിൽ ഇരുന്നു. അവൾ പ്രസംഗിക്കുകയാണ്. അവളുടെ കൈയ്യിൽ പഴയ ഒരു ഈഗിൾ ബ്രാൻഡ് നോട്ട് പുസ്തകം കാണാനുണ്ട്.

"സുഹൃത്തുക്കളേ, അപ്പോൾ കഥ ഇത്രയേയുള്ളു. ഈ പഴയ കെമിസ്ട്രി നോട്ട് ബുക്കിൽ എഴുതിയിരിക്കുന്നത് പോലെ രഘുവിനെ ഞാൻ സ്നേഹിച്ചിരുന്നു. പക്ഷേ ഈ പൊട്ടൻ അതറിഞ്ഞതേയില്ല."

സോഫിയ പറഞ്ഞത് കേട്ട് രഘുവിനൊപ്പം ബുള്ളറ്റിന്റെ പിറകിൽ ഇരുന്ന് വന്ന ആയിഷ പോലും പൊട്ടിച്ചിരിച്ചു. ഇപ്പോൾ നിങ്ങൾക്ക് തോന്നും ആരാണ് ആയിഷ എന്ന്. സെയ്താലിക്കാന്റെ മോള് ! ഇനി സെയ്താലിക്ക ആരാണ് എന്ന് ചോദിക്കരുത്. മുകളിൽ പറഞ്ഞിട്ടുണ്ട്.

കൂടുതൽ ചോദ്യങ്ങൾ ഇടയ്ക്ക് കയറി ചോദിച്ച് നിങ്ങൾ എന്നെത്തന്നെ കൺഫ്യൂഷനിലാക്കരുത്. വളരെ കഷ്ടപ്പെട്ടാണ് ഒരു ഓർഡറിൽ കാര്യങ്ങൾ പറഞ്ഞ് വരുന്നത്. സോഫിയ പ്രസംഗം തുടരുകയാണ്.

"അന്നൊക്കെ മിക്കവാറും ദിവസങ്ങളിൽ ഇവൻ എനിക്ക് ലഞ്ച് വാങ്ങിത്തന്നിട്ടുണ്ട്. ചോറ് പാത്രത്തിലാക്കാൻ സമയം കിട്ടിയില്ല. ബസ്സ് മിസ്സാവാതിരിക്കാൻ നേരത്തെ ഇറങ്ങി എന്നൊക്കെയാണ് ഞാൻ ഇവനോട് കള്ളം പറഞ്ഞിരുന്നത്.

പൈസയെടുക്കാൻ വേണ്ടി ഞാൻ ബാഗിനകത്ത് കയ്യിടുമ്പോഴേ ഇവൻ പറയും പൈസയൊന്നും വേണ്ടാന്ന്. സത്യത്തിൽ എന്റടുത്ത് അന്ന് ബസ്സിന്റെ കൺസഷൻ ടിക്കറ്റിന്റെ പൈസയല്ലാതെ പത്ത് പൈസ പോലും അധികമായി ഉണ്ടായിരുന്നില്ല. എനിക്കറിയാമായിരുന്നു ഇവൻ പൈസ വാങ്ങില്ലെന്ന്. ഞാൻ ഇവനെ, ഈ പൊട്ടനെ ശരിക്കും പറ്റിക്കുകയായിരുന്നു. വിശപ്പ് സഹിക്കാൻ പറ്റാത്തോണ്ടാണ് രഘു ഞാൻ അന്ന് അങ്ങനെയൊക്കെ."

സോഫിയയുടെ കണ്ണുകൾ നിറഞ്ഞൊഴുകി. വാക്കുകൾ ഇടറി. കുറച്ച് നേരം അവൾ ഒന്നും മിണ്ടാതെ മൈക്കിന് മുന്നിൽ മുഖം പൊത്തി നിന്നു. ഇത് കണ്ട് ആയിഷയും കരയാൻ തുടങ്ങി. പഴയ സഹപാഠികളും കണ്ണീരൊപ്പി. രഘുവിന് മാത്രം ഒരു ഭാവവ്യത്യാസവുമില്ല. ഒരു ചെറിയ പുഞ്ചിരിയോടെ ആ മനുഷ്യൻ

വെറുതെ ഇരിക്കുകയാണ്.

അടുത്തതായി ലഞ്ചാണ്. കാറ്ററിംങ്ങ് ടീംസൊക്കെ ഞങ്ങൾ റെഡിയാണ്, വേണമെങ്കിൽ ഒരു മണിക്കൂർ നേരത്തെയും റെഡിയാണ് എന്ന ഭാവത്തിലാണ് നിൽക്കുന്നത്. സോഫിയ, രഘുവിന്റെയും ആയിഷയുടെ അടുത്തേക്ക് ഓടിയെത്തി. അവരുടെ കൂടെയിരുന്ന് ഭക്ഷണം കഴിച്ചു. തന്റെ പ്ലേറ്റിലിരുന്ന കരിമീൻ ഫ്രൈ ആയിഷ സോഫിയയുടെ പ്ലേറ്റിലേക്ക് വെച്ചു കൊടുത്തു.

"ഇപ്പോൾ എവിടെയാ?"

"എന്താ ജോലി?"

"ഭാര്യയുടെ പേരെന്താ?"

"മക്കളെത്ര പേരായീ?"

"ഏത് ക്ലാസ്സിലാ അവർ?"

ചോദ്യങ്ങൾ പെരുമഴ പോലെ! കലക്ട്രേറ്റിലാണ് താൻ ജോലി ചെയ്യുന്നതെന്നും ടൗണിലേക്ക് വരുമ്പോൾ വന്ന് കാണണമെന്നും സോഫിയ ആയിഷയോട് പറഞ്ഞു. ഭക്ഷണം കഴിച്ചതിന് ശേഷം സ്കൂൾ വരാന്തയിലൂടെ നടക്കുമ്പോൾ അവൾ ചോദിച്ചു.

"പണ്ട് ലഞ്ച് വാങ്ങിത്തന്നതിന് ഞാൻ കുറെ പൈസ തരാനില്ലേ?"

"എന്താ, അതിപ്പോൾ തരാൻ പോവുകയാണോ ?"

"ഞാൻ തരാനൊന്നും പോകുന്നില്ല. ആദ്യമൊക്കെ നിന്നെ പറ്റിക്കുന്നതോർത്ത് എനിക്ക് കുറ്റബോധം ഉണ്ടായിരുന്നു. പിന്നെ വിചാരിക്കും നീ വലിയ പൈസക്കാരന്റെ മോനല്ലേ, അതു കൊണ്ട് സാരമില്ല എന്ന്."

രഘു ഒന്ന് പുഞ്ചിരിക്കുക മാത്രം ചെയ്തു.

"ശരി, ഇനി പിന്നീടെപ്പോഴെങ്കിലും കാണാം." അവൾ നടന്നു തുടങ്ങി. സോഫിയയുടെ കാറിനടുത്തേക്ക് ആയിഷയും ഒപ്പം പോയി. രഘു കണ്ണട ഊരി മറ്റാരും കാണാതെ കണ്ണുകളൊപ്പി. സോഫിയ സത്യം പറഞ്ഞു, പക്ഷെ സത്യം പറയുന്നതിൽ നിന്നും ദുരഭിമാനം ഇത്തവണയും രഘുവിനെ വിലക്കി.

ഹോട്ടലിലേക്ക് എന്ന് പറഞ്ഞ് എന്നും പോയിരുന്നത് ദേശാഭിമാനി വായനശാലയിലേക്കാണ് എന്ന സത്യം. രാവിലെ പത്രമിടാനും, വൈകുന്നേരങ്ങളിൽ അടുത്തുള്ള വർക്ക്ഷോപ്പിൽ പാർട്ട് ടൈം ജോലി ചെയ്തും കിട്ടുന്ന ഇരുപത് രൂപ കൊണ്ടാണ് അന്നെല്ലാം അവൾക്ക് ഊണ് വാങ്ങിക്കൊടുത്തിരുന്നത് എന്ന സത്യം! അവൾ ലഞ്ച് ആവശ്യപ്പെടുന്ന ദിവസങ്ങളിലൊന്നും താൻ അത്താഴം പോലും കഴിച്ചിരുന്നില്ല എന്ന സത്യം! അല്ലെങ്കിൽ തന്നെ പറയുന്നത് സത്യമാവണം എന്നല്ലേയുള്ളൂ, എല്ലാ സത്യങ്ങളും പറയണമെന്ന് ഈ നാട്ടിൽ നിയമമൊന്നുമില്ലല്ലോ! ●

■ പാചകം



ജയ ചന്ദ്രൻ
8593949935

## കടല ചുണ്ടൽ

(നവരാത്രി മാസമായതിനാൽ പൂജക്ക് നേദിക്കുന്ന, എല്ലാവർക്കും കഴിക്കാൻ പറ്റുന്ന വിഭവം)

***ആവശ്യമായവ :***

1. വെള്ളകടല (കാബൂൾ) 8 മണിക്കൂർ കുതിർത്ത് ലേശം മഞ്ഞൾ പ്പൊടിയും ഉപ്പും ചേർത്ത് വേവിച്ചത് - 1/4 കി.
2. തേങ്ങ ചിരകിയത് - 1 കപ്പ്
3. പച്ചമുളക് വലുത് - 1
4. ഇഞ്ചി - 1 ചെ. കഷണം
5. കടുക് - 1 സ്പൂൺ
6. ഉഴുന്നുപരിപ്പ് - 1 വലിയ സ്പൂൺ
7. ഉണക്കമുളക് - 1 മൂന്നായി മുറിച്ചത്
8. കറിവേപ്പില - 1 തണ്ട് (ഇലകളാക്കിയത്)
9. വെളിച്ചെണ്ണ - 1 വലിയ സ്പൂൺ

***പാകം ചെയ്യുന്ന വിധം***

ചീനച്ചട്ടി അടുപ്പിൽവെച്ച് എണ്ണ ഒഴിച്ച് യഥാക്രമം കടുക്, ഉഴുന്നുപരിപ്പ്, ഉണക്ക മുളക്, കറിവേപ്പില എന്നിവ മൂപ്പിക്കുക. ഇതിലേക്ക് പച്ചമുളകും ഇഞ്ചിയും ചതച്ചത് ചേർത്തശേഷം വേവിച്ച കടലയും ചേർത്തിളക്കി വെള്ളം വറ്റിച്ചെടുക്കണം. അവസാനം തേങ്ങ ചിരകിയതും ചേർത്തിളക്കി കൊടുക്കുക. ഇത് ഇടക്ക് നാലുമണി പലഹാരമായും കുട്ടികൾക്ക് കൊടുക്കാം. പോഷകം നിറഞ്ഞ ഒരു വിഭവമാണ്. ●

# അഭിപ്രായങ്ങളും പ്രതികരണങ്ങളും

(പുസ്തകം9 ലക്കം 10 സെപ്തംബർ 2019 പേജ് 34)

ശ്രീ. മുക്കം ഭാസിയുടെ വരികൾ സ്പഷ്ടമാക്കുന്നത്, 130 കോടി ജനങ്ങളുള്ള ഈ ഭൂമിയിൽ അഭിപ്രായവ്യത്യാസങ്ങൾ സാധാരണമെന്നല്ലെ ? (കാശ്മീർ പ്രശ്നം, രാമജന്മഭൂമി etc.) ഗലീലിയോ ശഠിച്ചത് ശാസ്ത്രസത്യ വാസ്തവത്തിനായിരുന്നു, അഭിപ്രായത്തിനല്ല !

1) വാൾട്ടേർ (പതിനെട്ടാം നൂറ്റാണ്ട് ഫ്രെഞ്ച് ചിന്തകൻ) പറഞ്ഞതാണ്. 'ഞാൻ നിങ്ങളുടെ പ്രസ്താവനയിലെ ഒരു വാക്കിനോടും യോജിക്കുന്നില്ലെങ്കിലും തന്നെ, അഭിപ്രായത്തെ തുറന്ന് ഘോഷിപ്പിക്കാനുള്ള നിങ്ങളുടെ സ്വാതന്ത്ര്യത്തെ എന്റെ അവസാന ശ്വാസം വരെ പൊരുതി രക്ഷിക്കും.'

2) ഇന്ദിരാ ഗാന്ധിയുടെ വാക്കുകൾ 'ചുരുട്ടിപ്പിടിച്ച മുഷ്ടിയാൽ Shake hands എന്നത് അസാധ്യമാണ്.

3) നല്ല പോലെ ചിന്തിച്ച് തീർച്ചയാക്കിയ അഭിപ്രായങ്ങൾ 'വെണ്ടക്ക മുളഗൂഷ്യം' പോലെ 'വഴുവഴു' എന്നാവാതെ ദൃഢമാവുന്നതാണ് എത്രയോ ഭേദം !

4) ജസ്റ്റീസ് കൃഷ്ണയ്യർ പറഞ്ഞത് 'സുപ്രീം കോടതി തീർപ്പുകൾ സ്വീകാര്യം ആവുന്നത് ന്യായപൂർണ്ണമെന്ന നിലയിൽ സ്വീകാര്യമാണ് !' (ആത്മാർത്ഥതയോടെ അവതരിപ്പിച്ച തെളിവിന്മേലല്ലെ തീരുമാനം ചെയ്യുന്നത് ?)

പൊതുനന്മയ്ക്കായി സവിനയം സമർപ്പിക്കുന്നത്, ആരേയും താഴ്ത്തിക്കാട്ടാൻ അല്ല. ശുഭാശംസകളോടെ...

എം. എം. മേനോൻ
0491 - 2572939

പ്രിയ മുരളി സാർ,

തിന്മയുടെ തീരത്ത് നന്മയ്ക്കായ് നിലകൊള്ളുന്ന ഏക തത്ത്വ സെപ്റ്റംബർ ലക്കം, നവമായൊരു പുറംചട്ടയോടുകൂടി വായനക്കാരന്റെ മുമ്പിലെത്തിയപ്പോൾ, ഓണക്കോടിയണിഞ്ഞ നവോഢയുടെ മട്ടുണ്ടായിരുന്നു !

സാമൂഹ്യതിന്മകളെ നാണം കെടുത്തിക്കൊണ്ടുള്ള പത്രാധിപരുടെ പതിവ് ശൈലിയിൽ, ഏറെ ആകർഷണീയമായി അനുഭവപ്പെട്ടത്, ഈ പ്രകൃതി, മനുഷ്യനെ പഠിപ്പിക്കുന്ന പാഠങ്ങൾ തന്നെ. 'നന്മ നശിക്കുമ്പോൾ ക്ഷോഭിക്കുന്ന പ്രകൃതി, മനുഷ്യന്റെ ഗുരുനാഥയാണെന്ന വലിയ പാഠം.' എല്ലാവരും മനസ്സിലാക്കിയിരുന്നുവെങ്കിൽ ! എല്ലാറ്റിനും സാക്ഷിയാകുവാൻ ഈ തീരത്തണഞ്ഞ നമ്മൾ നന്മ തിന്മകൾ തിരിച്ചറിഞ്ഞ് ഇവിടെ നിന്നും മടങ്ങി ഇവിടം വിട്ട്, വീണ്ടും മടങ്ങിവന്ന് ഒരു നല്ല ജീവിതം ! പ്രതീക്ഷകളും പ്രത്യാശയും മനുഷ്യരാശിയ്ക്കു നല്കുന്ന ഉൾക്കാഴ്ച ! ശ്ലാഘനീയം തന്നെ.

ശ്രീ. എം. എം. മേനോന്റെ 'വസുധൈവ കുടുംബകം', പ്രൊഫ. കെ. ശശികുമാറിന്റെ 'സമർപ്പണം', പ്രൊഫ. വി. കെ. എം. നായരുടെ 'ഭാരതീയം', തരവത്ത് ഈശ്വർകുമാറിന്റെ – 'അർത്ഥം തേടി' ഇവയെല്ലാം ഏക തത്ത്വയിലെ സത്യാന്വേഷണത്തിന്റെ തുടർച്ചയായ 'അർത്ഥം തേടലുകൾ' തന്നെ. സ്വീകാര്യവും, മൂല്യവത്തും, ആഴമേറിയതുമായ ചിന്തകൾ. സുദീർഘമായ പതിനൊന്നു പേജുകളിലെ അച്ചടി മഷിയിലൂടെയുള്ളൊരു സത്യാന്വേഷണ പാതയുടെ ചാലു കീറൽ ! ഒഴുകട്ടെ ! അനർഗ്ഗളമായി, ഈ സത്യാനന്തര കാലഘട്ടത്തിൽ, സത്യത്തിന്റെ നിറ നീരൊഴുക്ക്.

'വസുധൈവ കുടുംബക'ത്തിൽ ശ്രീ. മേനോൻ സാർ അവതരിപ്പിക്കുന്ന ഇന്നത്തെ മനുഷ്യന്റെ കാഴ്ചപ്പാടായ R.C.M (Railway Compartment Mentality)യിൽ നിന്നും 'വസുധൈവ കുടുംബകം' എന്ന ആശയത്തിന്റെ സാക്ഷാത്കരണത്തിലേയ്ക്ക് നമ്മുടെ പൊതു സമൂഹത്തെ എങ്ങനെ നയിക്കാം ? മനസ്സിന്റെ ശാന്തതയെ നശിപ്പിക്കുന്ന അനാവശ്യ ചിന്തകൾ, പുറമേ നിന്ന് അടിച്ചുകയറിവരുമ്പോൾ, അവയെ ഒഴിവാക്കേണ്ടത് ഏതു വിധമാണെന്നും, അതിനുള്ള മാർഗ്ഗങ്ങൾ ഏവയെന്നും വളരുന്ന തലമുറയ്ക്ക് പറഞ്ഞുകൊടുക്കേണ്ട ബാധ്യതയും നമ്മുടേതായിത്തീരുന്നു.

പ്രൊഫ. കെ. ശശികുമാറിന്റെ 'സമർപ്പണം' എന്ന ലേഖനം, നാം ജീവിക്കുന്ന കാലഘട്ടത്തിന്റെ ഒരു ദർപ്പണം തന്നെ. മൗന സംസ്കാരം നട്ടുനനച്ചുവളർത്തുകവഴി, നമ്മെ വിമോചിപ്പിക്കുവാൻ അവതാര പുരുഷന്മാർ എത്തുമെന്ന് നമുക്ക് പ്രത്യാശിക്കാം. മനുഷ്യരാശിയും പ്രത്യാശ നല്കുന്ന മഹത്തായ ഉൾക്കാഴ്ച തന്നെ ഇതും; സംശയമില്ല.

പ്രൊഫ. വി. കെ. എം. നായരുടെ 'ഭാരതീയം' രണ്ടാം ഭാഗം – മഹത്തായ ഭാരത സംസ്കാരത്തിന്റെ ഔന്നത്യത്തെ സ്വാഭിമാനം എടുത്തുപറയുന്നു. 2500 വർഷം മുമ്പ് എഴുതപ്പെട്ട 'മനുസ്മൃതി', ധർമ്മപരിപാലനത്തിനുകൊടുക്കുന്ന പ്രാധാന്യം പ്രത്യേകം പരാമർശിക്കുന്നു. എന്നാൽ, 'മനുസ്മൃതി' സ്ത്രീയ്ക്ക് കൊടുക്കുന്ന പ്രാധാന്യം എപ്പോഴും ചർച്ചാവിഷയമായിട്ടുണ്ട്. 'സ്ത്രീയെ ശക്തിയുടെ പ്രതീകമായി കണ്ടതും, ആരാധിച്ചതും ഇന്ത്യയിലാണ്' എന്നു പറയുമ്പോൾ, 'സതി' പോലുള്ള ആചാരങ്ങൾ നിലനിന്ന നമ്മുടെ സമൂഹത്തിൽ, സ്ത്രീയുടെ ഔന്നത്യം എത്ര മാത്രമായിരുന്നു എന്നത് സംശയങ്ങൾക്കിട നല്കുന്നു.

അതുപോലെ, ഇന്ത്യയിലെ ജനസാമാന്യത്തെ ജാതിയുടേയും മതത്തിന്റേയും ബ്രാഹ്മണമേധാവിത്വത്തിന്റെയും പിടിയിൽ നിന്നും വിമോചിപ്പിക്കുവാൻ ഇവിടെത്തന്നെ ഉദയം ചെയ്ത് ബുദ്ധ, ജൈന മാർഗ്ഗങ്ങൾ ഇവിടം വിട്ട്, വിദേശങ്ങളിൽ എങ്ങനെ ചേക്കേറിയെന്നും ചിന്തിയ്ക്കേണ്ടിയിരിക്കുന്നു. സാമൂഹ്യ ഉച്ചനീചത്വങ്ങളിൽ നിന്നും മുക്തി നേടി ഒരു സമൂഹം സ്വതന്ത്രമായ ആത്മീയ പന്ഥാവിലൂടെ ചരിച്ച്, യോഗ, ധ്യാന ജീവിതശൈലി സ്വീകരിച്ച്, ജീവിതത്തെ ചിട്ടപ്പെടുത്തുവാൻ സഹായിക്കുന്ന, ബുദ്ധ, മഹാവീരന്മാർ കാട്ടിത്തന്ന മാർഗ്ഗം നാം കൈവിട്ടുകളഞ്ഞതെന്തേ ? നമ്മുടെ ധർമ്മച്യുതിയും തത്ഫലമായുണ്ടായ സാമൂഹ്യ അധഃപതനത്തിനും ഹേതുവായിത്തീർന്നത് ഇതുതന്നെയല്ലേ ? പ്രൊഫ. വി. കെ. എം. ന്റെ തുടർപരമ്പരകൾ, വായനക്കാരെ ഈ ദിശയിലൂടെ നയിക്കും എന്ന് പ്രതീക്ഷിക്കുന്നു. പാശ്ചാത്യവും പൗരസ്ത്യവുമായ ആധുനിക രാഷ്ട്രങ്ങൾ, ഭ്രാന്തമായ ദേശീയതയുടെ കാനനപാതകൾ വെട്ടിത്തെളിച്ച്, തങ്ങളുടെ ജനതയെ ആ വഴിയിലൂടെ നയിക്കുവാൻ വെമ്പൽ കൊള്ളുമ്പോൾ, ലോകത്തിലെ എല്ലാ രാജ്യങ്ങൾക്കും മനുഷ്യസംസ്കാരത്തിന് നല്കുവാൻ അവരവരുടെ സംഭാവനകൾ ഉണ്ടെന്നും നമ്മുടെ സംസ്കാരത്തോടൊപ്പം, ആ രാജ്യങ്ങളിലെ സംസ്കാരത്തിന് മഹത്വമുണ്ടെന്നുമുള്ള കാഴ്ചപ്പാടുകൾ, പുതിയ തലമുറയ്ക്ക് ഉണ്ടാക്കിക്കൊടുക്കേണ്ടതും നമ്മുടെ ദൗത്യം തന്നെ. ദേശീയത – രാഷ്ട്രീയവത്ക്കരിക്കപ്പെടുകയും പാർട്ടിവത്ക്കരിക്കപ്പെടുകയും, ചെയ്യുന്ന ഈ കാലഘട്ടത്തിൽ അതിരുകവിഞ്ഞ ദേശീയത ആപത്തുകൾ ക്ഷണിച്ചുവരുത്തുമെന്നും പുതിയ തലമുറ അറിഞ്ഞിരിക്കേണ്ടതുണ്ട്. ആവശ്യമായും.

സി. ബി. മനോഹരിയുടെ 'ഓർമ്മയിലെ ഓണം' മനോഹരമായി. തിരുവോണ നാളുകളിൽ നാടു നീളെ കണ്ടുവരുന്ന 'പൂക്കളത്തിന്' ഇത്ര പെരുമയോ ? അതിശയകരം തന്നെ. നന്നായിരിക്കുന്നു.

ജീവിതശൈലിരോഗങ്ങൾ ക്ഷണിച്ചുവരുത്താൻ, മദ്യം എത്രമാത്രം പങ്കുവഹിക്കുന്നു എന്ന് ഡോ. സുനീത് മാത്യുവിന്റെ ലേഖനം വിളിച്ചോതുന്നു. അഭിനന്ദനീയം തന്നെ. എന്നാൽ ഇന്ന് കേരളീയരുടെ ആഹാരത്തിന്റെ തന്നെ ഭാഗമായി മാറിക്കഴിഞ്ഞ മദ്യം, ആരോഗ്യത്തിന് വലിയ ആഘാതം സൃഷ്ടിക്കാതെ, എങ്ങനെയാണ് ഉപയോഗിക്കുവാൻ പറ്റുക, മാർഗ്ഗങ്ങൾ എന്തൊക്കെയാണ് എന്ന ബോധവത്ക്കരണവും ഒഴിവാ

ക്കാനാവാത്തതല്ലേയെന്ന് തോന്നുകയാണ്.

ശ്രീ. ടി. കെ. ഉണ്ണികൃഷ്ണന്റെ 'രാക്ഷസൻ' എന്ന കഥ ഇരുത്തി ചിന്തിപ്പിച്ചുകളഞ്ഞു. ആരാണ് യഥാർത്ഥ രാക്ഷസൻ എന്നൊരു ചിന്താകുഴപ്പം. തികച്ചും ഗാന്ധിയനായ, റിട്ടയേഡ് മാഷോ, മകനോ ? അപ്പന്റെ പ്രതീക്ഷകൾ തകർത്തെറിഞ്ഞ മകനെ അപ്പൻ സ്വന്തം കൈ കൊണ്ടുതന്നെ... ഒട്ടും മനസ്സിലാകുന്നില്ല, അതിലെ നീതി. ഏറ്റവും കൂടിയാൽ അവനെ നിയമത്തിന്റെ കൈയിൽ ഏല്പിച്ചുകൊടുക്കാമായിരുന്നു. തിന്മയെ തിന്മ കൊണ്ടുതന്നെ നേരിടുന്ന ഹിംസയുടെ ഒരു ചവർപ്പ് !

ഏക തത്ത്വയിലെ എല്ലാ സൃഷ്ടികളും കൂടുതൽ കൂടുതൽ സൃഷ്ടിപരമായിരിയ്ക്കട്ടെ ! ആശംസകൾ.

അലക്സാണ്ടർ മുട്ടത്തുപാടം
9447868255

ശ്രീ. മുരളീ ജി,

ഏക തത്ത്വ അതിന്റെ എല്ലാ പ്രൗഢിയോടും മുന്നോട്ടുപോകുന്നു. എനിക്ക് പറയാനുള്ളത് കാലോചിതമായ മാറ്റം വരുത്തിക്കൊണ്ട് വളരെ ശ്ലാഘനീയമായിത്തന്നെ തുടരുന്നു. ഭാവുകങ്ങൾ നേരുന്നു !

ഏക തത്ത്വയിലെ ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ സൃഷ്ടികൾ, ശ്രീ. എം. എം. മേനോൻ സാറിന്റെ ഐതിഹ്യ/പുരാണ കഥകളുടെ പ്രാധാന്യം, വി. കെ. എം. നായരുടെ ഭാരതീയം, വിശ്വാസികളും വ്യക്തി ദൈവങ്ങളും, നാരായൺ സാറിന്റെ അന്നും ഇന്നും, ആനന്ദ് സാറിന്റെ ജാതിബീജം, ശ്രീ. പ്രമോദ് മഞ്ചേരിയുടെ ലേഖനം, ഡോ. ഒ. സി. പ്രമോദിന്റെ മിലിട്ടറി പോലീസ് എന്നീ ഡിപ്പാർട്ടുമെന്റിന്റെ വിശദീകരണങ്ങൾ, ശ്രീ. രാജേന്ദ്രന്റെ ക്ഷണപ്രഭം എന്നീ ലേഖനങ്ങൾ വളരെ നല്ല നിലവാരം പുലർത്തുന്നതായി എനിക്ക് തോന്നുന്നു.

കൂടാതെ ഡോ. രാമകൃഷ്ണൻ സാറിന്റെ ഹോമിയോ ചികിത്സാരംഗത്തെ മൂല്യാധിഷ്ഠിതമായ കാര്യങ്ങൾ. ഡോ. സുനീത് മാത്യുവിന്റെ ലേഖനം.

ശ്രീ. സുരേഷ് സാറിന്റെ രസം പകരുന്ന മിനികഥകൾ, ശ്രീ. ഉണ്ണികൃഷ്ണൻ സാറിന്റെ ചൂല് എന്നീ കഥകളും യുവജന കവിതാ രചയിതാക്കളായ ശ്രീ. ഉണ്ണി വിശ്വനാഥ്, ശ്രീമതി. തുളസിയുടെ കവിത, രാജീവ് മാമ്പുള്ളിയെ പെണ്ണിര, മംഗളൻ തെയ്ക്കലിന്റെ കവിതയും വളരെ നന്നായിട്ടുണ്ട്. ശ്രീ. മുഹമ്മദ് കനിയുടെ ആത്മീയ പരിജ്ഞാന തല്പരത, ശ്രീ. സൈനുദീൻ സാറിന്റെ പുതുച്ചൊല്ലുകൾ എന്നിവയും.

അല്പം അടുക്കള കാര്യം ശ്രീമതി. ജയാ ചന്ദ്രന്റെ പാചകം നല്ല രീതിയിൽ പോകുന്നു. ഒരു കപ്പ് ചുണ്ടങ്ങ പുളിയ്ക്ക് 2 വലിയ സ്പൂൺ മല്ലിപ്പൊടി ആവശ്യമുണ്ടോ ജയേ ? ജയയുടെ എരിശ്ശേരിയും വളരെ സ്വാദിഷ്ഠം തന്നെ. അതിൽ അല്പം വെള്ളപ്പയറും കറിവേപ്പിലയും കൂടി വേണ്ടേ ?

എം. എൽ. ശ്യാമള
8301045039

ചിന്തിപ്പിക്കുന്ന ലേഖനം
ഏക തത്ത്വ - സെപ്തംബർ ലക്കം

പ്രൊഫ. കെ. ശശികുമാറിന്റെ ലേഖനം സമർപ്പണം - ഏറെ ചിന്തിപ്പിക്കുന്ന ഒന്ന്. ലേഖനം വായിക്കുവാനുള്ള ക്ഷമ വായനക്കാരനുണ്ടെങ്കിൽ അതയാളിൽ ഗുണപ്പെടും. ഇന്ന് ലേഖനങ്ങൾ എത്ര പേർ വായിക്കുന്നു എന്നാർക്കറിയാം. ഗീതാഞ്ജലിയിലെ കവിതാസാരം അദ്ദേഹം പറഞ്ഞിട്ട് കുറിച്ച വരികൾക്കാണ് പ്രസക്തി - 'നമ്മെ മാത്രം മുന്നിൽ കാണുന്ന ചിന്തകൾ തന്നെ നമ്മിലുള്ളത്. ഒരു നെൽമണിക്കുപകരം സ്വർണ്ണമണി കിട്ടിയപ്പോൾ കഷ്ടായി. കൂടുതൽ നെൽമണി കൊടുത്തിരുന്നെങ്കിലെന്ന ചിന്തയാണ് നമ്മെ ഭരിക്കുന്നത്: വഴിയരികിൽ ഉപജീവനത്തിനായി കച്ചവടം ചെയ്തുവരുന്ന സാധുവിനെ പറ്റിക്കാൻ നമുക്ക് ഉത്സാഹം തോന്നും. പലപ്പോഴും കടയിൽ നിന്ന് പറയുന്ന പണം എണ്ണിക്കൊടുത്ത് പച്ചക്കറി വാങ്ങുന്നവർ ഫുട്പാത്തിലെ നിരാലംബനായ കർഷകനോട് പച്ചക്കറിക്ക് വില പേശുന്ന കാഴ്ച കാണാനാവും. ആർത്തിയാണിന്ന്. നല്ലൊരു തുക ശമ്പളം വാങ്ങി പെൻഷനായി നല്ലൊരു തുക കൈപ്പറ്റുന്ന ചിലർ പിശുക്കി പിശുക്കി ഒടുക്കം മക്കളുടെ അടിമയായി അവസാനകാലം ഒരു രൂപ പോലും ചെലവഴിക്കാനാവാതെ കണ്ണീരൊഴുക്കി മരിക്കും. ഇതാണ് മനുഷ്യൻ. സത്യം, നല്ലൊരു ലേഖനം. ആശംസകൾ.

ടി. വി. ഹരികുമാർ
9446118387

ആഗസ്റ്റ് ലക്കം ഏക തത്ത്വ വായിച്ചു. ജാടയില്ലാത്ത എന്നാൽ മുനയുള്ള എഡിറ്റോറിയൽ. നീണ്ടതാണെങ്കിലും ചിന്തിപ്പിക്കുന്നത്. ഓൺലൈൻ വായന പുസ്തക വായനയുടെ സുഖം തരില്ലെങ്കിലും ഇപ്പോൾ വിദേശത്തായതിനാൽ ഇ-ബുക്കായാണ് വായിച്ചത്. എല്ലാ രചനകളും മികച്ചത്. 'സാക്ഷാൽ ഹർഷപുരം, മൈക്ക് കയ്യിൽ കിട്ടിയാൽ വാക്കുകളാൽ ആളെ കൊല്ലുന്ന ചില പ്രാസംഗികരുടെ രൂപം എടുത്ത് കാട്ടി. സുരേഷ് തെക്കീട്ടിലിന്റെ എയ്ത്ത്കാരനും എഴുത്ത് കാരനും തമ്മിലുള്ള ആശയവിനിമയം രസകരമായി. 'തിരിച്ചറിവ്, മനോഹര പ്രണയ കവിത.' ഒന്നും പറയാതെ, എന്ന രചനയിലും സ്നേഹം നിറഞ്ഞ് നിൽക്കുന്നു. ഭൂമി സ്നേഹമയമാകട്ടെ.

റിയാലിറ്റി ഷോകളിലും മറ്റ് പൊതു സ്റ്റേജുകളിലുമെല്ലാം മാപ്പിളപ്പാട്ടിനെ വിരൂപമാക്കുന്നതിനെതിരെയുള്ള എഴുത്താണ് നസീബ്. ആൽബം പാട്ടെന്ന് പറഞ്ഞ് ഇറങ്ങുന്ന ചില മാപ്പിളപ്പാട്ടുകൾ രസം കൊല്ലികളാണ്. പുതിയ തലമുറയിലെ മൂക്ക് കൊണ്ട് പാടുന്ന ചില ഗായകർ ഒരർത്ഥവുമില്ലാത്ത വരികൾ പാടുന്നു. എന്നാൽ കേട്ടാൽ മടുക്കാത്ത മനോഹരമായ മാപ്പിളപ്പാട്ടുകളുണ്ട്. 'വംഗനാടിന്റെ അതിർത്തി കടന്ന്' മനോഹരമായ വായനാനുഭവമായിരുന്നു. ഒരു യാത്ര പോയ ഉണർവ്. ക്ഷണപ്രഭം, വിലയിടിയുന്ന സാഹിത്യം എന്നീ രചനകളും എടുത്ത് പറയേണ്ടതാണ്. നന്ദി.

കമർ അഷ്ക്കർ
97466220571

# അംബാനിയും ഞാനും അലാറവും



പ്രവീൺ പുള്ളോട്
9447509447

**പാ**ലക്കാട് നഗരത്തിൽ താമസം തുടങ്ങിയത് മുതൽ ഉള്ള താണ് കാലത്തുള്ള നടത്തം. എന്നും വ്യത്യസ്തം ആയ വഴികളിലൂടെ ആണ് നടക്കാറുള്ളത്. നഗരത്തിലെ ഇടവഴികൾ പഠിക്കുക എന്ന ഒരുദ്ദേശവും അതിലുണ്ട്. ഇന്നലത്തെ യാത്ര ചന്ദ്രനഗർ ഹൈവേയിലൂടെ ആയിരുന്നു. വഴിയരികിൽ, ഖനി ഹോണ്ട എത്തും മുന്നേ ഉള്ള പാലത്തിനു താഴെ ആയി ഒരു കാർ തലകീഴായി കിടക്കുന്നു.

എനിക്ക് എന്തും കാർ എന്നേ അറിയൂ, മാരുതി 800 ആയാലും ബെൻസ് ആയാലും. അതുകൊണ്ട് ആണ് കാർ എന്ന് പറഞ്ഞത്. ഒന്നു കൂടെ ഇളകിയാൽ താഴ്ത്തേക്കു പോകും എന്ന വിധത്തിൽ ആണ് കാർ കിടന്നിരുന്നത്. ഞാൻ പതിയെ അടുത്ത് ചെന്ന് നോക്കി, ഡ്രൈവർ സീറ്റിൽ ഇരിക്കുന്ന ആൾക്ക് ജീവൻ ഉണ്ട്. എന്നേക്കാൾ തടി ഉണ്ടെങ്കിലും ഒരു വിധത്തിൽ ഞാൻ അയാളെ വലിച്ചു പുറത്തെടുത്തു. അയാൾക്ക് കാര്യമായ പരിക്കൊന്നും ഇല്ല. പക്ഷെ ആളെ പുറത്തെടുത്തതും കാർ താഴ്ത്തേക്കു പോയി. ഒരു നെടുവീർപ്പോടെ അയാൾ അത് നോക്കി നിൽക്കുന്നത് ഞാൻ കണ്ടു.

"തുമരാ നാം ക്യാ ഹേ?"

"പ്രവീൺ"

ഹിന്ദി അറിയില്ല എങ്കിലും ഇത്തരം ചെറിയ ചോദ്യങ്ങൾ മനസ്സിലാക്കാൻ ഉള്ള അറിവൊക്കെ ഉള്ള ആള് തന്നെ ആണ് ഞാൻ. എനിക്ക് ഹിന്ദി അറിയില്ല എന്നു പറഞ്ഞു ബോധ്യപ്പെടുത്തിയെങ്കിലും പണ്ട് പഠിക്കുന്ന കാലത്ത് ഹിന്ദി എഴുതി മേലെ കൂടെ ഇടുന്ന വര നടുവിലൂടെ ആവുന്നതിനാൽ പലപ്പോഴും എഴുതി വെട്ടിയ പോലെ കരുതി മാർക്ക് കുറയുന്ന കഥ ഒന്നും പറഞ്ഞില്ല. ബാക്കി ഉള്ള സംസാരം ഇംഗ്ലീഷിൽ ആയിരുന്നു. ഇവിടെ വായനക്കാർ ആയി സംഘികളും കമ്മികളും ഉള്ളതിനാൽ അതിന്റെ മലയാളം തർജ്ജമ ആണ് കൊടുക്കുന്നത്.

"ആ താഴെ പോയ കാർ അഞ്ചു കോടിയോളം വില വരുന്നത് ആണ്. അതിൽ എനിക്ക് സങ്കടം ഇല്ല. പക്ഷെ അതിൽ എന്റെ മൊബൈൽ പേഴ്സ് കാർഡ്സ് എല്ലാം ഉണ്ടായിരുന്നു. ഇനി ഇവിടുന്നു പോകാൻ എന്നെ സഹായിക്കാമോ?"

"ഞാൻ സർ നു വേണ്ടി എന്താണ് ചെയ്യേണ്ടത്?"

"കാലത്ത് ബ്രേക്ക് ഫാസ്റ്റ് കഴിക്കാൻ ഒരു നൂറു രൂപ വേണം, പിന്നെ കോയമ്പത്തൂർ എന്റെ ഓഫീസിൽ എത്താൻ ഒരു ടാക്സി വിളിച്ചു തരണം."

ഇത്രയും മതിയല്ലോ എന്ന സന്തോഷത്തിൽ ഞാൻ പോക്കറ്റിൽ നിന്നും നൂറു രൂപ എടുത്തു. രാവിലെ നടക്കാൻ ഇറങ്ങാൻ നേരം ഭാര്യ ഉറക്കും ആയിരിക്കും, ആ സമയം ഒരു നൂറു രൂപ എങ്കിലും അവളുടെ പേഴ്സിൽ നിന്ന് അടിച്ചുമാറ്റി നടക്കാൻ ഒരു പ്രത്യേക സുഖം ആണ്. അന്നും അങ്ങനെ എടുത്ത നൂറു രൂപ ആണ് പുള്ളിക്ക് കൊടുത്തത്. ശേഷം ഒരു ടാക്സി പിടിച്ചു അതിൽ കയറ്റി ഇരുത്തി.

"ഈ സഹായം ഞാൻ ഒരിക്കലും മറക്കില്ല. എന്റെ പേര് മുകേഷ്, താങ്കളുടെ നമ്പർ ഒന്നു എഴുതി തന്നാൽ ഞാൻ കോൺടാക്ട് ചെയ്യാം."

ഈ പുലർകാലത്ത് ആരാണ് പേനയും പേപ്പറും എടുത്ത് നടക്കാൻ പോകുക എന്ന് ചോദിക്കാൻ വന്നതാണ്. അന്യ നാട്ടുകാരനെ അപമാനിക്കുന്ന പാരമ്പര്യം പുള്ളോടുകാർക്ക് ഇല്ലാത്തുകൊണ്ട് ഞാൻ പറഞ്ഞു.

"എഴുതേണ്ട കാര്യം ഒന്നും ഇല്ല സർ ഫാൻസി നമ്പർ ആണ് 9447 50 9447"

മുഖത്ത് ഒരു പുഞ്ചിരി വിടർത്തി അയാൾ കൈവീശി യാത്ര

■ കവിത

## ചിതാഗ്നി



തുളസി കേരളശ്ശേരി
9526144499

കർക്കടപ്പെരുക്കങ്ങളനവധി കഴിഞ്ഞിട്ടും
ഇപ്പൊഴും കെടാതെ എരിയുന്നു ചിതയെങ്കിൽ
അത്രമേൽ തണുത്ത ചിന്തയാൽ പൊതിഞ്ഞതാം
സ്വപ്നങ്ങൾ തകർന്നതിൻ ചീളുകളതിലുണ്ടാം
എപ്പൊഴോ കൂട്ടിവച്ച
മോഹക്കതിർക്കുല
നീരോടെ നിന്നതിൽ പെട്ടുപോയതുമാവാം
കത്താതെ എരിയുന്ന കാമനകളത്രയും കുട്ടിത്തം
മാറാതെ കരയുന്നതുമാവാം
പുഞ്ചിരിപ്പൂക്കളാൽ ഒട്ടൊളിപ്പിച്ച ചെറു
സങ്കടമൊട്ടുകൾ
തേങ്ങുന്നതുമാവാം!
എന്തുകൊണ്ട്....!!!!??
എന്തുകൊണ്ടെന്നറിവീല ഈ ചിതാഗ്നിയിലിപ്പൊഴും
നീറിപ്പുകയുന്നിതാത്മാക്കൾ...!

യായി. നടത്തം മുടങ്ങിയ വിഷമത്തിൽ ഞാൻ വീടെത്തി ചായ കുടിയും കുളിയും കഴിഞ്ഞു മൊബൈൽ നോക്കിയിരിക്കെ കാൾ വന്നു.

“ഹായ് പ്രവീൺ, ഞാൻ മുകേഷ് അംബാനി. കാലത്ത് നിങ്ങൾ തന്ന നൂറു രൂപ എനിക്ക് അത്രേം വിലപ്പെട്ടത് ആയിരുന്നു. അതുകൊണ്ട് നിങ്ങളുടെ ബാങ്ക് അക്കൗണ്ട് നമ്പർ അയക്കുക ഒരു രണ്ട് കോടി ട്രാൻസ്ഫർ ചെയ്യുന്നുണ്ട്.”

കാലത്ത് ഞാൻ രക്ഷിച്ച ആൾ മുകേഷ് എന്നാണ് പേര് പറഞ്ഞത് എങ്കിലും അത് കാലത്തെ വെപ്രാളത്തിനിടയിൽ അംബാനി ആണ് എന്ന് അറിയാൻ കഴിഞ്ഞില്ല. എന്തായാലും അക്കൗണ്ട് നമ്പർ അയച്ചു കൊടുത്ത് അക്കൗണ്ടിൽ പൈസ വീഴുന്ന മെസ്സേജിന്റെ ശബ്ദം കേൾക്കാൻ കാത്തിരിപ്പായി. കുറച്ചു സമയം കഴിഞ്ഞപ്പോൾ മെസ്സേജിന്റെ സൗണ്ട് അല്ല, കാൾ ആണ് വന്നത്. മുകേഷ് അംബാനി എന്റെ ഫോണിലേക്ക് വീണ്ടും വിളിക്കുക ആവും, ഭാര്യയും അയാളുടെ ശബ്ദം ഒന്നു കേട്ടോട്ടെ എന്ന് കരുതി ഞാൻ അവളോട് പറഞ്ഞു.

“നീ ആ ഫോൺ എടുത്ത് ആരാണ് എന്ന് ചോദിച്ചേ.”

ഫോൺ ബെൽ അടി നിർത്തുന്നില്ല. അടിച്ചുകൊണ്ടേ ഇരിക്കുന്നു. നമ്മൾ ഒക്കെ വല്യ ടീമാണ് എന്ന് ഭാര്യയെ കാണിക്കാൻ കിട്ടിയ അവസരം ആണ് അവൾ തന്നെ നശിപ്പിക്കുന്നത് എന്നോർത്തപ്പോൾ ദേഷ്യം വന്നു.

“എടീ ആ ഫോൺ എടുത്ത് ആരാന്ന് ചോദിക്ക്”

അവളുടെ മറുപടി അതിലും ദേഷ്യത്തിൽ ആയിരുന്നു.

“ഫോൺ അല്ല മനുഷ്യ, അത് അലാറം ആണ്. കാലത്ത് നടക്കാൻ പോകാൻ വേണ്ടി. ഇനി മേലാൽ ഇങ്ങനെ അലാറം വച്ച് ഞങ്ങളെ കൂടെ ശല്യം ചെയ്താൽ ഫോൺ എടുത്ത് കിണ റ്റിൽ ഇടും പറഞ്ഞേക്കാം.”

വാൽകഷണം : പുലർകാല സ്വപ്നം ഫലിക്കും എന്ന് പണ്ടുള്ളവർ പറഞ്ഞുകേട്ടിട്ടുണ്ട്. അതിലാണ് ഇപ്പോൾ പ്രതീക്ഷ.

●

# ഒറ്റശില



ഉണ്ണിവിശ്വനാഥ്
9895555393

**അ**ച്ഛന്റെ സംസാരം ഇഷ്ടപ്പെടാതെ ശങ്കർ പുറത്തിറങ്ങി കാറ് എടുത്ത് റോഡിലേക്ക് പാഞ്ഞു. സൈഡ് മിററിലൂടെ നോക്കുമ്പോൾ അച്ഛൻ ഉമ്മറത്ത് അവനെ നോക്കി നിൽക്കുന്നത് കാണാമായിരുന്നു. ആ കാഴ്ച്ച ദേഷ്യമായി കാറിന്റെ ആക്സിലറേറ്ററിലേക്ക് പതിഞ്ഞു.

തിരക്കു കുറഞ്ഞ റോഡ് ഇടക്കിടെ മാത്രം എതിരെ കണ്ണു ചിമ്മി കാണിച്ച് ചില വാഹനങ്ങൾ കടന്നുപോകുന്നു. അവനാകെ അസ്വസ്ഥനായിരുന്നു, ഫോൺ എടുത്ത് കബീറിനെ വിളിച്ചു .

“ഹലോ ഡാ നീ എവിടെയാ ?”

“ഞാൻ കളി കഴിഞ്ഞ് മൈതാനത്തുണ്ടെടാ.”

“ആരൊക്കെയുണ്ട് ?”

“രഞ്ജിത്ത്, വിനോദ്, ഷാജി, പിന്നെ ഞാനും. നീയെവിടെയാ ?”

“ഞാൻ തന്തയുടെ ഉപദേശം സഹിക്കാതെ കാറുമെടുത്തിറങ്ങിയതാടാ”

“എങ്കിൽ ഇങ്ങ് പോര്”

“Ok ശരിയെടാ.”

ഫോൺ സീറ്റിലേക്കെറിഞ്ഞ് വണ്ടിയുടെ സ്പീഡ് കൂട്ടി. കോളേജിനു മുന്നിലെത്തി ഗേറ്റ് അടച്ചിട്ടിരിക്കുന്നു. സെക്യൂരിറ്റിയെ വിളിച്ചാൽ നൂറുചോദ്യങ്ങളാ. വേണ്ട അവൻ കാറിന്റെ ഹെഡ് ലൈറ്റ് ഡിമ്മാക്കി ഒരു മരത്തിനു ചുവട്ടിലേക്ക് മെല്ലെ ഒതുക്കിയിട്ടു. ഇറങ്ങി മതിലിന്നോരം ചേർന്ന് കോളേജ് ഗ്രൗണ്ടിന്റെ ഭാഗത്തേക്ക് നടന്നു.

മതിലിനു മുകളിലൂടെ എത്തി നോക്കി. ഗ്രൗണ്ടിന് ചുറ്റുമുള്ള ഇലക്ട്രിക്ക് ബൾബുകൾ പ്രകാശം പൊഴിക്കുന്നുണ്ടെങ്കിലും, അത് ഗ്രൗണ്ടിനകവശത്തേക്കു മാത്രം പ്രകാശം നൽകാൻ നിർബന്ധിതരായ പോലെ. ഗ്രൗണ്ടിനു ചുറ്റുമുള്ള പടിക്കെട്ടുകളും വാകമരങ്ങളുമെല്ലാം ഇരുട്ടിലമർന്ന് വെറും കരിനിഴൽ രൂപങ്ങൾ മാത്രം. ഒറ്റ ഒരെണ്ണത്തിനെ കാണാനില്ല .

അവൻ ഫോൺ എടുക്കാനായി പോക്കറ്റിൽ കയ്യിട്ടു. പോക്കറ്റിൽ ഫോണില്ല കാറിൽ നിന്നെടുക്കാൻ മറന്നു. ഇനി തിരിക നടക്കാൻ വയ്യ. അവൻ മതിലിന്നോരം ചേർന്നു നിന്ന ആഞ്ഞിലിമരത്തിന്റെ ഭാഗത്തു കൂടി മെല്ലെ ഗ്രൗണ്ടിനകത്തേക്ക് ചാടി. പടിക്കെട്ടിലൂടെ നടന്നപ്പോൾ ഗോൾ പോസ്റ്റിനടുത്തായി സംസാരത്തിന്റെ ഒച്ച കേൾക്കാൻ തുടങ്ങി. പടിക്കെട്ടിൽ കിടന്ന രഞ്ജിത്ത് ചാടിയെണീറ്റു.

“ടാ അളിയാ എന്നതാടാ പ്രശ്നം നീയീ രാത്രി വീട്ടീന്ന് ചാടണമെങ്കിൽ കാര്യമായിട്ടെന്തെങ്കിലും ഉണ്ടാവും എന്താ അളിയാ കാര്യം.”

“ഒന്നും പറയണ്ടെടാ വീട്ടിൽ കയറിയാൽ എന്നും ഉപദേശമാ. ഏതെങ്കിലും ഒരുത്തൻ കാണും എന്നും എന്നെ നിരീക്ഷിച്ചു കുറ്റങ്ങൾ പറഞ്ഞു കൊടുക്കാൻ. അങ്ങേരാണെങ്കിൽ അത് അപ്പാടെ വിഴുങ്ങി എന്നെ ഉപദേശിക്കലും, വല്ലാത്ത മനസ്സുമുട്ടാ. ഞാനും നിങ്ങളോടൊപ്പം ഹോസ്റ്റലിൽ നിന്നാലെന്താന്നാ ആലോചിക്കുന്നത്.

“വിടെടാ, അവരൊക്കെ ഓൾഡ് ജെനറേഷനല്ലെ. അങ്ങനെയൊക്കെയുണ്ടാവും. നമ്മുടെയൊക്കെ ഫീലിംഗ്സ് തിരിച്ചറിയാൻ കഴിഞ്ഞെന്നു വരില്ല.”

“ടാ നീ ഇന്ന് ഇവിടെ തങ്ങുന്നോ അതോ മടങ്ങുമോ ?”

“ഇല്ല വിനോദേ മടങ്ങണമെടാ. അമ്മ കാത്തിരിക്കും. അമ്മയാണ് ഏക ആശ്വാസം. എന്നെ നല്ല സ്നേഹമാ, വഴക്കൊന്നും പറയില്ല നല്ല കെയറാ.”

“എങ്കിൽ വാ റൂമിൽ പോകാം.”

റൂമിലെത്തിയതും ഷാജി അലമാര തുറന്ന് ഒരു ഫുൾ ബോട്ടിൽ റം എടുത്ത് മേശപ്പുറത്ത് വെച്ചു. ശങ്കർ സന്തോഷത്തോടെ എടുത്ത് അതിലൊരുമ്മവെച്ചു.

“ഞാനിന്നലെ ഒരു ബിയർ കുടിച്ചതിനായിരുന്നു തന്തേടെ വക ഉപദേശവും,പിന്നെ ഒരു സ്ഥിരം പറച്ചിലുണ്ട് നീ കുടിക്കുമ്പോൾ എന്റെ കരളാടാ തകരുന്നതെന്നൊരു സെന്റി ഡൈലോഗും. സഹിക്കാൻ പറ്റില്ലളിയാ, അമ്മാതിരി പ്രകടനമാ.”

അവൻ ഉച്ചിയിൽ കെട്ടിവെച്ചിരുന്ന ചകിരിക്കെട്ടിന്റ വളയം വലിച്ചൂരി. അത് സ്പ്രിംഗ് ചാടും പോലെ മുന്നിലേക്കും പിന്നിലേക്കും ചാടി ചാഞ്ചാടി ശബ്ദമില്ലാത്തൊരു താളത്തിലങ്ങനെ നിന്നു. നാലുപേരും കൂടി കുപ്പിപൊട്ടിച്ച് മുഴുവൻ വിഴുങ്ങി. കുഴഞ്ഞ നാക്കോടവൻ പറഞ്ഞു “കബീറേ പെട്ടിക്കട നടത്തുന്ന കണ്ണനാണ് തന്തക്ക് ഞാൻ ഇന്നലെ ബിയർ കഴിച്ചത് ഓതിക്കൊടുത്തത്. ഇന്നലെ പാർട്ടി കഴിഞ്ഞ് പോകും വഴിക്ക് ഞാനവന്റെ കടയിൽ കയറി രണ്ടു വിക്സ് മിഠായി വാങ്ങിച്ചായിരുന്നു. അപ്പോൾ ആ നാറിയുടെ വകയൊരു കമന്റ് നല്ല ഫോമിലാണല്ലോ ശങ്കറേന്ന്. നിന്റെ അപ്പന്റെ കാശിനാണോടാ ഞാൻ ഫോമിലായതെന്ന് അപ്പോൾ ചോദിക്കണമെന്നുണ്ടായിരുന്നു, പക്ഷേ ഞാൻ വിട്ടു. അവനിതും കൂട്ടി പലതവണയായി എന്നെ ഒറ്റുന്നുണ്ട്. വീട്ടിൽ ചെല്ലുമ്പോൾ പറമ്പിൽ കല്ല് നാട്ടിയതുപോലെ മുറിക്കയ്യൻ ബനിയനുമിട്ട് ഉമ്മറത്ത് നിൽപ്പുണ്ടാവും ഉപദേശി. കഷ്ടം, മക്കൾക്ക് ഒരു സ്വാതന്ത്ര്യവും നൽകാത്തൊരു തന്ത. ഓക്കേ ഗുഡ് നൈറ്റ്.”

അവരിൽ ആരൊക്കെയോ കൈ ഉയർത്തുകയും ഗുഡ് ഇല്ലെങ്കിലും നൈറ്റിട്ടു ചരിയുകയും ചെയ്തു.

അവൻ വേച്ച് വേച്ച് ഗേറ്റിനടുത്തെത്തി. വല്ല വിധേനയും ചാടി പുറത്തെത്തി. കാർ മരത്തിന്റെ ചുവട്ടിൽ മത്തുപുതച്ച് കിടക്കുന്നു. ഡോർ തുറന്ന് പലവട്ടം പരതി താക്കോൽ പഴുത് കണ്ടെത്തി വണ്ടി സ്റ്റാർട്ടാക്കി. ഗിയർ ഓരോന്നായി പിഴുതിട്ട് തെരുവിലൂടെ പാഞ്ഞു. വീടെത്തി ഗേറ്റ് തുറന്ന് കിടക്കുന്നു അനായാസം കാർപോർച്ചിലെത്തിച്ചു. കോളിംഗ് ബെല്ലിൽ ഒരു തവണ വിരൽ തൊട്ടപ്പോൾ തന്നെ അമ്മ വന്ന് കതകു തുറന്നു. അവൻ തപ്പി തടഞ്ഞ് മുകളിലേക്കുള്ള സ്റ്റെപ്പുകൾ പിച്ച വെച്ച് മുറിയിലേക്ക് മറഞ്ഞു. കണ്ണു തുറന്നപ്പോൾ മുറിയിൽ നല്ല പ്രകാശം. ജനൽ ഗ്ലാസുകളെ വേദനിപ്പിക്കാതെ വെയിൽ വെളിച്ചം ഊർന്നിറങ്ങി അവന്റെ മുഖത്ത് ചൂടു പകർന്നിരുന്നു. തിരിഞ്ഞും, മറിഞ്ഞും മെല്ലെ എണീറ്റിരുന്നു. രാത്രിയിലെ ഡ്രെസ്സ് തന്നെയാണ്. കഴിഞ്ഞ രാത്രിയിലെ ഓരോ നിമിഷങ്ങളേയും ഓർത്തെടുക്കാൻ ശ്രമിച്ചു. ഒന്നും ഓർമ്മയിൽ തെളിയുന്നില്ല. എഴുന്നേറ്റ് മുറിയുടെ വാതിൽ കുറ്റിയിട്ടു. ഡ്രസ്സൊക്കെ ഊരിയെറിഞ്ഞ് ബാത്ത് റൂമിലേക്ക് കയറി. പല്ലുതേപ്പും, കുളിയും കഴിഞ്ഞ് പുറത്തിറങ്ങി. മണി പതിനൊന്നര, നടന്നു പഠിക്കുന്നവന്റെ കാൽച്ചുവടുകളോടെ താഴെയെത്തി. ഹാളിൽ ചേച്ചിയും, ഡോക്ടറളിയനും ഉണ്ട്. അമ്മ ഒരു മൂലയിൽ നിൽക്കുന്നു. അച്ഛനെന്ന ഉപദേശിയെ മാത്രം കാണാനില്ല സമാധാനമായി. ചേച്ചിയും അളിയനും എപ്പോൾ വന്നുവെന്ന ചോദ്യം മുഴുമിക്കും മുന്നെ, കൈ വീശിയൊരടി ചെകിടത്തു വീണു. ഡോക്ടറളിയൻ തക്ക സമയത്ത് പിടിച്ചു മാറ്റിയതുകൊണ്ട് അടുത്തത് കിട്ടാതെ രക്ഷപ്പെട്ടു. “നായെ, വയസാംകാലത്ത് അച്ഛനെ നീ പോലീസ് സ്റ്റേഷനിൽ കയറ്റിയല്ലോടാ. എന്തിനാ അമ്മേ ഇങ്ങനെ ഒരുത്തനെ പ്രസവിച്ചത് ?”

അവൾ കരയുകയായിരുന്നു, അമ്മ ഒന്നും മിണ്ടിയില്ല. അവന്റെ മുഖത്ത് പുച്ഛത്തോടൊരു ചിരി ഊറി, ഉപദേശിക്കങ്ങനെ ഒരു പണി കിട്ടി. ഇനി അധികം ഉപദേശവുമായി വരില്ലല്ലോ. എന്താണാവോ സംഭവിച്ചത് ?

അമ്മ മുന്നിലേക്ക് വന്ന് ചോദിച്ചു “എന്തിനാ മകനെ പാവം അച്ഛനെ നീയിങ്ങനെ വേദനിപ്പിക്കുന്നത്.”

“അമ്മയുടെ ഈ കൊഞ്ചലാ ഇവനെ ഇത്രത്തോളം വഷളനും, താന്തോന്നിയുമാക്കിയത്.”

അവൾ ദേഷ്യത്തോടെ ഭർത്താവിനേം വിളിച്ച് പുറത്തിറങ്ങിപ്പോയി. അമ്മ പുറകേ ഓടി. “മോളെ കഴിച്ചിട്ടു പോവാടീ.”

“ഹോസ്പിറ്റലീന്ന് കാര്യമറിഞ്ഞപ്പോൾ ഇറങ്ങി ഓടിയതാ. അവിടെ കുറേ സാധു ജീവനുകൾ നമ്മളെ കാത്തിരിപ്പുണ്ട്. അച്ഛനെ വലിയച്ഛൻ സ്റ്റേഷനീന്ന് ഇറക്കി കൊണ്ടുവരും, ഞങ്ങളോട് അങ്ങോട്ട് ചെല്ലേണ്ട എന്ന് പറഞ്ഞിട്ടുണ്ട്. പിന്നെ വെറുതേ ഇവിടെ നിൽക്കുന്നതിൽ അർത്ഥമില്ലല്ലോ. വൈകുന്നേരം ഇറങ്ങാം അമ്മേ”

അവർ കാർ സ്റ്റാർട്ടാക്കി കടന്നുപോയി. അവൻ മെല്ലെ മുന്നിലേക്ക് വന്നു. പോർച്ചിൽ കിടക്കുന്ന കാറിന്റെ മുൻവശം മോശമില്ലാത്ത രീതിയിൽ വികൃതമായിരിക്കുന്നു. അവൻ തലേ ദിവസത്തെ ചിന്തകളിൽ തിരഞ്ഞു. ഇല്ല ഞാൻ ഒരിടത്തും തട്ടിയില്ല. കാർ കൃത്യമായി പോർച്ചിലിട്ടിട്ടാണല്ലോ വീട്ടിൽ കയറിയത്. പിന്നെങ്ങനെ ഒരു പിടിയും കിട്ടുന്നില്ല.

“എന്താ അമ്മേ എന്താ സംഭവിച്ചേ ?”

“ഓ നിനക്കൊന്നും ഓർമ്മയില്ലല്ലോ? നീ ഒരു വയസ്സിൽ മുട്ടിലിഴയുന്നതിനുശേഷം ഇന്നലെയാ എന്റെ മോൻ രണ്ടാമത് മുട്ടിലിഴഞ്ഞ് സറ്റെപ്പ് കയറി പോകുന്നത് ഞാൻ കണ്ടത്.”

അവന് ദേഷ്യം വന്നു. “അമ്മയും തുടങ്ങിയോ കളിയാക്കലും ഉപദേശവും.”

എന്നും മകനോട് സ്നേഹമായി പെരുമാറിയിരുന്ന ആ അമ്മ അവന്റെ മുഖത്തേക്ക് ആഞ്ഞടിച്ചു. ആ അടി അവൻ ഒട്ടും പ്രതീക്ഷിച്ചിരുന്നില്ല. അവന്റെ കണ്ണുകൾ നിറഞ്ഞൊഴുകി, ചുണ്ടുകൾ വിറച്ചു. അമ്മയുടെ മിഴികളും പെയ്യുന്നുണ്ടായിരുന്നു. വർഷങ്ങൾക്കുശേഷം വീണ്ടും കണ്ണിലുരുണ്ടുകൂടിയ കണ്ണുനീർ സാരിത്തുമ്പിൽ തുടച്ചു കൊണ്ട് പറഞ്ഞു. “നീ എന്താടാ കരുതിയത് ഈ കാണുന്നതൊക്കെ ലോട്ടറിയടിച്ചുണ്ടായതാണെന്നോ? എന്നെയും കൂട്ടി നിന്റെ അച്ഛൻ ഈ നഗരത്തിൽ വരുമ്പോൾ ആകെ ഉണ്ടായിരുന്നത് പത്തു വയസ്സായ ഒരു പെൺകു

ഞ്ഞും, വയറിനുള്ളിൽ നീയും. പിന്നെ കുറേ പഴന്തുണിക്കെട്ടും ദാ ഇതും മാത്രമായിരുന്നു. അതും പറഞ്ഞ് അവർ നേർത്തൊരു താലിമാല ഉയർത്തി കാട്ടി. ഇന്ന് പത്തോ പതിനഞ്ചോ പവന്റെ വാങ്ങിത്തരാൻ അദ്ദേഹത്തിനു കഴിയും, പല തവണ പറഞ്ഞിട്ടുമുണ്ട്. പക്ഷേ ഞാൻ സമ്മതിച്ചിട്ടില്ല കാരണം, ഇല്ലായ്മയിലും ദുരിതത്തിലും അദ്ദേഹം അണിയിച്ച ഈ താലിമാല പണയം വെക്കാനോ, വിൽക്കാനോ ഇടവരുത്താതെ അദ്ദേഹം കാത്തതാ. അത്ര ആരാധനയോടെയാ ഞാനിതിനെ കാണുന്നത്. പിന്നെ വാടക വീട്ടിൽ നിന്നും വാടക വീടുകളിലേക്ക് ദുരിതങ്ങളുടെ ഘോഷയാത്രയായിരുന്നു. അതിനിടക്കാ നിന്നെ പ്രസവിച്ചത്. അതും ഒരു രോഗിയായിട്ട്. നിനക്കോർമ്മയുണ്ടോ പത്താം ക്ലാസിൽ പഠിക്കുമ്പോൾ ഒരു ദിവസം നീ സ്കൂളിൽ തല കറങ്ങി വീണത്. അന്ന് നിനക്കൊരു സർജറിയും നടത്തിയിരുന്നു. നിന്റെ ചേച്ചീടെ കെട്ടിയോനാ അന്നത് ചെയ്തത്. ഓർമ്മയുണ്ടോ അതെന്തായിരുന്നെന്ന് നീ ഇതുവരെ ചോദിച്ചിട്ടുണ്ടോ ? ഞങ്ങൾ നിന്നെ അറിയിച്ചിട്ടുണ്ടോ ? എന്റെയും, അദ്ദേഹത്തിന്റെയും പാരമ്പര്യമായി കിട്ടിയ സ്വത്തു മുഴുവൻ വിറ്റിട്ടാ നിന്നെ അത്രടം വരെ എത്തിച്ചത്. നിന്നെ മരണത്തിന് വിട്ടുകൊടുക്കാൻ മനസ്സ് അനുവദിക്കാത്തതിനാൽ മാത്രമാണ് ഒരുറപ്പുമില്ലാതിരുന്നിട്ടും കരൾ ശസ്ത്രക്രിയക്ക് നിന്നെ വിധേയനാക്കിയത്. അന്ന് നീ കിടന്ന റൂമിൽ മറ്റൊരു കട്ടിലിൽ കിടന്ന അച്ഛനെ നീ ഓർക്കുന്നുണ്ടോ? നീ അന്ന് ചോദിച്ചിട്ടുമുണ്ട് അച്ഛനേയും ചേച്ചി ചികിത്സിക്കുന്നുണ്ടല്ലോ എന്താ അമ്മേ അച്ഛനസുഖമെന്ന്. അന്ന് കള്ളത്തരങ്ങൾ പറഞ്ഞ് നിന്നിൽ നിന്ന് അത് മറച്ചുവെച്ചു. അത് അദ്ദേഹം പറഞ്ഞിട്ടാ. ആ അച്ഛന്റെ കരൾ പകുത്തു തന്നാടാ നിന്റെ ജീവൻ നിലനിർത്തിയത്. നീ മൂക്കറ്റം വിഴുങ്ങിക്കോണ്ടു കയറി വരുമ്പോൾ അദ്ദേഹം പറയാറില്ലെ നീ കുടിക്കുമ്പോൾ തകരുന്നത് എന്റെ കരളാണെന്ന്. അതിന്റെ സത്യം മനസ്സിലാക്കാൻ കഴിയാത്ത നീ അദ്ദേഹത്തെ പരിഹസിക്കുന്ന വാക്കുകൾ തൊടുത്തുവിടുമ്പോൾ, അടുക്കളയുടെ ഉള്ളിൽ നിന്ന് തേങ്ങൽ പുറത്ത് കേൾക്കാതിരിക്കാൻ സിംഗിലേക്ക് പാത്രങ്ങൾ വാരിയിട്ടു ശബ്ദമുണ്ടാക്കി വിങ്ങിപ്പൊട്ടുന്ന എന്നെയും നീ കണ്ടിട്ടുണ്ടാവില്ല. ചിലത് സ്വയം തിരിച്ചറിയണം. നീ പരിഹാസത്തോടെയും വെറുപ്പോടെയും മാത്രം കണ്ട നിന്റെ അച്ഛൻ നീ ചെയ്ത പാതകത്തിന്റെ കൂലി വാങ്ങാൻ പോയിരിക്കുവാ. ഇന്നലെ എന്റെ പൊന്നുമോൻ മധു നുകർന്നു സ്വയം മറന്ന് വരും വഴി കണ്ണന്റെ കടയിലേക്ക് കാർ ഇടിച്ചുകയറ്റി ആ പാവത്തിന്റെ വയറ്റിപ്പിഴപ്പ് തകർത്തില്ലെ. ചില ദിവസം തമിഴ്നാട്ടീന്ന് കുലവരുന്നതിറക്കാൻ പോയിവന്ന് വൈകിയാൽ വീട്ടിൽ പോകാതെ അവനാ കടയുടെ മുന്നിലെ ബെഞ്ചിലാ കിടന്നുറങ്ങാറ്, ഭാഗ്യത്തിനിന്നലെ അവൻ വീട്ടിൽ പോയി അല്ലേൽ അവന്റെ കുടുംബം വഴിയാധാരമായേന്നെ. നീ ഇരുമ്പഴിക്കുള്ളിലും. രാവിലെ പോലീസ് വന്നപ്പോൾ അദ്ദേഹം സ്വയം ഏൽക്കുകയായിരുന്നു. കണ്ണാടി എടുക്കാൻ മറന്നു, രാത്രി എതിരേ വന്ന വണ്ടിയുടെ പ്രകാശത്തിൽ കണ്ണു മങ്ങി നിയന്ത്രണം തെറ്റിയതാണെന്ന്. അവർ മെഡിക്കൽ ചെക്കപ്പ് നടത്തി സ്റ്റേഷനിൽ കൊണ്ടുപോയി. ജീവിതത്തിൽ ആ വിഷം കൈ കൊണ്ട് തൊടാത്തതിനാൽ അദ്ദേഹത്തിന്റെ രക്തം മലിനമായിരിക്കില്ല. നിന്നെയാണ് പിടിച്ചതെങ്കിലോ നീ അകത്താ. അത് അറിയാവുന്നതുകൊണ്ടാ അദ്ദേഹം കുറ്റം ഏറ്റത്.

അവൻ നിന്ന നിൽപ്പിൽ മുട്ടുകുത്തി തറയിലിരുന്നു മുഖം പൊത്തി അച്ഛാ എന്നുറക്കെ വിളിച്ചു കരഞ്ഞു. നിലത്തു കിടന്നുരുണ്ടു. അമ്മ അവനെ ഒരു വിധം സമാധാനിപ്പിച്ച് ചേർത്ത് പിടിച്ച് മുറിയിൽ കൊണ്ടു കിടത്തി. അവൻ വാടിയ ചീരത്തണ്ടു പോലെ കുഴഞ്ഞ് കിടന്നു. കരഞ്ഞു കലങ്ങിയ കണ്ണുകളിൽ വെളിച്ചം വീണപ്പോൾ മുറിയിലെ പ്രകാശം നന്നെ കുറഞ്ഞിരിക്കുന്നു. ജനൽചില്ലുകൾക്കുള്ളിൽ കർട്ടൻ സൂര്യനെ വേദനിപ്പിക്കാതെ തടഞ്ഞു നിർത്തിയിരിക്കുന്നു. അവൻ എഴുന്നേറ്റ് മുഖം കഴുകി. വാർദ്ധക്യത്തിന്റെ കാൽവെയ്പ്പുകൾ പോലെ മെല്ലെ പടിക്കെട്ടുകൾ ഇറങ്ങി താഴെയെത്തി. അമ്മ വിളക്കു കൊളുത്താനുള്ള ഒരുക്കത്തിനായി പുറത്തുനിന്നും തുളസിയും കിണ്ടിയിൽ വെള്ളവുമായി അകത്തേക്കു കയറിവന്നു. ഒന്നും സംഭവിക്കാത്ത പോലെ പറഞ്ഞു മോൻ ഉണർന്നോ, അമ്മ വിളക്കു കൊളുത്തിയിട്ട് ചായ തരാട്ടോ. അവന്റെ ചുണ്ടുകൾ അച്ഛൻ എന്ന് മെല്ലെ മന്ത്രിച്ചപ്പോൾ അമ്മ സിറ്റൗട്ടിലേക്ക് വിരൽ ചൂണ്ടി. അവൻ ഹാളിൽ നിന്നും സിറ്റൗട്ടിലേക്കിറങ്ങുമ്പോൾ മുറിക്കൈ ബനിയനുമിട്ട് പടിഞ്ഞാറസ്തമിക്കുന്ന സൂര്യന്റെ ചെഞ്ചോപ്പിലേക്ക് നോക്കി അച്ഛനങ്ങനെ നിൽക്കുകയാണ് .'ഒരു ഒറ്റ ശില പോലെ ഇളക്കമില്ലാതെ' അവൻ പിറകിലൂടെ ചെന്ന് അച്ഛാ എന്നു വിളിച്ച് കെട്ടിപ്പിടിച്ചു. അദ്ദേഹം നെഞ്ചിൽ പതിഞ്ഞ അവന്റെ കൈകളെടുത്ത് അമർത്തിപ്പിടിച്ചു. ആ പിടിത്തത്തിൽ അവനൊരു ജീവിതത്തെ അറിയുകയായിരുന്നു.

കവിത

# പൂർവ്വകാലം

**അജയ് ബാലചന്ദ്രൻ**
**9895659050**




ചെളിമുറ്റമുണ്ടായിരുന്നു കളിക്കോപ്പുമുണ്ടായിരുന്നു
ആയുസ്സിൽ, ബാല്യം എന്നൊന്നുണ്ടായിരുന്നു.

അന്നമുണ്ടായിരുന്നു പഞ്ഞവുമുണ്ടായിരുന്നു
മനസ്സിൽ, ശാന്തി എന്നൊന്നുണ്ടായിരുന്നു.

ഉറ്റവരുണ്ടായിരുന്നു ഉടയവരുമുണ്ടായിരുന്നു
വീട്ടിൽ, സുരക്ഷിതത്വം എന്നൊന്നുണ്ടായിരുന്നു.

കനൽവെയിലുണ്ടായിരുന്നു അടമഴയുമുണ്ടായിരുന്നു
ഭൂവിൽ, സന്തുലിതാവസ്ഥ എന്നൊന്നുണ്ടായിരുന്നു.

# മാനസിക രോഗലക്ഷണങ്ങളിൽ കണ്ടുവരുന്ന ചില പ്രത്യേകതകൾ



ഡോ. സി. രാമകൃഷ്ണൻ
9447358663

സമീപ കാലത്ത് നമ്മുടെ ഇടയിൽ പലവിധ പ്രശ്നങ്ങൾ നിമിത്തം മാനസിക രോഗികളാവുന്ന സ്ഥിതി വിശേഷത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഇത് അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്തുവരുന്നു. ഇതിന്നുള്ള പല കാരണങ്ങളിൽ പ്രധാനമായവ, കുടുംബ പ്രശ്നങ്ങൾ, പ്രേമനൈരാശ്യം, കടബാധ്യത, ആരോഗ്യപ്രശ്നങ്ങൾ, വേണ്ടപ്പെട്ടവരുടെ വിയോഗം മൂലം ഉണ്ടാവുന്ന മനോവിഷമം, അമിതമായ ഉൽക്കണ്ഠ, വഞ്ചനയിൽ പെട്ടതുമൂലം ഉണ്ടാവുന്ന മാനസിക സംഘർഷം എന്നിവയാണ്. സാധാരണ കണ്ടുവരാറുള്ള മനോരോഗങ്ങളിൽ നിന്ന് വ്യത്യസ്തമായ ചില പ്രത്യേക തരം രോഗ ലക്ഷണങ്ങൾ കാണപ്പെടാറുണ്ട്. ഇവക്കെല്ലാം പ്രത്യേക തരം ഹോമിയോ മരുന്നുകളും ലഭ്യമാണ്.

**പ്രത്യേകതരം രോഗലക്ഷണങ്ങൾ :**

1. സഭാകമ്പം (Stage fright) - ഈ രോഗലക്ഷണം കുട്ടികളിലും മുതിർന്നവരിലും സാധാരണ കണ്ടുവരുന്നു. കുട്ടികൾക്ക് മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുമുമ്പായി കാണുന്ന മനോവിഷമം, അതുപോലെത്തന്നെ ജോലികൾ ലഭിക്കുന്നതിന്ന് മുന്നോടിയായിട്ടുള്ള അഭിമുഖങ്ങൾ, പരീക്ഷകൾ എന്നിവ നേരിടുന്നതിനെ സംബന്ധിച്ചുള്ള മനപ്രയാസങ്ങൾ, മുതിർന്നവർക്ക് പൊതുവേദിയിൽ പങ്കെടുക്കുന്നതിന്ന് മുമ്പായി കണ്ടുവരുന്ന മനോവിഷമം.

**സ്വപ്നങ്ങളിൽ കാണുന്ന ലക്ഷണങ്ങൾ**

ഉയരത്തിൽ നിന്ന് താഴോട്ടു വീഴുന്ന മാതിരി, ജന്തുക്കളേയും പാമ്പുകളേയും കാണുന്ന മാതിരി, പകൽ ഓർമ്മ വിടുന്ന കാര്യങ്ങൾ സ്വപ്നങ്ങളിൽ പ്രത്യക്ഷമാവുക, മരണത്തേയും മരിച്ചവരേയും, താൻ പറന്നുപോവുന്നതുപോലെ, പേടിപ്പെടുത്തുന്ന രൂപങ്ങൾ ഇവയെല്ലാം മനോരോഗാവസ്ഥയിൽ കാണുന്ന ലക്ഷണങ്ങളാണ്.

**തോന്നലുകൾ**

തന്റെ ശരീരാവയവങ്ങൾ വലുതായി വരുന്നതുപോലെ, താൻ നടന്നുകൊണ്ടിരുന്നില്ലെങ്കിൽ ഹൃദയം നിന്നുപോകും, നേരേ മറിച്ചും ശരീരം ഇളകിയാൽ ഹൃദയം നിന്നുപോകും, തന്റെ കിടക്കയിൽ മറ്റൊരാളുണ്ട്, കിടക്ക താഴ്ന്നുപോകുന്നു, തന്റെ ശരീരം കഷ്ണങ്ങളായി വിഭജിച്ച് ചിന്നിച്ചിതറി കിടക്കുന്നു, തനിക്ക് വിഷം നല്കിയിരിക്കുന്നു, തന്റെ ശരീരം സ്ഫടികത്താലോ മരത്താലോ നിർമ്മിക്കപ്പെട്ടതാണ്, ശരീരവും ആത്മാവും വേർപെട്ടിരിക്കുന്നു, ഏതോ ജീവി തന്റെ ഉദരത്തിലുണ്ട്, തനിക്ക് ഗർഭമുണ്ട്, താൻ ഒരു അമാനുഷികനാണ് എന്നീ തോന്നലുകൾ രോഗിക്ക് ഉണ്ടാവുന്നു.

**പ്രേരണകൾ**

ക്രൂരമായി പെരുമാറാൻ, ആത്മഹത്യക്ക്, നശിപ്പിക്കൽ, അശ്ലീലതക്ക്, വൃത്തിഹീനതയ്ക്ക്, ശകാരിക്കാൻ, ശപിക്കാൻ, ആഹാരത്തിനോട് അമിതമായ ആർത്തി, മുഴുവൻ സമയവും പ്രാർത്ഥിച്ചുകൊണ്ടിരിക്കൽ, പാട്ടുപാടിക്കൊണ്ടിരിക്കൽ, കോട്ടുവായിടൽ, തന്റെ ഏറ്റവും പ്രിയപ്പെട്ടവരെ ഉപദ്രവിക്കാൻ ഇവകളെല്ലാം രോഗികളുടെ മനോനിലയെ കാണിക്കുന്നു.

**ധാരണകൾ**

തന്റെ മുമ്പിൽ കാണാത്ത വസ്തുവിനെയോ ജീവികളെയോ ഉണ്ടെന്ന ധാരണയിൽ പ്രതികരിക്കുന്ന സ്വഭാവം. ഉദാഹരണമായി താൻ പാതയിൽ കൂടി നടന്നുപോകുമ്പോൾ തന്റെ മുമ്പിൽ വെള്ളം കെട്ടി നിൽക്കുന്നു എന്ന ധാരണയിൽ ആ വെള്ളത്തെ ചാടിക്കടക്കുവാൻ ശ്രമിക്കുന്ന അവസ്ഥ. സ്ഥിരമായി കഞ്ചാവ് ഉപയോഗിക്കുന്നവർക്ക് ഇത്തരത്തിലുള്ള രോഗലക്ഷണങ്ങൾ കാണിക്കാറുണ്ട്.

**ഭയം**

ജനസമൂഹത്തെ കാണുവാൻ ഭയം, ഇരുട്ടിനെ ഭയം, മഴയെ, ഏകാന്തതയെ ഇവയെയെല്ലാം ഭയം.

**ഉൽക്കണ്ഠ**

ചെറിയ രോഗമാണെങ്കിലും ഇത് വലിയ ഒരു മാരക രോഗത്തിലേക്ക് എത്തിക്കുമോ എന്ന ഉൽക്കണ്ഠ. തന്റെ ഭാവിജീവിതം ഇരുൾ നിറഞ്ഞതായിരിക്കും എന്നുള്ള ഉൽക്കണ്ഠ.

മനോരോഗികളിൽ കാണപ്പെടാവുന്ന പ്രത്യേക രോഗലക്ഷണങ്ങളിൽ ചിലതാണ് മേൽ പ്രസ്താവിച്ചിട്ടുള്ളത്. ഇവക്കെല്ലാം പ്രത്യേക മരുന്നുകൾ ഹോമിയോപതിയിൽ ഉണ്ടെന്നുള്ളത് അധികമാരും അറിഞ്ഞിരിക്കാൻ ഇടയില്ല. ഹോമിയോ ചികിത്സയിൽ മുൻതൂക്കം നല്കുന്നത് മാനസിക ലക്ഷണങ്ങൾക്കാണ്. ഇത് മറ്റു ചികിത്സാസംവിധാനങ്ങളിൽ നിന്ന് വേറിട്ടു നിൽക്കുന്നു. മനോരോഗികൾക്ക് ഫലപ്രദമായ ഹോമിയോ ചികിത്സ ലഭ്യമാണെന്നുള്ള യാഥാർത്ഥ്യം മനസ്സിലാക്കാത്തവർ നിരവധി പേരുണ്ട് നമ്മുടെ നാട്ടിൽ. ചികിത്സയെക്കുറിച്ച് അറിവ് ലഭ്യമായാലും ഹോമിയോ ചികിത്സ ഫലപ്രദമാകുമോ എന്നുള്ള സംശയവും വേറിട്ടുനിൽക്കുന്നു. ഇത് ഈ ചികിത്സാസമ്പ്രദായത്തിനെ സംബന്ധിച്ചുള്ള ബോധവൽക്കരണത്തിന്റെ പോരായ്മയാണ്. ഇത് പരിഹരിക്കേണ്ടത് സർക്കാരും, പ്രസ്തുത ചികിത്സാസംവിധാനത്തിന്റെ ആധികാരികളുമാണ്. ഒരു വ്യക്തി മനോരോഗിയായിത്തീരുന്നത് അതികഠിനവും

അനിയന്ത്രിതവുമായ മനഃപ്രയാസം മൂലമാണ്. ഈ മനഃപ്രയാസങ്ങൾക്കുള്ള കാരണങ്ങൾ കുടുംബ കാര്യങ്ങൾ, സാമ്പത്തിക കാരണങ്ങൾ, ആരോഗ്യപരമായ കാരണങ്ങൾ എന്നിവ മൂലമായിരിക്കാം. പ്രസ്തുത പ്രശ്നങ്ങൾക്ക് ഫലവത്തായ പരിഹാരമാർഗ്ഗങ്ങൾ പരാജയപ്പെടുമ്പോഴായിരിക്കും രോഗാവസ്ഥയിലേക്ക് പ്രവേശിക്കുക. ഹോമിയോ ചികിത്സയുടെ ആരംഭം തന്നെ പ്രസ്തുത പ്രശ്നങ്ങളെ സംബന്ധിച്ചുള്ള വിശകലനം നടത്തിയിട്ടായിരിക്കും. ഇത് ഈ ചികിത്സാ രീതിയുടെ ഒരു പ്രത്യേകതയാണ്. ഇതിൽ ചികിത്സയുടെ വിജയസാദ്ധ്യത വളരെ ഏറെയാണ്. മാത്രമല്ല യാതൊരു പാർശ്വഫലങ്ങളും ഉണ്ടാവുന്നില്ല എന്നുള്ളത് ഈ ചികിത്സാസമ്പ്രദായത്തിന്റെ വേറൊരു പ്രത്യേകതയും കൂടിയാണ്.

■ കഥ

# നിങ്ങളറിയുമോ വിരൂപേട്ടനെ...



ടി. വി. ഹരികുമാർ
9446118387

**നി**ങ്ങൾ വിരൂപേട്ടനെ കണ്ടിട്ടുണ്ടോ ? കാണാനിടയില്ല. വിരൂപാക്ഷൻ എന്നാണ് മുഴുവൻ പേര്. എന്നുവച്ചാൽ ശിവൻ. പക്ഷെ വിളിക്കാനുള്ള സുഖം കൊണ്ട് എല്ലാവരും വിരൂപാ, വിരൂപേട്ടാ എന്നൊക്കെയങ്ങ് വിളിച്ചു. ഒടുക്കം കാണാൻ വലിയ കുഴപ്പമില്ലാത്ത ആളായിരുന്നിട്ടുകൂടി വിരൂപേട്ടനായി മാറി. മുൻ നിരയിൽ മൂന്നു പല്ലില്ല എന്നൊരു കുറവുണ്ട്. പല്ലില്ലാത്ത മോണ കാട്ടി ഒരു ചിരിയുണ്ട്. പ്രഭാതത്തിൽ കുളിച്ച് കുറിതൊട്ട് നാട്ടിലെ അറിയപ്പെടുന്ന ശിവക്ഷേത്രത്തിനു മുന്നിൽ വിരൂപേട്ടനുണ്ട്. പേരുതന്നെ വിരൂപാക്ഷനെന്നല്ലെ. അപ്പോൾ പിന്നെ ഭജിക്കേണ്ടത് ശിവനെത്തന്നെയാവണം. കയ്യിൽ കൂവളത്തിലയോ, തുളസിമാലയോ കാണും. നാട്ടിലെ കൂവളം നിൽക്കുന്ന വീടുകളൊക്കെ വിരൂപേട്ടന് പരിചിതമാണ്. നീളമുള്ള ഒരു തോട്ടിയും അതിനറ്റത്ത് ഒരു ചെറിയ അരിവാളും. ഇതാണ് പണിയായുധം. അരമണിക്കൂർ കൊണ്ട് പത്തു കൂവളമാല കെട്ടാനുള്ള കൂവളത്തില റെഡി. ക്ഷേത്രസംബന്ധിയായി നടന്ന് കിട്ടുന്നതാണ് ഉപജീവനത്തിന്, ഭാര്യയും വിരൂപേട്ടനും മാത്രം. മകൾ ലക്ഷ്മി എട്ടാം ക്ലാസ്സിൽ പഠിക്കുമ്പോൾ പനി വന്ന് മരിച്ചുപോയി. അൻപതാം വയസ്സിൽ ജനിച്ച മകളാണ് ലക്ഷ്മി. കുട്ടികളില്ലാതിരുന്നതിന്റെ സങ്കടം ശിവനുമുന്നിൽ നിരത്തി സഹികെട്ടപ്പോൾ ശിവൻ നൽകിയ സന്താനം. അങ്ങനെയാണ് വിരൂപേട്ടൻ പറയുക. ശിവാനി എന്നായിരുന്നു സ്കൂളിലെ പേര്. വീട്ടിൽ ലക്ഷ്മിയെന്നും. പനിയ്ക്ക് നാട്ടുമരുന്ന് നല്കിയിരുന്നു. പക്ഷെ പനി ലക്ഷ്മിയെ കൊണ്ടുപൊയ്ക്കളഞ്ഞു. അതിൽപ്പിന്നെ വിരൂപേട്ടൻ ചിരിക്കാറില്ല. ക്ഷേത്രത്തിൽ നിന്ന് മടങ്ങുമ്പോൾ മിക്കവാറും അന്തിത്തിരി അണഞ്ഞശേഷമാവും മടക്കം. നട നേരേ നിന്ന് പദം പറഞ്ഞ് പ്രാർത്ഥിക്കും. രണ്ടു കണ്ണുകളും നിറഞ്ഞൊഴുകും. പുറത്തുവന്ന് ആകാശത്തേക്കുനോക്കി ഒരല്പസമയം നിൽക്കും. പലപ്പോഴും ഇതെന്താ ഇങ്ങനെയെന്ന് ചോദിച്ചാൽ ഒന്നും മിണ്ടാറില്ല.

ഒരിക്കൽ മാത്രം പറഞ്ഞു : “നോക്കൂ ആകാശത്തേക്ക്, കൂടുതൽ പ്രകാശത്തിൽ മിന്നുന്ന ആ നക്ഷത്രം അവളാണ്, ലക്ഷ്മി. നേരത്തേ പോയി നിൽക്കയാ കുറുമ്പി...” വല്ലാത്ത ആവേശത്തിൽ വിരൂപേട്ടൻ പറയുമ്പോൾ കണ്ണുനീർ ചാലിട്ടൊഴുകിയിരുന്നു. പിന്നെ ആവേശത്തിലൊരു നടപ്പാണ്. നാട്ടിൻപുറത്തെ മരണ വീടുകളിൽ കർമ്മി കുറിച്ചുകൊടുക്കുന്ന പൂജാകർമ്മത്തിനുള്ള ഒരുക്കുകൾ വിരൂപേട്ടനെത്തിച്ചുകൊടുക്കും. നാട്ടിൽ എവിടെയൊക്കെ, ഏതൊക്കെ ചെടി നിൽപ്പുണ്ടെന്ന് കൃത്യമായി വിരൂപേട്ടനറിയാം. ദക്ഷിണയായി എന്തെങ്കിലും കൊടുത്താ മതി. മരണാനന്തരം കർമ്മത്തിനുള്ള പൂജാ ഒരുക്കുകൾ വീട്ടിലെത്തും. വളരെ നാളുകൾ ഞാൻ നാട്ടിലില്ലായിരുന്നു. പിന്നീട് വന്നപ്പോൾ ശിവദർശനത്തിനെത്തിയതാണ്. അപ്പോഴാണ് നിലത്തിഴഞ്ഞ് എന്ന രീതിയിലൊരാൾ പോകുന്നത്. ആരാണെന്ന് നോക്കിയപ്പോൾ വിരൂപേട്ടൻ ! അടുത്തെത്തി പ്രായം വളരെയേറെയായ പോലെ. കുഴിയിലാണ്ട കണ്ണുകൾ..

“വിരൂപേട്ടാ ഇതെന്താ ഇങ്ങനെ ?” കിതപ്പോടെ പറഞ്ഞു “ആറുമാസമായി, രണ്ടു കുട്ടികൾ സ്കൂട്ടറിൽ വന്നിടിച്ചതാ. കാലൊടിഞ്ഞു. പ്ലാസ്റ്ററിട്ടിരുന്നു. തിരിച്ചെത്തി ഒന്നു തിരുമ്മിച്ചതാണ്. പിന്നെ ഞാൻ നടന്നിട്ടില്ല.”

“അപ്പോൾ കേസില്ലെ ?”

“എന്തിന് ?”

“അല്ല ആ സ്കൂട്ടർ ഇടിച്ചിട്ടതല്ലെ ?”

“അതെ, കേസൊന്നുമില്ല. അവരെ പിന്നെ കണ്ടതുമില്ല.”

ഭാര്യ വന്ന് വിരൂപേട്ടനെ താങ്ങി കൊണ്ടുപോവുമ്പോൾ ഞാൻ ചോദിച്ചു: “വയ്യെങ്കിൽ പിന്നെ ക്ഷേത്രത്തിൽ വരണോ ? പ്രാർത്ഥന വീട്ടിലിരുന്നു നടത്തിയാൽ പോരെ...”

കണ്ണുകൾ ഉയർത്തി വിരൂപേട്ടൻ ചോദിച്ചു: “അപ്പോൾ പിന്നെ എന്റെ ലക്ഷ്മിയെ കാണണ്ടേ ? അവൾ ഇവിടെ ശിവന്റെ ക്ഷേത്രത്തിനുമുകളിലെ വരൂ”

ഞാനൊന്നും പറഞ്ഞില്ല... ഇന്നിപ്പോൾ ഇതാ മതിലിലെ പോസ്റ്റർ കണ്ടപ്പോൾ ഇതൊക്കെ വെറുതെ ചിന്തിച്ചുപോയി... വിരൂപാക്ഷൻ 67 വയസ്സ്... സംസ്കാരം ഇന്ന് മൂന്ന് മണിക്ക്...



ശ്രീജ ജയചന്ദ്രൻ
7736145646

# തെരുവ്

**രാ**ത്രി. പുലരുവാൻ അധികം നേരമില്ലെന്ന് തോന്നുന്നു. നിയോൺവിളക്കിന്റെ പ്രകാശത്തിൽ കുളിച്ച്, ധനുവിലെ മഞ്ഞിൻ തണുപ്പിൽ പുതഞ്ഞ് തെരുവ്. ഇതാണ് പൂക്കാരത്തെരുവ്. പകൽ ഇവിടം പൂക്കളുടെ പറുദീസയാണ്. എവിടെയും തിക്കും തിരക്കും, ഇപ്പോൾ ഈ രാത്രിയിൽ ശാന്തം. പൂമണം പോകാൻമടിച്ചെവിടെയൊക്കെയോ, തങ്ങിനിൽപ്പുണ്ട്.


തെരുവ് തണുപ്പണിഞ്ഞ് സുഖസുഷുപ്തിയിലാണ്ടപ്പോഴാണ് അയാളുടെ വരവ്. കമ്പിളിത്തുണി കൊണ്ടുള്ള തലക്കെട്ടും, നരച്ചൊരു മുഴുക്കൈയ്യൻകുപ്പായത്തിനുമേലെ ഒരു കീറിയ കോട്ടും. മുടന്തിമുടന്തി അയാൾ ധൃതിപ്പെട്ടുവന്നത്, തെരുവുവിളക്കിനടുത്തുള്ള പൈപ്പിൻചുവട്ടിലെ പൊട്ടിയ ബക്കറ്റും അതിനടുത്തിരുന്ന നീളൻ ചൂലും, എടുക്കാനായിരുന്നു. അയാൾക്ക് അവിടം പരിചിതമാണെന്ന് തോന്നുന്നു.

അവിടമാകെ പരന്നുചിതറിയ ചപ്പുചവറുകളൊന്ന് നോക്കി അയാൾ നെടുവീർപ്പിട്ടു. പിന്നെ മെല്ലേ, അവിടം വൃത്തിയാക്കാൻ തുടങ്ങി. കടകളുടെ പരിസരവും ഇടവഴികളും തൂത്തുവാരി വൃത്തിയാക്കിയതിനുശേഷം പൈപ്പിൽ നിന്ന്, വെള്ളമെടുത്ത് കൈയ്യും മുഖവും കഴുകി. മാലിന്യക്കൂമ്പാരത്തിനടുത്തു എന്തോ ചികഞ്ഞുകൊണ്ടുനിന്ന, ചാവാലിപ്പട്ടി അയാളെക്കണ്ട് അടുത്ത് വന്ന്, പരിചയഭാവത്തിൽ, സ്നേഹത്തോടെ വാലാട്ടി. അതിന് കുപ്പായക്കീശയിൽനിന്ന് എന്തോ എടുത്തെറിഞ്ഞു കൊടുത്ത് ബാക്കി കൈയ്യിൽത്തടഞ്ഞത് സ്വയം വായിലിട്ടു ചവച്ചുകൊണ്ട്, അയാൾ പറഞ്ഞു. “തിന്ന്... തിന്ന്... ഞാനും നീയും തമ്മിൽ എന്തായിപ്പൊ വ്യത്യാസം?” തന്റെ കാലിന്നടുത്ത് വന്ന് മുട്ടിയുരുമ്മിനിന്ന, പട്ടിയെ സ്നേഹത്തോടെ തലോടുമ്പോൾ അയാൾ തിരിച്ചറിഞ്ഞു. തന്നെ കാർന്നുതിന്ന രോഗം, കൈകളിൽ അവശേഷിച്ച ചില വിരലുകൾമാത്രമാണ് അതിന്റെ കുഞ്ഞിരോമത്തിന്റെ സ്പർശനം അറിയുന്നത്. ബാക്കിയുള്ളത് നിർജ്ജീവമായങ്ങിനെ.

“എനിക്കു പോകാൻ സമയമായി... നാളെ വരാം. നേരംപുലരാറായി. നല്ല തണുപ്പ്... ഇനി ഞാനുമൊന്നുറങ്ങട്ടെ...” കഫം കെട്ടിയ, തൊണ്ടക്കുഴിയിൽ നിന്ന് ഒരു ചുമയ്ക്കൊപ്പം അയാളുടെ വാക്കുകളും പുറത്തേയ്ക്കു ചിതറിത്തെറിച്ചു. അയാളിൽ നിന്നകന്ന്, ചവറ്റുകൂനയിലേയ്ക്ക് തിരിച്ചോടിപ്പോയ ചാവാലിപ്പട്ടിയെ സ്നേഹത്തോടെ ഒന്നുനോക്കി അയാളും തിരിച്ചിറങ്ങി. അയാളുടെ മാളത്തിലേയ്ക്ക്, വീണ്ടും ഇരുട്ടിലേക്ക്. ●



# ഗുണപാഠം




സൈനുദീൻ മുണ്ടക്കയം
9947253006

തണ്ടിലേറി നടപ്പവൻ
ചണ്ട കൂടുവതെന്തിന് ? (വഴക്ക്)
പണ്ടുള്ളോരെ പഴിച്ചിടാ-
ഞണ്ടുപോലെ നടന്നിടാ.
മുണ്ടനാണെന്നാകിലും, (ഉയരം കുറഞ്ഞവൻ)
മണ്ടനാകരുതോർക്കണം;
മുണ്ടുടുത്തു നടക്കണം,
മൊണ്ടികൾക്ക് തുണയാകണം. (ഞൊണ്ടി)
കണ്ടപാടെ എടുക്കൊലാ-
കൊണ്ടപാടെ കൊടുക്കൊലാ;
ഉണ്ടപാടെ കിടക്കൊലാ-
ഇണ്ടലോടെ നടക്കൊലാ. (ദുഃഖം)
കണ്ടാലറിയാതിരിക്കിലോ-
കൊണ്ടാലറിഞ്ഞു നടക്കണം;
ഗണ്ടനാകുമൊരുത്തനെ, (വളരെ വലിയവൻ)
ചണ്ടിയെന്നു നിനച്ചിടാ. (ദുർബ്ബുദ്ധി)
വിണ്ടലത്തു വസിക്കുവാൻ, (സ്വർഗ്ഗം)
വിണ്ടാർ വന്നു തടുത്തിടും; (ശത്രു)
വണ്ടനത്തിനൊരുങ്ങവേ- (പങ്കുവയ്പ്)
വണ്ടകന്നു തുണയേകണം. (വീതംവയ്പുകാരൻ)
ഉണ്ടറുതിയെത്തിയാൽ- (അവസാനം)
ഉണ്ടികയിൽ കൈവച്ചിടാം. (കാണിക്കവഞ്ചി)
ഉണ്ടുറങ്ങി നടക്കുവാൻ
ഉണ്ടുരുട്ടിയുമാകൊലാ. (ധൂർത്തൻ)
ഉണ്ട ചോറിനു നന്ദി വേണമ-
തുണ്ടയിട്ടു നടക്കിലും, (മുങ്ങിക്കുളിക്കുക)
ഈണ്ടി വച്ചതു കളയുവോർ- (സമ്പാദിച്ച)
ആണ്ടിയായി നശിച്ചിടും. (പണ്ടാരം)
അണ്ടനു തുണയാവുകിൽ (തെണ്ടി)
അണ്ട കെട്ട്യാൽ നല്ലത് (വരമ്പ്)
അണ്ടുകെന്നാലോർക്കുക (അടുക്കുക)
ആണ്ടവൻ തുണയേകണം.
വീണ്ടെടുക്കാം നല്ലത്-
പാണ്ടമേറ്റാനിടവരാ; (ഭാണ്ഡം)
‘കണ്ടു’നിന്നാൽ ഗുണമെഴും,
വേണ്ട സുഖവും കൈവരും. ●

# പ്രഭാഷണം

## വാക്കും പ്രവൃത്തിയും



**ജയൻ പുതുമന**
8330086062

**ക്ഷേ**ത്രവും, പ്രഭാഷകന്മാരുമായി കുറേക്കാലം എനിക്ക് ബന്ധങ്ങൾ ഉണ്ടായിട്ടുള്ളതിന്റെ ദർശനത്തിൽ എന്റെ അനുഭവമാണ് ഈ കുറിപ്പ്. ഒരു സർക്കാർ ജോലിയിൽ തുടരുമ്പോൾ ക്ഷേത്രദർശനമോ മറ്റ് പുരാണ പാരായണമോ നടത്തുവാൻ ഇഷ്ടപ്പെടാത്ത കുറച്ചു പേർക്ക് ജോലിയിൽ നിന്ന് വിരമിക്കുമ്പോൾ എന്തെങ്കിലും ചെയ്യാതിരിക്കാൻ പറ്റാത്ത അവസ്ഥ വരും. അവർ അവസാനം പുരാണപാരായണങ്ങളിലേക്ക് കടക്കും. ആദ്യം കർക്കിടകമാസത്തിൽ രാമായണ പാരായണം തുടങ്ങും. പുസ്തകം നോക്കി വായിക്കും. പിന്നീട് ഭാഗവതവും ഗീതയും തുടരുന്നു. ഇവർ സപ്താഹ ആചാര്യന്മാരുമായിത്തീരുന്നു.

എല്ലാ ആചാര്യന്മാരും ഇങ്ങിനെയാണെന്ന് പറയുന്നില്ല. തെറ്റും ശരിയും എല്ലാറ്റിലും ഉണ്ട് എന്ന് മനസ്സിലാക്കുക.

പുസ്തകം മാത്രം വായിച്ചുള്ള അറിവിന് ആദ്ധ്യാത്മീയതയിൽ ഒരു സ്ഥാനവുമില്ല. പോസ്റ്റൽ ട്യൂഷൻ വഴി കഥകളി പഠിയ്ക്കുന്നതുപോലെയാണ്. എല്ലായിടത്തും നിറഞ്ഞിരിക്കുന്നത് ഈശ്വരനാണെന്നും പരമമായ സ്നേഹമാണ് ഈശ്വരനെന്നുമൊക്കെ പുസ്തകം വായിച്ച് പഠിച്ച് പ്രഭാഷണം നടത്തുന്നവരുണ്ട്. ഇങ്ങിനെ പ്രഭാഷണം നടത്തുന്നവർ മുമ്പ് അദ്ധ്യാപകരായിരിക്കും. ക്ലാസ് എടുത്ത പരിചയത്തിന്റെ ബലത്തിൽ പ്രഭാഷണം നടത്തുന്നു. ചെറിയ ചെറിയ കവിതകളും, ചില വാക്ക് കസർത്തുകളും നടത്തുന്നു.

ഇങ്ങിനെ പ്രഭാഷണം നടത്തുന്നവർക്ക് ശ്രോതാക്കൾ എറെയുണ്ടാകും. പക്ഷെ ഒന്നിലും കാമ്പും കഴമ്പും ഉണ്ടാകില്ല. ഭക്ഷണ കാര്യത്തിൽ ചിട്ടയുണ്ടാവില്ല. ഇവർ കഴിക്കുന്നത് സാത്വിക ഭക്ഷണമാവണമെന്നില്ല. എങ്കിലും മറ്റുള്ളവരെ ഉപദേശിക്കാൻ മറക്കില്ല. ജീവിതത്തിൽ ക്രോധമുണ്ടാകരുതെന്നും ക്ഷമാശീലവും ഭക്ഷണകാര്യത്തിൽ ശ്രദ്ധയും ഉണ്ടായിരിക്കണമെന്നും ഇവർ പ്രഭാഷണമദ്ധ്യേ പറയും. കൂടാതെ ചില തമാശകൾ ആനുകാലിക സംഭവങ്ങളോ, സീരിയൽ വിഷയങ്ങളോ എടുത്ത് ഉപമ പറഞ്ഞ് ശ്രോതാക്കളെ ചിരിപ്പിക്കും.

കേൾക്കുന്നവർക്ക് ആത്മീയ പുരാണാദികളിൽ അറിവ് കുറവാണെന്നും പ്രഭാഷകന് അറിവ് കൂടുതലുണ്ടെന്നും തെറ്റിദ്ധരിപ്പിക്കുന്ന തരത്തിലും ചിലർ പ്രസംഗിക്കുന്നു.

വീണ്ടും എഴുതുന്നു. എല്ലാ പ്രഭാഷണക്കാരും ഇത്തരക്കാരാണെന്ന് പറയുന്നില്ല. ചിലർ മാത്രം.

കേൾവിക്കാർക്ക് ആത്മീയതയിൽ പ്രഭാഷകനെക്കാളും അറിവ് കുറവാണെന്ന് തോന്നിപ്പിച്ചാലെ പറയുന്ന ആളിന്റെ മഹത്വത്തെക്കുറിച്ച് കേൾവിക്കാരിൽ മതിപ്പുണ്ടാകു. പക്ഷേ ഇതൊക്കെ വെറും വാചകമടികളാണ്. പ്രഭാഷകനേക്കാൾ കൂടുതൽ അറിവ് കേൾവിക്കാർക്ക് ഉണ്ടായിരിക്കാം. കാരണം കേൾവിക്കാർ പല പ്രഭാഷകരുടെയും വ്യത്യസ്തമായ പ്രഭാഷണങ്ങൾ കേട്ടിരിക്കും. ഈ കാര്യത്തെ കുറിച്ച് പ്രഭാഷകന്മാർ ചിന്തിക്കുന്നില്ല. തെറ്റായ രീതിയിൽ നമ്മുടെ സംസ്കാരത്തേയും പുരാണത്തേയും വിവരണം നടത്തുന്നത് അജ്ഞത കൂടുന്നു.

ചിന്ത, വാക്ക്, പ്രവൃത്തി എന്നിവ ഒരേപോലെ വരുമ്പോഴാണ് ഒരാളിൽ ആത്മീയത പൂർണ്ണതയിലെത്തുന്നത്. ഇത് മൂന്നും ഒരേപോലെ വരിക അത്ര എളുപ്പമല്ല.

ചില പ്രഭാഷകന്മാർ ചിന്തിക്കുന്നത് ഭൗതികസുഖങ്ങളെക്കുറിച്ച് മാത്രമാണ് പ്രഭാഷണം കഴിഞ്ഞാൽ സംഘാടകരുമായി അന്നത്തെ ഭക്ഷണത്തെ പറ്റിയും ദക്ഷിണയായി കൊടുക്കുന്ന രൂപയുടെ ഏറ്റക്കുറച്ചിലുകളെക്കുറിച്ചും കിടക്കാൻ വേണ്ടതുപോലെ ഒരുക്കിയില്ല എ. സി. റൂമും ഇല്ല എന്നൊക്കെയുള്ള കാരണം പറഞ്ഞ് തർക്കിക്കുകയും സംഘാടകരോട് ദേഷ്യപ്പെടുകയും ചെയ്യുന്നു.

പ്രഭാഷണം ഒരു രീതി, സ്വന്തം പ്രവർത്തന രീതി നേരെ വിപരീതവും. കുറഞ്ഞപക്ഷം വാക്കും പ്രവൃത്തിയുമെങ്കിലും ഒരേപോലെ കൊണ്ടുപോകാൻ കഴിയണം. ഇങ്ങിനെ കഴിയാത്തവർ മറ്റുള്ളവരേ ഉപദേശിക്കുന്ന തരത്തിൽ സത്സംഗങ്ങൾ നടത്തിവരുന്നത് അത്ര നന്നല്ല. എല്ലാം മാറട്ടെ, പലതും മാറിവരുന്നതുപോലെ പല മാറ്റങ്ങളും ആത്മീയതയിൽ ഉണ്ടാകട്ടെ.

## അഞ്ച് ഇരട്ടവരിക്കവിതകൾ



**രാജു പാമ്പാടി**
9446318743

1. വരിവരിയായെന്നെ വന്നെതിരേൽക്കുക
കുറുകിയിരിക്കുന്ന കദനപ്പിറാക്കളേ !

2. സത്യമായ് പച്ചവേഷമാടുന്നെത്ര
കത്തിയും കരിയുമിന്നസത്യമായ്.

3. പുഴയായിയെന്നിലൊഴുകുവാനായ് പെരു-
മഴ വന്നു നിൽക്കുന്നീ വറുതിനിലങ്ങളിൽ.

4. കണക്കുമാഷിൻ ജീവിതത്തിലെ വഴി-
ക്കണക്കുകളെല്ലാം പിഴച്ചുപോകുന്നു !

5. പടി കടന്നെത്തും പുലരികൾ പാടുന്ന
തുടി മുഴങ്ങുന്നെൻ ഹൃദയതാളങ്ങളിൽ.



Printed, Published Edited & Owned by E.T. Muralidharan, Printed at S.K Offset Manali, Palakkad
Published From A-9 New Civil Nagar, Behind Civil Station, Palakkad. Pin: 678 001



# ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവരോടൊപ്പം ഒരു പൊന്നോണം

**വെള്ളക്കാരൻ ചള്ള, വാളറ, പാലക്കാട്:** ഗുഡ് സമരിട്ടൻ പബ്ലിക് ചാരിറ്റബിൾ ട്രസ്റ്റ് ആഭിമുഖ്യത്തിൽ 2019 സെപ്റ്റംബർ 8 ഞായറാഴ്ച്ച ഉച്ചയ്ക്ക് 2 മണിക്ക് ഗുഡ് സമരിട്ടൻ വില്ലേജിലെ ഓണാഘോഷ പരിപാടികളുടെയും, സ്വയം ഭക്ഷണ സാധനങ്ങൾ വാങ്ങുന്നതിനും പാകം ചെയ്യുന്നതിനും നിർവ്വാഹമില്ലാത്തവർക്ക് ദിവസം ഒരുനേരം വിശപ്പിന് ആഹാരം നല്കുന്ന പദ്ധതിയായ സുഭിക്ഷം പദ്ധിയുടെയും ഉദ്ഘാടനം ആലത്തൂർ എം. പി. ബഹുമാനപ്പെട്ട കുമാരി. രമ്യ ഹരിദാസ് നിർവ്വഹിച്ചു. സുവിശേഷകൻ ഷാജൻ എം. വർഗ്ഗീസ് സ്വാഗതമരുളി. ശ്രീമതി. ആർ. ലത അദ്ധ്യക്ഷ പ്രസംഗം നടത്തി. ശ്രീ. ഇ. ടി. മുരളീധരനും (ഏകതത്ത്വ മാസിക എഡിറ്റർ) ശ്രീ. ബേബി മാത്യുവും (സെക്രട്ടറി PEM) തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു. തുടർന്ന് കുട്ടികളുടെ ഓണാഘോഷ കലാപരിപാടി നടന്നു.

ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ സാന്ത്വന ഡേ കെയർ സെന്റർ (*ശാരീരിക - മാനസിക ബലഹീനതകൾ അനുഭവിക്കുന്നവർക്ക് വേണ്ടി ഉള്ളത്*), ഗൈഡൻസ് & ഇൻഫർമേഷൻ സെന്റർ (*പരസഹായം കൂടാതെ ജീവിതത്തിൽ മുന്നോട്ടുപോകാൻ കഴിയാത്തവർക്ക് പ്രതിഫലം കൂടാതെ നൽകുന്ന കൈത്താങ്ങ്*), കൗൺസലിംഗ് തുടങ്ങിയവ നടത്തിവരുന്നു.



# ബോധി സാഹിത്യ പുരസ്കാരം സുരേഷ് തെക്കീട്ടിലിന്

**പെരിന്തൽമണ്ണ:** ക്യാപ്റ്റൻ ലക്ഷ്മി സ്മാരക വായനശാലയുടേയും, ബോധി മാസികയുടേയും പ്രഥമ ബോധി സാഹിത്യ പുരസ്കാരം, സംസ്ഥാന ഭക്ഷ്യ കമ്മീഷൻ അംഗം വി. രമേശനിൽ നിന്നും 5- 9-2019 ന് കഥാകൃത്ത് ശ്രീ. സുരേഷ് തെക്കീട്ടിൽ സ്വീകരിച്ചു. ജില്ലാ ലൈബ്രറി കൗൺസിൽ അംഗം ശ്രീ. വി. രാജേന്ദ്രൻ സമീപം.

# ഉത്രാടം നാളിൽ ഒരു ഒരുമപ്പൂക്കളം...

***10-09-2019 ചൊവ്വാഴ്ച രാവിലെ 10 മണി പാലക്കാട് :***

പെരുവെമ്പ് പനംകുറ്റിയിൽ കുട്ടികളുടെ കൂട്ടായ്മയായ റോയൽ കിങ്ങ്സിന്റെ ആഭിമുഖ്യത്തിൽ നടന്ന ഓണാഘോഷങ്ങളുടെ ഭാഗമായി നാട്ടിലെ മുതിർന്ന കർഷകരെ ആദരിച്ചു. ശ്രീ. രാജഗോപാൽ, ശ്രീ. കുട്ടപ്പൻ, ശ്രീമതി. കാർത്ത്യായിനി, ശ്രീ. മാധവൻ, ശ്രീ. മാണിക്കൻ എന്നിവരെയാണു പുതിയ തലമുറ ആദരിച്ചത്. മുരളി എസ്. കുമാറിന്റെ അധ്യക്ഷതയിൽ നടന്ന പരിപാടി ശ്രീ. ഇ. ടി. മുരളീധരൻ ഉദ്ഘാടനം ചെയ്ത് കർഷകരെ ആദരിച്ച് സംസാരിച്ചു. നാട്ടിലെ എല്ലാ കുടുംബങ്ങളും ഒന്നിച്ച് ഒരുമപ്പൂക്കളം എന്ന പേരിൽ ഒരു മാതൃകാപ്പൂക്കളമൊരുക്കി. തുടർന്ന് കലാകായിക പരിപാടികൾ അരങ്ങേറി.





Published on 15/09/2019, RNI No.KERMAL/2010/35818, REGISTERED, EKA Thathwa Monthly, Vol 9, Issue 11, October 2019, Rs15/-
Postal Regn No. KL/PGT/032/2017-2019, Licence to Post without Pre-payment No. KL/PMG/NR/WPP/9-6/PKD/2017-2019

